Aikyadeepam

ജൂലൈ 2016

# ഐക്യദീപം

Since 1976 വില ₹ 10



## കാരുണ്യത്തിന്റെ അന്തർധാര

## മലങ്കര കത്തോലിക്കാസഭയും വികസന കാഴ്ച്ചപ്പാടും

## സാമ്പത്തിക സാക്ഷരത അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

## സുസ്ഥിരവികസന മാതൃകയുമായി ബോധന ചരിത്രവഴികളിൽ

ഒരു സ്വപ്നം സഫലമാകുന്നു...

# BODHANA COMPLEX

Kadammanitta Road,, Petta, Pathanamthitta-689 645




CHILD LINE 1098 NIGHT & DAY

**CHILDLINE PATHANAMTHITTA DISTRICT OFFICE**




**HONEY MART**

**COMMERCIAL AREA FOR RENT**

SOCIAL TRANSFORMATION THROUGH PARTICIPATION & EMPOWERMENT

ദൈവത്തിനു നന്ദി...

പിന്തുണയും പ്രോത്സാഹനവും തന്ന
എല്ലാവരോടും നന്ദിയും സ്നേഹവും....



# editorial

## എഡിറ്റോറിയൽ

സംതൃപ്തിയിൽനിന്നാണ് പുഞ്ചിരി വിടരുന്നത്; പങ്കുവയ്ക്കൽ മനസ്സിന്റെ സമൃദ്ധിയിൽനിന്നും.

വീണുപോയവന്റെ നേരെ കരം നീട്ടുന്നതും തളർന്നു വീണവനെ താങ്ങിയെഴുന്നേല്പിക്കുന്നതും ദൈവികമായ മനോഭാവമാണ്. പങ്കുവയ്ക്കാൻ ഒന്നുമില്ലാത്തതുപോലെ ആരും ദരിദ്രരല്ല. സാമൂഹ്യസേവനം നമ്മുടെ കടമയാണ്. കർത്തവ്യമാണ്. അത് സഹജീവികളുടെ നേരെ കാരുണ്യത്തോടെയുള്ള കരംനീട്ടലാണ്.

സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ശ്രദ്ധിക്കുക:"നിങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ നിങ്ങൾക്കൊന്നും ചെയ്യാനില്ലെങ്കിൽ ഈ കല്ലുകളും ശവശരീരങ്ങളും നിങ്ങളും തമ്മിൽ എന്ത് വ്യത്യാസം? മറ്റുള്ളവർക്കുവേണ്ടി പ്രയത്നിക്കുമ്പോഴാണ് നിങ്ങളുടെ പ്രയത്നം അത്യുത്തമമാകുക. നിങ്ങൾ നിങ്ങൾക്കുവേണ്ടി ഏറ്റവും നന്നായി പ്രയത്നിച്ചത് മറ്റുള്ളവർക്കുവേണ്ടി പ്രയത്നിച്ചപ്പോഴാണ്."

പൂർണ്ണ മനസ്സോടും സർവ്വശക്തിയോടുംകൂടെ ദൈവത്തെയും നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന നിയമം ക്രിസ്തീയ സേവനങ്ങളുടെ ശക്തിസ്രോതസ്സാണ്. ആരാണെന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് മുറിവേറ്റ് അവശനായ നിന്റെ ശത്രുവാണ് നിന്റെ അയൽക്കാരൻ എന്നാണ് യേശു പഠിപ്പിക്കുന്നത്. സാമൂഹ്യസേവനങ്ങളെ കാരുണ്യത്തിൽ ലയിപ്പിച്ച് വിളമ്പുവാൻ ഈ കാരുണ്യവർഷം സഭയെ ആഹ്വാനം ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സേവനപ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും പുതിയ ദിശാബോധത്തോടെ മുന്നിലേക്ക് ചലിക്കുവാനും ഉള്ള ഒരു തുടക്കമാണിത്.

അപരന്റെ കണ്ണുനീർ സ്വന്തം കരങ്ങളിൽ ശേഖരിക്കുവാൻ കരങ്ങളെ വിശാലമാക്കാം... അവന്റെ കണ്ണുനിറയുമ്പോൾ എന്റെ ഹൃദയം വേദനിക്കുന്നു എന്ന നൊമ്പരം കാരുണ്യത്തിലേക്ക് നമ്മെ നയിക്കട്ടെ.

ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



# കാരുണ്യത്തിന്റെ അന്തർധാര

സഭയുടെ മുഖം കാരുണ്യത്തിന്റേതാണ്. അതിന്റെ ഉറവിടം പിതാവിന്റെ മുഖമായ യേശുനാഥനാണ്. ബലി അല്ല, കരുണയാണ് ഞാനാഗ്രഹിക്കുന്നതെന്ന് പഠിപ്പിക്കുകയും കാണിക്കുകയും ചെയ്തുതന്ന ക്രിസ്തുനാഥൻ. സഭയ്ക്ക് മറ്റൊരു മുഖമില്ല. സഭാ വിശ്വാസികൾക്കും പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും മറ്റൊരു മുഖമില്ല. ഉള്ളതും ഉണ്ടാകേണ്ടതും ഈ മുഖം തന്നെയാണ്.



മറ്റേതൊരു കാലത്തേക്കാളും സഭാനേതൃത്വം ഈ മുഖത്തെക്കുറിച്ചു സംസാരിക്കുന്നത് ഈ കാലഘട്ടത്തിലാണ്. നിയമങ്ങളും തത്വങ്ങളും അജപാലനപരമായ രീതിയിൽ കാണുവാനും "ആടിന്റെ മണമുള്ള" ശൈലിയിൽ അവയെ വ്യാഖ്യാനിക്കുവാനും പഠിപ്പിക്കുന്ന ഫ്രാൻസിസ് മാർപ്പാപ്പ ഇതിനോടകംതന്നെ ഈ സന്ദേശം അത്ഭുതകരമായി താഴെത്തട്ടിൽവരെ എത്തിച്ചു. വെറുക്കാനും കുറ്റം പറയുവാനും മാറ്റി നിർത്തുവാനും അല്ല, മറിച്ച് ഉൾചേർക്കുവാനും തുറവിയോടെ സ്വീകരിക്കുവാനും ആണ് പഠിപ്പിക്കുക. ഇത് അസാധാരണ നേതൃത്വം തന്നെ. ക്രൈസ്തവരുടെ ഇടയിലുള്ള ഭിന്നതകളെ മറികടന്നുകൊണ്ട് എല്ലാവരെയും സ്വീകരിക്കുവാൻ സന്മനസ്സുള്ള ഈ നല്ലയിടയനിൽ യേശുനാഥന്റെ മുഖമല്ലാതെ മറ്റാരുടെ മുഖമാണ് നാം കാണുക? ഇത് നേതൃതലത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല. എല്ലാവരും ഈ ശൈലി പിൻചെല്ലുവാൻ തയ്യാറാകണം. കരുണയുടെ പാതയിൽ സഞ്ചരിക്കുന്നതിന് നഷ്ടങ്ങൾ സഹിക്കേണ്ടിവരും; വിലകൊടുക്കേണ്ടിവരും. അതിന് നമ്മെ സജ്ജരാക്കുവാനുള്ള പ്രമേയമാണ് ഈ ലക്കത്തിൽ ഐക്യദീപം മുന്നോട്ടുവയ്ക്കുന്നത്. യജ്ഞമാണ് ഈ ലക്കത്തിൽ ഐക്യദീപം മുമ്പോട്ടുവയ്ക്കുന്ന പ്രമേയം.

സഭയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഉറവിടം ത്രിത്വൈക ദൈവത്തിൽ ആണ്. സ്നേഹം കൊണ്ട് നിറഞ്ഞൊഴുകുന്ന പിതാവും അത് സ്വീകരിക്കുന്ന പുത്രനും അത് അനുഭവമാക്കുന്ന പരിശുദ്ധാത്മാവുമാകുന്ന മൂന്നാളുകളുടെ ഏക സാരാംശമായ ത്രിത്വൈക ദൈവം. ഒരു മതത്തിന്റെ അന്തഃസത്ത അതിന്റെ ദൈവിക കാഴ്ചപ്പാടിലാണ്. ദൈവം സ്നേഹമാണെന്നത് താത്വികമായ കണ്ടെത്തൽ അല്ല. അത് ദൈവപുത്രന്റെ വെളിപാടാണ്. ആ സ്നേഹത്തിൽ ക്ഷമയും സഹനവും പരോപകാര പ്രവൃത്തിയും വികസനവും സമാധാനവും പങ്കുവയ്ക്കലും എല്ലാം അടങ്ങിയിരിക്കുന്നു. ആയതുകൊണ്ട് ഒരു ക്രൈസ്തവന് ആരെയും ദ്രോഹിക്കുവാൻ കഴിയില്ല. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുവാനെ കഴിയൂ. ഏകാധിപത്യത്തിന്റെയും അക്രമത്തിന്റെയും ക്രൂരതയുടെയും

(ശേഷം 26-ാം പേജിൽ)

# ഐക്യദീപം
Aikyadeepam

2016 ജൂലൈ പുസ്തകം 47 ലക്കം 5



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ


## ഉള്ളടക്കം


**06** മലങ്കര കത്തോലിക്കാസഭയും വികസനകാഴ്ചപ്പാടും
ഫാ. വർഗീസ് മറ്റമന

**11** സാമ്പത്തിക സാക്ഷരത അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ
രഘുനാഥപിള്ള

**16** സുസ്ഥിരവികസന മാതൃകയുമായി ബോധന ചരിത്രവഴികളിൽ
ഷാജി മാത്യു കൂളിയാട്ട്

**20** ഒഴിഞ്ഞുമാറാനാവുമോ...?
സി. എലൈസ് മേരി ചേറ്റാനി എഫ്.സി.സി.

**24** സൂര്യതേജസ്
ഫാ. ജോൺ പടിപ്പുരയ്ക്കൽ




എഡിറ്റോറിയൽ

സ്ഥിരം പംക്തികൾ

ഇടയശബ്ദം

SHAPE YOUR GOALS

പ്രബോധനം


Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com



# മലങ്കര കത്തോലിക്കാസഭയും വികസനകാഴ്ചപ്പാടും



**ഫാ. വർഗീസ് മറ്റമന**
കാരിത്താസ് ഇൻഡ്യാ മുൻ ഡയറക്ടർ

**ആമുഖം**

"ഞാനൊരു ഇടയനായിരുന്നു.... എന്റെ ജീവിതം മുഴുവനും ദരിദ്രരുടെ ഉന്നമനത്തിനായി മാറ്റിവയ്ക്കുന്നു. ദരിദ്രരുടെ ഉന്നമനത്തിനായി ഒരു തുള്ളി വിയർപ്പുപോലുമൊഴുക്കാതെ അവരെ പ്രതി കണ്ണീരൊഴുക്കുന്നവരെ ഞാൻ വെല്ലുവിളിക്കുന്നു." ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്.

മലങ്കര കത്തോലിക്കാസഭയുടെ നേതൃത്വത്തിന്റെ വികസനകാഴ്ചപ്പാടിന്റെ ഒരു നിശ്ചയദാർഢ്യം ഇതിൽനിന്നും വളരെ വ്യക്തമാണ്. മലങ്കര കത്തോലിക്കാസഭ അതിന്റെ വികസനകാഴ്ചപ്പാട് എപ്പോഴും ആഗോളകത്തോലിക്കാസഭയുടെ വികസനകാഴ്ചപ്പാടിനോടൊപ്പം നിർത്തിയിരുന്നു. 1891-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പാ പുറപ്പെടുവിച്ച Rerum Novarum (റേരും നൊവാരും) എന്ന ചാക്രികലേഖനം (സാമൂഹികപഠനം) ലോകമനസാക്ഷിയെതന്നെ തൊട്ടുണർത്തുന്നതായിരുന്നു. തൊഴിലാളികളുടെയും മുതലാളികളുടെയും ഉത്തരവാദിത്വങ്ങളും കടമകളും, സമൂഹത്തിന്റെ അന്തരം ചെറുതാക്കി സമഭാവന സൃഷ്ടിക്കുന്നതിനുള്ള ആഹ്വാനമായിരുന്നു അത്. അന്നുമുതൽ ഇന്നുവരെ ഏതാണ്ട് പതിനഞ്ച് പ്രധാന പഠനങ്ങൾ സഭാതലവന്മാരായ മാർപാപ്പാമാർതന്നെ പുറത്തിറക്കിയിട്ടുണ്ട്. ഏറ്റവും അടുത്തകാലത്തിറങ്ങിയ 'Landato si' അഥവാ 'അങ്ങേക്കുസ്തുതി' എന്ന ഫ്രാൻസിസ് മാർപാപ്പായുടെ പരിസ്ഥിതിയെകുറിച്ചുള്ള പഠനംവരെ സഭയുടെ വികസനകാഴ്ചപ്പാടുകളിലേക്ക് വെളിച്ചം വീശുന്നവയാണ്.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യങ്ങളും പ്രവർത്തനവും ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ

വേറിട്ടുള്ള പരീക്ഷണങ്ങളും വിജയവും സിറിൽ ബസേലിയോസ് കാതോലിക്കാബാവായുടെ ശാസ്ത്രീയബലമുള്ള വികസനമുന്നേറ്റവും അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ ആനുകാലിക ഇടപെടലുകളും മേൽപ്പറഞ്ഞ പഠനങ്ങളുടെയും തികഞ്ഞ ആത്മീയതയുടെയും കൃത്യമായ ദൈവശാസ്ത്രവീക്ഷണത്തിന്റെയും കഠിനാദ്ധ്വാനികളായ ഒരുപറ്റം വൈദികരുടെയും സന്ന്യാസസന്ന്യാസിനികളുടെയും അത്മായരുടെയും ശക്തമായ ഇടപെടലുകളുടെയും ആകെതുകയാണ്.

## ലോകം അഭിമുഖീകരിക്കുന്ന പ്രധാനവെല്ലുവിളികൾ

### 1. സാമ്പത്തിക അസമത്വം

ഇന്ന് ലോകം നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങൾക്ക് ഒരു അടിസ്ഥാനകാരണമായി സാമ്പത്തിക അസമത്വത്തെ കാണാൻകഴിയും. ഇന്ത്യയിലെതന്നെ സ്ഥിതി പരിശോധിച്ചാൽ നിസാര വായ്പ എടുത്ത കർഷകൻ അത് അടയ്ക്കാനാകാതെ ആത്മഹത്യചെയ്യുമ്പോൾ കോടിക്കണക്കിന് രൂപ വായ്പ എടുത്ത് ലോകരെ പറ്റിച്ച് നാടുവിട്ട മല്ലയ്യയുടെ ചിത്രം, സാമ്പത്തിക ഭദ്രതയുടെ നടുവിൽ തോക്കുകൾ കളിപ്പാട്ടങ്ങളാക്കുന്ന നാട് ഒരുവശത്ത്. പട്ടിണിമൂലം മരണമടയുന്ന അനേകർ മറ്റുരാജ്യങ്ങളിൽ. കോർപ്പറേഷനുകളുടെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്ന സർക്കാരുകൾ ലക്ഷകണക്കിന് സാധാരണക്കാരന്റെ പട്ടിണി തീർക്കാൻ ശാശ്വതപരിഹാരം കാണാൻ ആവശ്യത്തിനുള്ള നടപടി കൈക്കൊള്ളുന്നുമില്ല.

### 2. കാലാവസ്ഥ വ്യതിയാനം

പണ്ടു കാലങ്ങളിൽ കാരണവന്മാർ കൃത്യമായി പ്രവചിക്കുമായിരുന്നു കാലാവസ്ഥ മാറ്റങ്ങൾ. എന്നാൽ ഇന്ന് ആധുനിക സാങ്കേതിക വിദ്യ വളരെയേറെ മെച്ചപ്പെട്ടിട്ടും കാലാവസ്ഥയിലുള്ള മാറ്റത്താൽ ജനം അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനാകുന്നില്ല. ഈ വർഷം തന്നെ ചെന്നൈയിൽ ഒരിക്കലുമുണ്ടാകാത്ത പേമാരി വെള്ളപ്പൊക്കകെടുതി, ഉത്തരേന്ത്യയിൽ ശക്തമായ വരൾച്ച. രണ്ടിലും ലക്ഷകണക്കിന് ആളുകൾക്ക് നഷ്ടവും ചിലർക്ക് ജീവഹാനിയുമുണ്ടായി. ആഗോളതാപനം ഒരു പ്രധാന ചർച്ചാവിഷയമായി. കാട്ടുതീ, ഹിമപാളികളുടെ ഇല്ലാതാവൽ, വെള്ളപ്പൊക്കം, പെരുമഴ, കൊടുംകാറ്റ്, സുനാമി എന്നിവ തുടർകഥയാകുന്നു. സമൂഹത്തിലെ പാവങ്ങൾ കൂടുതൽ ദുരിതമനുഭവിക്കുന്നു.

### 3. വളർന്നുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ

മതത്തിന്റെ പേരിലായാലും പ്രത്യയശാസ്ത്രങ്ങളുടെ പേരിലായാലും മറ്റേതുകാരണത്താലായാലും വളർന്നുവരുന്ന തീവ്രവാദപ്രവർത്തനങ്ങൾ ലോകമനസാക്ഷിയെ ഞെട്ടിക്കുന്നതും കണ്ണീരിലാഴ്ത്തുന്നതും വികസനത്തെ വർഷങ്ങളോളം പിന്നോക്കം വലിക്കുന്നതുമാണ്. ചിലസ്ഥലങ്ങളിലുണ്ടാകുന്ന നഷ്ടം ഒരിക്കലും നികത്താനാകാത്തതുമാണ്.

### 4. വംശീയകലാപങ്ങൾ

വംശീയകലാപങ്ങൾ വികസനത്തെ മുരടിപ്പിക്കുന്നു എന്നുമാത്രമല്ല അനേകായിരങ്ങളുടെ ജീവനൊടുക്കുകയും ചെയ്യുന്നു. സ്ത്രീകളോടുള്ള അതിക്രമവും സ്വത്തുനശിപ്പിക്കലും അംഗവൈകല്യങ്ങളും അതിന്റെ ഭാഗമാകുന്നു. ഇതിനേറ്റം ഉത്തമഉദാഹരണം ആഫ്രിക്ക, ഇന്ത്യയുടെ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങൾ എന്നിവയാണ്.



### 5. ജനകീയപ്രസ്ഥാനങ്ങളുടെ കുറവ്

ഇന്ന് ലോകമഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പ്രതിസന്ധിയാണ് ജനകീയ പ്രസ്ഥാനങ്ങളുടെ കുറവ്. ചിലരാജ്യങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതിനുള്ളിലെ രാഷ്ട്രീയം പലപ്പോഴും ജനകീയതക്കെതിരാകുന്നു. ജനാധിപത്യവും ജനകീയതയും കേട്ടിട്ടുപോലുമില്ലാത്ത രാജ്യങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും അവസ്ഥ ആലോചിക്കാവുന്നതല്ലേയുള്ളു.

### 6. ലിംഗഅസമത്വം

ലോകം അഭിമുഖീകരിക്കുന്ന മറ്റൊരുവെല്ലുവിളിയാണിത്. പാക്കിസ്ഥാനിലെ മലാലയുടെ അനുഭവം

തന്നെ വലിയൊരു ഉദാഹരണമാണല്ലോ. തുറന്നെഴുതാൻ തയ്യാറാകുന്ന സ്ത്രീകളെ, അഭിപ്രായപ്രകടനം നടത്തുന്നവരെ, മൂന്നാംലിംഗക്കാരെ ഒന്നും അംഗീകരിക്കുന്നതിന് ലോകത്തിലെ ഭൂരിപക്ഷം ഇനിയും തയ്യാറായിട്ടില്ല.

### 7. മൂല്യശോഷണം

മനുഷ്യത്വപരമായ മൂല്യങ്ങളും ദൈവികമൂല്യങ്ങളും പലപ്പോഴും ചവിട്ടിമെതിക്കപ്പെടുന്ന കാഴ്ച നമുക്കെപ്പോഴും കാണാനാകും. അവനവന്റെ ലോകത്തിനപ്പുറത്ത് ജീവിക്കുന്നവന്റെ ബുദ്ധിമുട്ടിനെക്കുറിച്ച് ചിന്തിക്കാനാകാത്തവന്റെ ലോകം. ഒരിടത്ത് അമിതമായ ഭക്ഷണം കുഴിച്ച് മൂടുന്നു. മറ്റിടത്ത് പട്ടിണിമരണം. ഒരിടത്ത് മനുഷ്യമഹത്വം പാടുന്നു. മറ്റിടത്ത് മനുഷ്യനെ ലൈംഗിക ആവശ്യത്തിനും അവയവങ്ങൾക്കും അടിമപ്പണിക്കുമായി വില്പന ചരക്കാക്കുന്നു.

മൂല്യം പ്രസംഗിക്കേണ്ട സങ്കേതങ്ങളിൽ അതിനെക്കുറിച്ചുള്ള ചിന്തകൾ കുറയുന്നു. ആൾദൈവങ്ങൾ കോമരംതുള്ളി ധനസമ്പാദനവും ലൈംഗികശാലകളും നടത്തുന്നു. ഇതൊരു വെല്ലുവിളിയാണ്.

മേല്പറഞ്ഞ വെല്ലുവിളികളാണ് ശരിക്കും സഭയുടെ പഠിപ്പിക്കലിനും ശക്തമായ ഇടപെടലിനും കരുത്തേകുന്നത്. സൃഷ്ടിയുടെ ആത്യന്തികലക്ഷ്യത്തെ വളരെ ചുരുങ്ങിയരീതിയിൽ വിവരിച്ചാൽ ഇങ്ങനെ കാണാനാകും.

ദൈവം ലോകത്തെ അതിലെ സകലതിനെയും സൃഷ്ടിച്ചത് എല്ലാവർക്കും തുല്യമായി പങ്കുവയ്ക്കാനാണ്.

* നാമെല്ലാവരും അതിന്റെ സൂക്ഷിപ്പുകാരാണ് അല്ലാതെ ഉടമസ്ഥരല്ല.

* മനുഷ്യൻ സഹസൃഷ്ടാവും പ്രത്യുല്പാദകരും പരിപോഷകരുമാണ്.

* ലോകത്തിന്റെ ഗുണങ്ങളും സൗകര്യങ്ങളും എല്ലാവർക്കും സംലഭ്യമാകണം.

ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് സഭ അതിന്റെ പ്രധാന പഠിപ്പിക്കലിനെ ഏഴു തൂണുകളിൽ പണിയുകയും അതിനനുസൃതമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നത്.

### മനുഷ്യജീവനും മഹത്വത്തിനും ഊന്നൽനല്കൽ

എന്തിനാണ് സമൂഹത്തിലെ പാവങ്ങളുടെയും അടിച്ചമർത്തപ്പെട്ടവന്റെയും അപകടത്തിൽപ്പെട്ടവന്റെയും വിദ്യാരഹിതന്റെയും ചൂഷിതരുടെയും താഴേത്തട്ടിൽനില്ക്കുന്നവരുടെയും കൂടെ സഭ നില്ക്കുന്നത് എന്നുചോദിച്ചാൽ സഭ മനുഷ്യജീവനും മഹത്വത്തിനും വിലകല്പിക്കുന്നു എന്നതിനാലാണ്. പ്രോലൈഫ് പോലുള്ള പ്രസ്ഥനങ്ങളെ സഭ പ്രോത്സാഹിപ്പിക്കുന്നതും ഇതിനാലാണ്. ആദിവാസിയും ദളിതരും സഭക്ക് പ്രിയപ്പെട്ടവരായതിനാലാണ് അവർക്ക് ജീവസന്ധാരണത്തിന് വേണ്ടി ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും.

### കുടുംബജീവിതത്തിനും സമൂഹജീവിതത്തിനും പങ്കാളിത്തം ലഭിക്കുന്ന ഒരു വെല്ലുവിളിയാണ് ജീവിതം

സഭയുടെയും ഏതൊരു സമൂഹത്തിന്റെയും അടിസ്ഥാനപരമായ ഒരു ഘടകം എന്നുപറയുന്നത് കുടുംബമാണ്. അവിടെയാണ് മൂല്യങ്ങൾ മുളയിടുന്നത്. അവിടെയാണ് പങ്കുവെക്കലും പങ്കാളിത്തവും ഉടലെടുക്കുന്നത്. അത് സമൂഹത്തിന്റെ പൊതുനന്മയി



ലേക്ക് വെളിച്ചംവീശും എന്ന ബോധ്യം സഭക്കുണ്ട്. സഭാപ്രവർത്തനങ്ങളെ ഈ ഒരടിസ്ഥാനത്തിലാണ് സഭ ബന്ധിപ്പിക്കുന്നത്. കുടുംബവും സമൂഹവും കടപ്പാടുമില്ലാത്തവന് ഒരു വികസനസ്വപ്നത്തെ കരുപ്പിടിപ്പിക്കാനാകില്ല.

### അവകാശങ്ങളും കടമകളും

ലോകനേതാക്കൾ മുതൽ സമൂഹത്തിന്റെ ഏറ്റം അറിയപ്പെടാത്ത കോണിൽ നില്ക്കുന്നവരോടു പോലും സഭ അനുശാസിക്കുന്നത് അവരവരുടെ വിളിക്കും ഉത്തരവാദിത്വത്തിനും അനുസരിച്ചുള്ള കടമകൾ നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ കൈവശമാക്കുന്നതിനുമാണ്. അവകാശങ്ങൾ നഷ്ടപ്പെട്ട

വന്റെ ശബ്ദമാകാനാണ് സഭ അനുശാസിക്കുന്നത്.

### പാവപ്പെട്ടവനോടും ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കും സാദ്ധ്യതയുള്ളവരോടും പക്ഷംചേരൽ

വി. മദർതെരേസ ചെയ്തതും മാർ ഈവാനിയോസ് പിതാവ് ലക്ഷ്യം വച്ചതും മാർ ഗ്രിഗോറിയോസ് പിതാവ് നടപ്പിലാക്കിയതും എല്ലാം ഈ പാവങ്ങളോടുള്ള പക്ഷംചേരലായിരുന്നു. ദശലക്ഷം പേർക്ക് ആരോഗ്യം - Health for the million -



എന്ന പദ്ധതി മാർ അപ്രേം തിരുമേനി നടപ്പിലാക്കിയതും ആദിവാസി വികസന പ്രവർത്തനത്തിന് പ്രഥമ കാതോലിക്കാബാവ തുടക്കമിട്ടതും ഇതേ ലക്ഷ്യത്തോടെയാണ്. ഭവനരഹിതർക്ക് ഭവന പദ്ധതി ഇപ്പോഴത്തെ കാതോലിക്കാബാവാ നടപ്പിലാക്കുന്നതും ഈ ലക്ഷ്യത്തോടെയാണ്. സഭ എല്ലാവരോടും ആഹ്വാനം ചെയ്യുന്നതുമിതാണ്. ഡൽഹിയിലെ തെരുവോരങ്ങളിൽ തുടങ്ങി കന്യാകുമാരി വരെ നീണ്ടുനില്ക്കുന്ന ഒരു പ്രവർത്തനം ഏതാണ്ട് മുപ്പത്തിയൊന്നു ലക്ഷം ആളുകൾക്ക് ജാതിമതഭേദമില്ലാതെ മലങ്കര കത്തോലിക്കാസഭ ശുശ്രൂഷ ചെയ്യുന്നതും ഇതുകൊണ്ടാണ്.

### തൊഴിലിന്റെ മാഹാത്മ്യവും തൊഴിലാളികളുടെ അവകാശവും

1891-ൽ ആധികാരികമായി ഈ വിഷയം സഭ പഠിപ്പിക്കുമ്പോൾ ലോകത്തിനുതന്നെ ഇതൊരു ഞെട്ടലുണ്ടാക്കിയിരുന്നു. മുതലാളിത്തവ്യവസ്ഥിതിയുടെ അടിച്ചമർത്തലുകൾക്കപ്പുറത്ത് തൊഴിലാളിയുടെയും തൊഴിലിന്റെയും മാഹാത്മ്യം പഠിപ്പിക്കുന്നത് അത് നടപ്പിലാക്കാനാഹ്വാനം ചെയ്യുന്നത് സഭയുടെ എക്കാലത്തെയും പ്രവർത്തനമാണ്.

സ്വയംതൊഴിൽ പദ്ധതികൾ പരിപോഷിപ്പിച്ചത് പുതിയ തൊഴിൽസാദ്ധ്യതകൾ തുറന്നത് തൊഴിൽ സംരംഭകരെ വാർത്തെടുത്തത് സാമൂഹ്യസേവനപ്രവർത്തനത്തിന്റെ അടിസ്ഥാനങ്ങളിലൊന്നാക്കി മലങ്കര കത്തോലിക്കാസഭ മാറ്റി.

### ഐക്യദാർഢ്യം

സമൂഹത്തിൽ നിന്ദിക്കപ്പെടുന്നവനോടും അവഹേളിക്കപ്പെടുന്നവനോടും അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവനോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നത് സഭയുടെ അടിസ്ഥാന സ്വഭാവത്തിൽപ്പെടുന്നതാണ്. മനുഷ്യനിർമ്മിതകലാപമായാലും അതിൽ കഷ്ടപ്പെടുന്നവന്റെകൂടെ എന്നും സഭയുണ്ടായിരുന്നു. പ്രത്യേകിച്ച് മലങ്കര കത്തോലിക്കാസഭ.

### പ്രകൃതിയുടെ സംരക്ഷണം

പ്രകൃതിയുടെ സംരക്ഷണവും പരിപോഷണവും സഭയുടെ എക്കാലത്തേയും പരിഗണനയാണ്. ഏറ്റം അടുത്ത നാളുകളിൽ ഫ്രാൻസിസ് മാർപാപ്പാ പുറപ്പെടുവിച്ച ചാക്രികലേഖനം 'അങ്ങേക്കുസ്തുതി' Landatos si അതിനെക്കുറിച്ചു മാത്രമാണ് പ്രധാനമായും പ്രതിപാദിക്കുന്നത്.

### വികസനരംഗത്ത് മലങ്കര കത്തോലിക്കാസഭയുടെ തനതായ സംഭാവനകൾ

1. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീ വികസനത്തിനും തുടക്കമിട്ടു.
2. മാർ ഗ്രിഗോറിയോസ് തിരുമേനി തനതായ മാതൃകകൾ വികസിപ്പിച്ചു.
   a) Low cost Housing - ചിലവ് കുറഞ്ഞ വീട് നിർമ്മാണം. ലക്ഷംവീട് പദ്ധതിയിലേക്ക് നയിച്ചു.
   b) മഴക്കൊയ്ത്ത് (Water Harvesting) - അറുപത് വർഷത്തിന് മുമ്പ് നടപ്പിലാക്കി.
   c) മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് പരിപോഷിപ്പിച്ചു.
   d) സ്വയംതൊഴിൽ പദ്ധതികൾ സംഘടിതമായി നടപ്പിലാക്കി.
   e) പൊതുജനാരോഗ്യപ്രവർത്തനങ്ങൾ - Health for the million
   f) ജനസംഘാടനം

g) മാറ്റാൾ കൃഷി പ്രോത്സാഹനം

h) കൃഷിക്കാരന് മീനും മുക്കുവന് കപ്പയും Exchange & value addition programme

i) അനുബന്ധ വരുമാനമാർഗ്ഗ പരിപോഷണം – മുയൽ, തേനീച്ച, കോഴി വളർത്തൽ.

j) സംരംഭകത്വ പരിപോഷണം

3. മാർ ബസേലിയോസ് കാതോലിക്കാബാവാ ജനസംഘാടനത്തിന് ഊന്നൽ നല്കി.

a) ആദിവാസി വികസനം

b) സ്ഥല ജല പരിപാലനം

c) സംരംഭകത്വവും നിക്ഷേപശീലവും പഠിപ്പിക്കൽ (ഇന്നത്തെ കുടുംബശ്രീക്ക് മാതൃകയായി)

d) ചെയ്യുന്ന കാര്യങ്ങൾ ലക്ഷ്യത്തിലെത്തുന്നു എന്നുറപ്പാക്കുന്ന സംവിധാനങ്ങൾ ബലപ്പെടുത്തൽ (System & Structures Building)

e) പ്രവർത്തനങ്ങൾക്ക് കൃത്യമായ ഡോക്യുമെന്റേഷൻ

4. കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനി സമഗ്രവികസനത്തിന് നേതൃത്വം നല്കിവരുന്നു.

a) എല്ലാവർക്കും ഭവനം

b) എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം

c) സമത്വാവകാശ സംരക്ഷണം എന്നിങ്ങനെ നീളുന്നു സംഭാവനകൾ.

## സമാപനം

സഭയുടെ സാമൂഹ്യക്ഷേമവിഭാഗം നടത്തിയ പഠനത്തിൽ ആറരലക്ഷം നേരിട്ടുള്ള ഗുണഭോക്താക്കളും മുപ്പത്തിയൊന്നു ലക്ഷം ഗുണഭോക്താക്കളും സഭയുടെ ശുശ്രൂഷാഫലം അനുഭവിക്കുന്നതായി കണ്ടെത്താനായി. ഏഴായിരത്തിയഞ്ഞൂറിൽപരം ജനകീയസംഘടനകൾ രൂപീകരിച്ചു. അറുനൂറിലധികം പ്രവർത്തകരും പതിനായിരത്തിലധികം സന്നദ്ധപ്രവർത്തകരുമുണ്ട് സാമൂഹ്യക്ഷേമപ്രവർത്തന മേഖലയിൽ. ഇരുപതിൽപരം സന്നദ്ധസംഘടനകൾ ഉണ്ട്.


അഞ്ച് ലക്ഷത്തിൽപരം ആളുകൾക്ക് പ്രതിവർഷം ചികിത്സ നല്കുന്നു. മൂവായിരത്തോളം ജോലിക്കാരും പ്രവർത്തിക്കുന്നു.

നാനൂറിൽപരം വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ ലക്ഷക്കണക്കിനുപേർ വിദ്യാഭ്യാസം നേടിവരുന്നു. ഇതിനെല്ലാം അടിസ്ഥാനം സഭയുടെ അടിസ്ഥാനപരമായ വികസനകാഴ്ചപ്പാട് സാർവ്വത്രികസഭയുടെ കാഴ്ചപാടിനോടൊട്ടിനില്ക്കുന്നതും അതിനെ അതിലംഘിക്കുന്നതുമാണ്. കൃത്യമായ കാഴ്ചപ്പാടുള്ള സഭാനേതൃത്വവും മെത്രാന്മാരും വൈദികരും സന്യസ്തരും അത്മായനേതാക്കന്മാരും സഭയുടെ മുതൽകൂട്ടാണ്.

കാലാനുസൃതമായ മാറ്റങ്ങളോടെ മാറ്റത്തിന് ഒരു കാതം മുമ്പേ ഓടുന്നതിന് മലങ്കര കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധവും അതു നടപ്പിലാക്കുകയും ചെയ്യുന്നു. ■


## ഓർമ്മത്തിരുനാൾ

**ജൂലൈ 15**



## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്

## ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് വടക്കേക്കര

**(88)**

തിരുവല്ല അതിരൂപതയിലെ സീനിയർ വൈദികനായിരുന്ന റവ. ഫാ. ജോസഫ് വടക്കേക്കര അച്ചന്റെ നിര്യാണത്തിൽ അതിരൂപതയുടെ ആദരാഞ്ജലികൾ.




# സാമ്പത്തിക സാക്ഷരത അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

*സാധാരണക്കാരായ ജനങ്ങൾക്ക് സാമ്പത്തിക മേഖലകളെക്കുറിച്ചും, ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ബാങ്കിങ്, ഇൻഷുറൻസ് എന്നീ സാമ്പത്തിക മേഖലകളെക്കുറിച്ചും വളരെ പരിമിതമായ അറിവേ ലഭ്യമാകുന്നുള്ളൂ. തങ്ങളുടെ പരിമിതമായ വരുമാനം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുവാനും, അങ്ങനെ സാമ്പത്തികഭദ്രത നിലനിർത്തുവാനും ആവശ്യമായ അറിവ് ലഭ്യമാകുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഓരോ ബ്ലോക്കിലും സാമ്പത്തിക സേവനങ്ങളെ സംബന്ധിച്ച ആശയനിവാരണത്തിനും ഉപദേശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിച്ചിരിക്കുന്നു. ഭാരതത്തിലെ മഹാഭൂരിപക്ഷം ജനങ്ങളെയും സാമ്പത്തിക മേഖലയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്ന ഈ പദ്ധതിയുടെ വിവിധ പ്രവർത്തന മേഖലകളെയും സേവനങ്ങളെയുംകുറിച്ച് താഴെ പ്രതിപാദിക്കുന്നു.*



**രഘുനാഥപിള്ള**
(ഡി.ഡി.എം. നബാർഡ്
ആലപ്പുഴ, പത്തനംതിട്ട)

സാമ്പത്തിക സാക്ഷരത എന്നാൽ വ്യക്തികൾക്ക്, അവരുടെ പരിമിതമായ വരുമാനം ഏറ്റവും പ്രയോജനപ്രദമായി വിനിയോഗിക്കാനുള്ള അറിവ്; കൂടാതെ ആധുനിക യുഗത്തിൽ സാധാരണക്കാർക്കുപോലും ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ബാങ്കിങ്, ഇൻഷുറൻസ് എന്നീ സാമ്പത്തിക സേവനമേഖലയെപ്പറ്റിയുള്ള അറിവും കൂടിയാണ്.

സാമ്പത്തിക സാക്ഷരതാ കേന്ദ്രം ആദ്യം സംസ്ഥാന തലത്തിലും പിന്നീട് ജില്ലാ തലത്തിലും പ്രവർത്തിച്ചു തുടങ്ങി. 2013 മാർച്ചിനു ശേഷം സാമ്പത്തിക സാക്ഷരതയോടൊപ്പം ഇതര സാമ്പത്തിക സേവന മേഖലയുടെ സേവനം സാധാരണക്കാരിലെത്തിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. അങ്ങനെയുള്ള നടപടിക

ളുടെ ആദ്യചുവടുവയ്പ്പാണ് "പ്രധാനമന്ത്രി ജൻ ധൻയോജന" (PMJDY)

## പ്രധാനമന്ത്രി ജൻധൻ യോജന

ഭാരതത്തിലെ മഹാഭൂരിപക്ഷം ജനങ്ങളേയും സാമ്പത്തിക സേവന മേഘലയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി 28-8-2014 ൽ തുടക്കമിട്ടത്. 2006 ൽ ആരംഭിച്ച സാമ്പത്തിക ഉൾചേർക്കൽ (Financial Inclusion) എന്ന പദ്ധതിയുടെ പരിഷ്ക്കരിച്ച കൂടുതൽ പ്രയോജനപ്രദമായ ആശയമാണ് ഈ പദ്ധതി. ഈ പദ്ധതിക്ക് പ്രധാനമായും '6' ഘടകങ്ങളുണ്ട്.

### 1. ബാങ്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുക

ബാങ്കുകളുടെ പ്രവർത്തനം ഉൾനാടൻ ഗ്രാമങ്ങളിലേക്കും വ്യാപിപ്പിക്കാൻ സാദ്ധ്യമായ പ്രദേശങ്ങളിലെല്ലാം പുതിയ ശാഖകൾ തുറക്കുക. ശാഖകൾ തുറക്കാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ മറ്റു രീതിയിൽ ബാങ്കിന്റെ സേവനം (BC/BF) എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഈ പ്രവർത്തനം ഏതാണ്ട് ഭാരതത്തിന്റെ എല്ലാ കോണുകളിലും എത്തിക്കഴിഞ്ഞു. ബാങ്കുകളുടെ സേവനം ഗ്രാമങ്ങളിൽ എത്തുകവഴി, ഗ്രാമീണർക്ക് കൂടുതൽ ദൂരം സഞ്ചരിയ്ക്കാതെ വരുമാനത്തിന്റെ ഒരു ഭാഗം മിച്ചം വെയ്ക്കാനും അത്യാവശ്യത്തിന് ചെറുകിട വായ്പകൾ എടുക്കാനും കഴിയും. കൂടാതെ ബാങ്കുകളുടെ കൂടുതൽ സേവനങ്ങൾ, അതായത് ദൂരെ സ്ഥലത്തേയ്ക്ക് വേഗത്തിൽ പണമയയ്ക്കുക, ഇൻഷുറൻസ് പരിരക്ഷ ലഭിക്കുക എന്നിവയും എളുപ്പത്തിൽ സാദ്ധ്യമാകും.

### 2. അടിസ്ഥാന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (RSBD Account)

ആദ്യഘട്ടത്തിൽ ബാങ്കിൽ അക്കൗണ്ടില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി കുറഞ്ഞത് പ്രായപൂർത്തിയായ ഒരാൾക്കെങ്കിലും അടിസ്ഥാന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുക. രണ്ടാം ഘട്ടത്തിൽ പ്രായപൂർത്തിയായ എല്ലാവർക്കും, കൂടാതെ ഏതെങ്കിലും തരത്തിലുള്ള വിദ്യാഭ്യാസ ആനുകൂല്യമോ സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും അക്കൗണ്ട് തുടങ്ങുക.

അടിസ്ഥാന സേവിംഗ് ബാങ്ക് അക്കൗണ്ട് എന്ന സൗകര്യം എല്ലാ വാണിജ്യ ബാങ്കുകളിലും, പ്രവർത്തനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട സംസ്ഥാന/ഡിസ്ട്രിക്റ്റ് കോപ്രേറ്റീവ് ബാങ്കുകളിലും ലഭ്യമാണ്. കുറഞ്ഞ ബാലൻസ് നിബന്ധന ബാധകമല്ല. അക്കൗണ്ട് തുടങ്ങിയാൽ പാസ്സ് ബുക്കും റൂപ്പേകാർഡും (Ru-Pay Card) ലഭിക്കും. ബാങ്ക് അക്കൗണ്ട് തുടങ്ങാനാവശ്യമായ തിരിച്ചറിയൽ രേഖകളും ഫോട്ടോയും ബാങ്കിൽ നൽകേണ്ടതാണ്. നിർദ്ദിഷ്ട തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവർക്ക് വിശദാംശങ്ങൾ അടങ്ങിയ ഫോട്ടോ പതിച്ച സത്യവാങ്ങ് മൂലം നൽകിയാൽ താൽക്കാലികമായി അക്കൗണ്ട് തുടങ്ങാവുന്നതാണ്. എന്നാൽ ഒരു വർഷത്തിനകം നിർദ്ദിഷ്ട രേഖകൾ ബാങ്കിൽ നൽകേണ്ടതാണ്. അതുവരെ ഈ അക്കൗണ്ടുകൾ ചില നിയന്ത്രണങ്ങൾക്കു വിധേയമായിരിക്കും. Ru-Pay Card പതിവായി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഉപയോഗിക്കുന്നവർക്ക് ഒരു ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്.



ബാങ്ക് അക്കൗണ്ട് തുടങ്ങാനാവശ്യമായ തിരിച്ചറിയൽ രേഖകളും ഫോട്ടോയും ബാങ്കിൽ നൽകേണ്ടതാണ്. നിർദ്ദിഷ്ട തിരിച്ചറിയൽ രേഖകൾ ഇല്ലാത്തവർക്ക് വിശദാംശങ്ങൾ അടങ്ങിയ ഫോട്ടോ പതിച്ച സത്യവാങ്ങ് മൂലം നൽകിയാൽ താൽക്കാലികമായി അക്കൗണ്ട് തുടങ്ങാവുന്നതാണ്.

### 3. സാമ്പത്തിക സാക്ഷരതാ കേന്ദ്രം

സാധാരണക്കാരായ ജനങ്ങൾക്ക് സാമ്പത്തിക മേഘലയെ കുറിച്ചുള്ള അറിവ് പകർന്നു നൽകുന്നതിന് രാജ്യത്തെ എല്ലാ ബ്ലോക്കുകളിലും സാമ്പത്തിക സാക്ഷരതാ കേന്ദ്രം തുറന്നു പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക മേഖലയെപ്പറ്റി നല്ല അറിവും പരിചയവുമുള്ള "ഉപദേഷ്ടാക്കളെ" ഈ കേന്ദ്രത്തിൽ നിയമിച്ചിട്ടുണ്ട്. ഓരോ വ്യക്തികളും അനുയോജ്യമായ നിക്ഷേപപദ്ധതികൾ, ആവശ്യമായ വായ്പാസൗകര്യങ്ങൾ, കടക്കെണിയിൽനിന്നും കരകയറാനുള്ള മാർഗ്ഗങ്ങൾ, ഇൻഷ്വറൻസ് മേഖലയെപ്പറ്റിയുള്ള വിവരങ്ങൾ, ഇതര സാമ്പത്തിക വിവരങ്ങൾ എന്നിവ ഈ കേന്ദ്രത്തിൽനിന്നും സൗജന്യമായി ലഭ്യമാണ്.

### 4. അടിസ്ഥാന സേവിംഗ്സ്ബാങ്ക് അക്കൗണ്ട് മുഖേന വായ്പാ സൗകര്യം

**(Over Draft)**

ഒരു സാധാരണക്കാരന് പലപ്പോഴും മിച്ചം പണം കയ്യിൽ ഉണ്ടായിരിക്കാൻ സാദ്ധ്യത കുറവാണ്. ചികിത്സയുടെ പോലെയുള്ള അത്യാവശ്യം നേരിടുമ്പോൾ പണത്തിന് മറ്റാരെയെങ്കിലും ആശ്രയിക്കേണ്ടതായി വരാറുണ്ട്. എന്നാൽ BSBD Account തുടങ്ങി കുറഞ്ഞത് ആറുമാസം തുടർച്ചയായി തൃപ്തികരമായ രീതിയിൽ ഇടപാടുകൾ നടത്തുകയാണെങ്കിൽ 5000 രൂപ വരെയുള്ള വായ്പ സൗകര്യം ലഭ്യമാണ്. വരുമാനത്തിന്റെ ഒരു ഭാഗം ബാങ്കിലെ BSBD Account -ൽ അടയ്ക്കുകയും ആവശ്യങ്ങൾക്ക് Ru-Pay Card മുഖേന പിൻവലിക്കുകയും ചെയ്താൽ ഇടപാടുകൾ തൃപ്തികരം. വായ്പയുടെ ഉപയോഗവും തിരിച്ചടവും തുടർന്നാൽ വായ്പാ പരിധി കൂട്ടാൻ പിന്നീട് ബാങ്കുകൾ തയ്യാറാകും. ഒരാൾക്ക് ഏതെങ്കിലും ഒരു ബാങ്കിലുള്ള അക്കൗണ്ടിൽ കൂടിമാത്രം ഈ വായ്പാ സൗകര്യം ലഭിക്കുകയുള്ളു.

### 5. സൂക്ഷ്മ ഇൻഷ്വറൻസ്

**(Micro Insurance)**

ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ സാധാരണക്കാർക്ക് അപ്രാപ്യമാണ്. ഈ അവസ്ഥയ്ക്ക് പ്രധാനമായും മൂന്ന് കാരണങ്ങളാണ്.

1. തങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ആവശ്യമാണ് എന്ന അറിവില്ലായ്മ
2. ഉയർന്ന പ്രീമിയം അടക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട്
3. ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് ആവശ്യമായ നടപടി ക്രമങ്ങളുടെ നൂലാമാലകൾ. ഈ പ്രശ്നങ്ങൾ തരണം ചെയ്യാൻ പ്രധാനമന്ത്രി ജൻധൻയോജനയോടനുബന്ധിച്ച് രണ്ടു പുതിയ ഇൻഷ്വറൻസ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

### പ്രധാൻമന്ത്രി സുരക്ഷാ ബീമായോജന

അപകടമരണം പാവപ്പെട്ടവനായാലും പണക്കാരനായാലും ഒരുപോലെ സംഭവ്യമാണ്. ആരുടെ അപകടമരണവും കുടുംബത്തിന് തീരാനഷ്ടം തന്നെയാണ്. എന്നാൽ വരുമാന ദായകന്റെ മരണം ആൾനാശത്തോടൊപ്പം സാമ്പത്തിക ആഘാതവുമാണ്. ഇൻഷുറൻസ് പരിരക്ഷ മൂലം ഉണ്ടായ ആൾ നഷ്ടം നികത്താൻ കഴിയില്ല. എന്നാൽ സാമ്പത്തികനഷ്ടം ഒരു പരിധിവരെ നികത്താൻ കഴിയും. അപ്രകാരമുള്ള ഒരു ഇൻഷുറൻസ് പദ്ധതിയാണ് പ്രധാൻമന്ത്രി സുരക്ഷ ബീമായോജന. ഏതെങ്കിലും വ്യാവസായിക ബാങ്കിൽ BSBD Account ഉള്ള 18-70 വയസ്സിനിടയിലുള്ള ആർക്കും ഈ പദ്ധതിയിൽ ചേരാം.

പ്രതിവർഷ പ്രീമിയം 12 രൂപ മാത്രമാണ്. ഇൻഷ്വർ ചെയ്ത ആൾ അപകടം മൂലം മരിച്ചാൽ പോളിസിയിൽ ചേർന്ന ബാങ്കുമുഖേന ക്ലെയിം ലഭിക്കും. അപകട മരണമായതുകൊണ്ട് പോലീസ് റിപ്പോർട്ട് (FIR) പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണസർട്ടിഫിക്കറ്റ് എന്നിവ ക്ലെയിം ഫോറത്തിനോടൊപ്പം ബാങ്കിൽ നൽകണം. എല്ലാവിധ രേഖകളും സമർപ്പിച്ചുകഴിഞ്ഞാൽ 30 ദിവസത്തിനകം ക്ലെയിം കിട്ടാവുന്നതാണ്. പത്തനംതിട്ട ജില്ലയിൽ ഭൂരിഭാഗം ജനങ്ങൾക്കും ബാങ്ക് അക്കൗണ്ട് ഉണ്ട്. ആയതിനാൽ എല്ലാവരും ഈ ഇൻഷുറൻസ് പദ്ധതിയിൽ ചേരേണ്ടതാണ്.

### പ്രധാൻമന്ത്രി ജീവൻജ്യോതി ബീമായോജന

അപകടം മൂലമല്ലാതെയുള്ള മരണം അപരിഹാര്യമായ ആൾ നഷ്ടത്തോടൊപ്പം പലപ്പോഴും സാമ്പത്തികനഷ്ടം കൂടിയാണ്.

സാമ്പത്തിക നഷ്ടം ഒരു പരിധിവരെ പരിഹരിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കും. 18 നും 50 വയസിനുമിടയിൽ BSBD Account ഉള്ള ആർക്കും ഈ പദ്ധതിയിൽ ചേരാം. 330/- രൂപയാണ് വാർഷിക




പ്രീമിയം. എല്ലാവർഷവും 330/- രൂപ വീതം അടച്ച് ബാങ്കിൽ കൂടിതന്നെ പോളിസി പുതുക്കാം. പോളിസിയിൽ ചേർന്നിട്ടുള്ള ആൾക്ക് 55 വയസുവരെ ഇൻഷുറൻസ് പരിരക്ഷ തുടരാം. പോളിസി എടുത്ത ആൾ കാലാവധിക്കകം മരിക്കുകയാണെങ്കിൽ അവകാശിക്ക് (നോമിനിക്ക്) 200000/- രൂപ ലഭിക്കും. ക്ലെയിം കിട്ടാൻ മരണസർട്ടിഫിക്കറ്റിനോടൊപ്പം മറ്റു രേഖകളും കൂടി ബാങ്കിൽ നൽകിയാൽ മതി.

ഓർക്കുക; മേൽപ്പറഞ്ഞ രണ്ട് ഇൻഷുറൻസ് പോളിസികളും എല്ലാ വർഷവും കാലാവധി തീരുന്നതിന് മുമ്പ് പുതുക്കേണ്ടതാണ്. രണ്ട് പദ്ധതികളും കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾക്കു വിധേയമാണ്. ജീവൻ ജ്യോതി ബീമായോജന പദ്ധതിയിൽ 30-11-2015 വരെ ചേരുന്നവർക്ക്

സ്വന്തം ആരോഗ്യത്തെപ്പറ്റിയുള്ള സത്യവാംങ് മൂലം ഒഴിവാക്കിയിട്ടുണ്ട്.

## 6. അടൽപെൻഷൻ പദ്ധതി

ഭാരതത്തിലെ ജനസംഖ്യയുടെ 10% ത്തിൽ താഴെ മാത്രമേ ഏതെങ്കിലും തരത്തിലുള്ള പെൻഷൻ സർക്കാരിൽ നിന്നോ അംഗീകൃത സംവിധാനത്തിൽകൂടിയോ അർഹരായിട്ടുള്ളൂ. ജീവിതസായാഹ്നത്തിൽ, ജോലി ചെയ്യാൻ കഴിയാതെ വരുമ്പോൾ ഒരു വരുമാന മാർഗ്ഗം എന്ന രീതിയിൽ പെൻഷൻ ഒരു അനുഗ്രഹമാണ്. എന്നാൽ എല്ലാ പൗരന്മാർക്കും പെൻഷൻ നൽകാൻ നമ്മുടേതുപോലെ ജനബാഹുല്യമുള്ള രാജ്യത്ത് സർക്കാരിന് കഴിയുകയുമില്ല. ആയതിനാൽ നാം സമ്പാദിക്കുന്ന കാലത്ത് അതിൽനിന്നും ഒരു ഭാഗം ഭാവിയിൽ കിട്ടാനുള്ള പെൻഷനുവേണ്ടി മാറ്റിവയ്ക്കാവുന്നതാണ്. 18 നും 40 നും ഇടയിൽ പ്രായമുള്ള ആർക്കും ഈ പെൻഷൻ പദ്ധതിയിൽ ചേരാവുന്നതാണ്. നമുക്കൊരു പഴഞ്ചൊല്ലുണ്ടല്ലോ; "സമ്പത്തുകാലത്ത് തൈ പത്തുവച്ചാൽ ആപത്തുകാലത്ത് കാ പത്തു തിന്നാം". പ്രവർത്തിക്കാൻ കഴിയുന്ന കാലത്ത് വരുമാനത്തിന്റെ ഒരു ഭാഗം സൂക്ഷിച്ച് നിക്ഷേപിച്ചാൽ വാർദ്ധക്യകാലത്ത് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒരുപരിധിവരെ ഒഴിവാക്കാം. പ്രതിമാസം 1000 രൂപ മുതൽ 5000 രൂപ വരെ പെൻഷൻ ലഭിക്കാവുന്ന പദ്ധതികൾ നിലവിലുണ്ട്. പദ്ധതിയിൽ ചേരുമ്പോഴുള്ള വയസനുസരിച്ച് മാസംതോറും അടയ്ക്കേണ്ട തുകയ്ക്ക് വ്യത്യാസമുണ്ട്. 40 വയസ് തികയുന്നതിനു മുമ്പ് പദ്ധതിയിൽ ചേർന്ന് 60 വയസ് തികയുമ്പോൾ മുതൽ പെൻഷൻ ലഭിച്ചു തുടങ്ങും. പദ്ധതിയിൽ ചേർന്നയാൾ മരിച്ചാൽ അടുത്ത അവകാശിക്ക് (ഭാര്യ/ഭർത്താവ്) പെൻഷൻ ലഭിച്ചുകൊണ്ടിരിക്കും. അടുത്ത അവകാശിയും മരിച്ചുകഴിഞ്ഞാൽ നിക്ഷേപിച്ച തുക നോമിനിക്ക് ലഭിക്കും. 2015 ഡിസംബർ 31-നു മുമ്പ് പദ്ധതിയിൽ ചേരുന്നയാൾക്ക് ഒരു വർഷം അടയ്ക്കുന്ന തുകയുടെ പകുതി, അഥവാ പരമാവധി 1000 രൂപയോ സർക്കാർ പദ്ധതിയിലേക്ക് അടയ്ക്കും. പദ്ധതിയിൽ ചേരുന്ന ആൾ ഏതെങ്കിലും നിയമാനുസൃത പെൻഷന് അർഹനോ വരുമാന നികുതിദായകനോ (Income tax payer) ആയിരിക്കരുത്. അടൽ പെൻഷൻ പദ്ധതിയിലേക്കും അടിസ്ഥാന സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽക്കൂടി മാത്രമേ ചേരാൻ കഴിയുകയുള്ളൂ.

## മുദ്രാ ബാങ്ക്

കേന്ദ്രസർക്കാർ 2013-ൽ നടത്തിയ ഒരു സർവേയിൽ ഭാരതത്തിൽ ഏകദേശം 5.77 കോടി സൂക്ഷ്മ സംരംഭങ്ങൾ ഗ്രാമീണ മേഖലയിലുണ്ട്. ഇവയിൽ കൂടുതലും സ്വയം തൊഴിൽ സംരംഭങ്ങളോ കുടുംബ സംരംഭങ്ങളോ ആണ്. ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന ഈ സംരംഭങ്ങൾക്ക് അംഗീകൃത പണമിടപാടുസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കാനുള്ള സൗകര്യം പരിമിതമാണ്. ഇവർ കൂടുതലായും സ്വകാര്യ പണമിടപാടുകാരിൽ നിന്നും കടം വാങ്ങുന്നു. അമിത പലിശയും പലപ്പോഴും സംരംഭത്തിന്റെ പരാജയവും ഇവരെ കടക്കെണിയിലാക്കുന്നു.

പ്രധാനമന്ത്രി 8-4-2015 ൽ പ്രഖ്യാപിച്ച ഗ്രാമീണ സൂക്ഷ്മ വ്യവസായ മേഖലയ്ക്ക് കൂടുതൽ സാമ്പത്തിക സൗകര്യം ലഭിക്കാനുള്ള പദ്ധതിയാണ് മുദ്രാ ബാങ്ക് സംവിധാനം. ഭാരതത്തിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ ബാങ്കുകളും സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങളും മുദ്രാ ബാങ്ക് സംവിധാനത്തിന്റെ പ്രയോജകരാണ്. കാർഷിക മേഖലയൊഴിച്ചുള്ള എല്ലാ സൂക്ഷ്മസംരംഭങ്ങൾക്കും മുദ്രാ ബാങ്ക് സംവിധാനത്തിൽ വായ്പ ലഭ്യമാണ്. മുദ്രാ ബാങ്ക് സംവിധാനത്തെ താഴെ പറയുന്ന മൂന്നായി തരംതിരിച്ചിരിക്കുന്നു.

1. ശിശു - 50000 രൂപ വരെ വായ്പ ആവശ്യമുള്ള വളരെ ചെറിയ സംരംഭങ്ങൾ.
2. കിഷോർ - 50000 രൂപയ്ക്കു മുകളിൽ 500000 രൂപ വരെ വായ്പ ആവശ്യമുള്ള സംരംഭങ്ങൾ.
3. തരുൺ - 500000 രൂപയ്ക്കു മുകളിൽ പത്തു ലക്ഷം രൂപ വരെ വായ്പ ആവശ്യമുള്ള സംരംഭങ്ങൾ.

## പലിശനിരക്ക്

ഹ്രസ്വകാല കാർഷിക വായ്പപോലെ മുദ്രാ ബാങ്ക് വായ്പകൾക്ക് പലിശ നിയന്ത്രണമോ, പലിശ സബ്സിഡിയോ ബാധകമല്ല. എന്നാൽ ഇതര അംഗീകൃത ധനകാര്യ സ്ഥാപനങ്ങളും കൊടുക്കുന്ന മുദ്രാ ബാങ്ക് വായ്പകൾക്കനുസരിച്ചുള്ള തുക, കുറഞ്ഞ പലിശനിരക്കിൽ, അവർക്ക് പണലഭ്യതാ സൗകര്യം സർക്കാർ ഒരുക്കിയിട്ടുണ്ട്. ആയതിനാൽ ഇതര വ്യവസായ വായ്പകളെ അപേക്ഷിച്ച് മുദ്രാ ബാങ്ക് വായ്പകൾക്ക് പലിശ നിരക്ക് കുറവായിരിക്കും.

## ഈട്/ജാമ്യം

മുദ്രാ ബാങ്ക് വായ്പകൾക്ക്, വായ്പ മുഖേന ആർജ്ജിക്കുന്ന ആസ്തികൾ കൂടാതെ സ്വന്തം ജാമ്യം മാത്രം മതിയാകും. മുദ്രാ ബാങ്ക് സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചാൽ തീർച്ചയായും ഗ്രാമീണ സാമ്പത്തിക മേഖലകൾക്ക് ഭാവിയിൽ വളരെ പുരോഗതിയുണ്ടാകും. എന്നാൽ വായ്പയെടുക്കുന്നവർ പണം ശരിയായി ഏതു സംരംഭത്തിനാണോ എടുത്തത് അതിനായി ഉപയോഗിക്കാൻ ശ്രദ്ധിക്കണം. കൂടാതെ സംരംഭകർ ശരിയായ സാമ്പത്തിക അച്ചടക്കം പാലിക്കാനും ശ്രദ്ധിക്കണം. സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾക്ക് ഈ പദ്ധതിയുടെ വിജയത്തിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയണം.

## കാർഷിക വായ്പകൾ

### ഹ്രസ്വകാല വായ്പകൾ

കാലാകാലങ്ങളിൽ ചെയ്യുന്ന കൃഷിക്ക് ആവശ്യമായ വായ്പകൾ ബാങ്കിൽനിന്നും ലഭ്യമാണ്. നെല്ല്, കപ്പ, വാഴ, പച്ചക്കറി മുതലായ ഇരുപത്തിയഞ്ചോളം വിളകൾക്ക് വായ്പ ലഭിക്കും. ഓരോ ഇനം വിളകൾക്കും ആവശ്യമായ ചെലവനുസരിച്ചാണ് വായ്പയുടെ തോത് നിശ്ചയിക്കുന്നത്. കൃഷി ചെയ്യുന്ന വിള

കൾ, ഭൂമിയുടെ വിസ്തീർണ്ണം, കാർഷിക അനുബന്ധ ചെലവുകൾ എന്നിവകൂടി വായ്പയുടെ ഭാഗമായി കണക്കാക്കാം. കർഷകന് ഒരു വർഷത്തെ കാർഷിക ആവശ്യത്തിന് ആവശ്യമായ തുക കണക്കാക്കി നൽകുന്ന വായ്പയ്ക്ക് 'കിസാൻ ക്രെഡിറ്റ് കാർഡ്' (KCC) എന്നറിയപ്പെടുന്നു.

### കെ.സി.സി.യുടെ പ്രത്യേകതകൾ

### കാലാവധി

ഒരു വർഷം (ഓരോ വർഷവും തികയുന്നതിനു മുമ്പായി, വായ്പ തുകയും പലിശയും ഒന്നിച്ചോ തവണകളായി അടച്ച് വായ്പ പുതുക്കേണ്ടതാണ്.)

### പലിശനിരക്ക്

പ്രതിവർഷം 7% (വായ്പ ഒരു വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്രസർക്കാരിന്റെ 3% പലിശ സബ്സിഡി ലഭിക്കുന്നതാണ്). 31-3-2016 നുശേഷം പദ്ധതി മാറ്റങ്ങൾക്കു വിധേയമായിരിക്കും.

### ഈട്

10000/- രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് പ്രത്യേക ഈടോ ആൾ ജാമ്യമോ ആവശ്യമില്ല. എ.ടി.എം.കാർഡ്, ചെക്ക് ബുക്ക്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നീ സൗകര്യങ്ങൾ കെ.സി.സി.ക്ക് ലഭ്യമാണ്.

### കാലാവധി വായ്പകൾ

കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നതാണ്. കാർഷിക ആവശ്യത്തിനുള്ള ട്രാക്ടർ, പല്ലർ, ടില്ലർ, കൊയ്ത്ത് മെതി യന്ത്രം, പമ്പ്സെറ്റ്, കറവപ്പശു/എരുമ വളർത്തൽ, ഇറച്ചി/മുട്ടക്കോഴി വളർത്തൽ, മത്സ്യകൃഷി എന്നിങ്ങനെ ലാഭകരമായി പ്രവർത്തിക്കാവുന്ന എല്ലാ ആവശ്യങ്ങൾക്കും വായ്പ ലഭിക്കും.

### ചെറുകിട സംരംഭകർക്കുള്ള ബാങ്ക് വായ്പകൾ

കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ചെറുകിട വ്യവസായ മേഖലയാണ്. ചെറുകിട വ്യവസായ മേഖലയ്ക്ക് വളരെ ഉദാരമായ വ്യവസ്ഥകളിൽ വായ്പ ലഭിക്കാൻ സംവിധാനം ഇന്ന് നിലവിലുണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് 10 ലക്ഷം രൂപ വരെ പ്രത്യേക ഈടോ ആൾ ജാമ്യമോ കൂടാതെ (CGTMSE) ഗ്യാരന്റിയോടുകൂടി ബാങ്ക് വായ്പ ലഭിക്കാവുന്നതാണ്. ലാഭകരമായി പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ഒരു കോടി രൂപ വരെ (CGTMSE) ഗ്യാരന്റിയോടുകൂടി വായ്പ കൊടുക്കാനുള്ള സൗകര്യവും നിലവിലുണ്ട്.

പുതിയ സംരംഭകരെ കണ്ടെത്താനും, അവർക്ക് ആവശ്യമായ ഉപദേശങ്ങളും പരിശീലനവും മറ്റും നൽകാനും സംസ്ഥാന വ്യവസായ വകുപ്പ് സദാ സന്നദ്ധരാണ്. വ്യവസായ വകുപ്പിന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും ബ്ലോക്ക് തലത്തിലും പ്രവർത്തിക്കുന്നുണ്ട്.

### കേന്ദ്രസർക്കാർ അംഗീകൃത വിദ്യാഭ്യാസ വായ്പാപദ്ധതി

**ഉദ്ദേശ്യം:** പഠിക്കാൻ സമർത്ഥരായ കുട്ടികൾ പണമില്ലാത്തതുകൊണ്ടു മാത്രം പഠിക്കാതിരിക്കാൻ ഇടയാവരുത്.

**ലക്ഷ്യം:** നൂതന സാങ്കേതിക വ്യാവസായിക പഠനത്തിലൂടെ മാനവശേഷി വികാസവും രാജ്യത്തിന്റെ സാങ്കേതികവും സാമ്പത്തികവുമായ പുരോഗതിയും.

**അർഹത:** (എ) ഭാരതീയ പൗരനായിരിക്കണം. (ബി) പന്ത്രണ്ടാം ക്ലാസ് ഉന്നത നിലവാരത്തിൽ പാസായിരിക്കണം. (സി) പ്രവേശനം അംഗീകൃത പ്രവേശന പരീക്ഷയിലൂടെയോ അടിസ്ഥാന യോഗ്യതാ പരീക്ഷയ്ക്ക് നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലോ (Merit Based Selection Process) ആയിരിക്കണം. കൂടാതെ പഠനം പൂർത്തിയായാൽ ജോലി സാദ്ധ്യതയും തിരിച്ചടവിനുള്ള ശേഷിയും ഉണ്ടായിരിക്കണം. (ഡി) പഠിക്കുന്ന വിഷയത്തിനും (കോഴ്സ്) പഠനം നടത്തുന്ന സ്ഥാപനത്തിനും ആവശ്യമായ അംഗീകാരങ്ങൾ ഉണ്ടായിരിക്കണം.

**വായ്പാപരിധി:** (എ) ഭാരതത്തിലുള്ള പഠനത്തിന് 10 ലക്ഷം രൂപ വരെ (ഭാരതത്തിലുള്ള ചില കോഴ്സുകൾക്ക് 10 ലക്ഷം രൂപയിൽ കൂടുതൽ ആവശ്യമുണ്ടെങ്കിൽ ബാങ്കുകൾക്ക് വായ്പ നൽകാവുന്നതാണ്. എന്നാൽ പലിശ സബ്സിഡി 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് മാത്രമെ ലഭിക്കുകയുള്ളൂ). (ബി) വിദേശത്തുള്ള പഠനത്തിന് 20 ലക്ഷം രൂപ വരെ.

**ഈട്:** 4 ലക്ഷം രൂപവരെ പ്രത്യേക ഈടില്ല. വിദ്യാർത്ഥിയും രക്ഷാകർത്താവും ചേർന്ന് വായ്പ എടുക്കാം. 4 മുതൽ 7.5 വരെ മൂന്നാമതൊരാളുടെ ജാമ്യമോ സ്വീകാര്യമായ ഈടോ നൽകണം. (കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ ഗ്യാരന്റി കോർപ്പറേഷന്റെ രൂപീകൃതമാകുന്ന മുറയ്ക്ക് 7.5 ലക്ഷം രൂപവരെയുള്ള വായ്പകൾ പ്രത്യേക ഈടോ ആൾ ജാമ്യമോ ആവശ്യമുണ്ടാകില്ല.) 7.5 ലക്ഷത്തിനു മുകളിലുള്ള വായ്പയ്ക്ക് ബാങ്കിന് സ്വീകാര്യമായ സ്ഥാവര ജംഗമ വസ്തുക്കൾ ഈടായി നൽകണം.

**പലിശ:** വായ്പയുടെ പലിശ അതാതു ബാങ്കുകൾക്ക് തീരുമാനിക്കാം. നിബന്ധനകൾക്കു വിധേയമായി 10 ലക്ഷം രൂപ വരെയുള്ള ഭാരതത്തിലെ പഠനത്തിനെടുത്തിരിക്കുന്ന വായ്പയുടെ പലിശ പഠനകാലവും ജോലി ലഭിക്കാനുള്ള കാലം വരെയും (പരമാവധി 1 വർഷം) കേന്ദ്ര സർക്കാരിൽനിന്നും സബ്സിഡിയായി ലഭിക്കുന്നു.

**കാലാവധി:** പഠനകാലവും ജോലി ലഭിക്കാനുള്ള കാലാവധിയും കൂടാതെ 7.5 ലക്ഷം വരെയുള്ള വായ്പകൾക്ക് പരമാവധി 10 വർഷവും അതിനു മുകളിലുള്ള വായ്പയ്ക്ക് 15 വർഷവും തിരിച്ചടവ് കാലാവധി ലഭിക്കും.




# സുസ്ഥിരവികസന മാതൃകയുമായി ബോധന ചരിത്രവഴികളിൽ



**ഷാജി മാത്യു കൂളിയാട്ട്**
ബോധന, പ്രസിഡന്റ്

മലങ്കര കത്തോലിക്കാ സഭാ തിരുവല്ലാ അതിരൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ ബോധന കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനമാരംഭിച്ചത് 1950 കളോടെയാണ്. 1950 മെയ് 8 ന് തിരുവല്ലാ അതിരൂപതയിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബി. ആർ. എസ്. ഡയറക്ടറായി ഫാ. മാത്യു നെടുങ്ങാട്ടച്ചന് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് അടിത്തറപാകി. തുടർന്ന് ഫാ. ജോവാക്കിം നാഗഞ്ചേരിൽ, ഫാ. സൈമൺ പുളിയൻകീഴ്, ഫാ. ഏബ്രഹാം അഴകത്ത്, ഫാ. ഏബ്രഹാം കാക്കനാട്ട്, വീണ്ടും ഫാ. ജോവാക്കിം നാഗഞ്ചേരിൽ, ഫാ. ചെറിയാൻ താഴമൺ, ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. മാത്യു പുനക്കുളം, ഫാ. സാബു മരുതൂർ, ഫാ. വിൻസൺ നിറകണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി. ഇന്നിപ്പോൾ ഫാ. തോമസ് പയ്യംമ്പള്ളിൽ ഈ പ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം ചെയ്യുന്നു. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ബോധനയുടെ വിജയത്തിലേക്കുള്ള പുതിയ കാൽവയ്പുകൾക്ക് ഉണർവ്വേകുന്നു.



രൂപതയുടെ ജനനത്തോടൊപ്പം തന്നെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഈ മണ്ണിൽ ആരംഭിച്ചെങ്കിലും 1972 ഫെബ്രുവരി 11 നാണ് രജിസ്ട്രർ ചെയ്യപ്പെട്ട് ഒരു സൊസൈറ്റിയായി മാറിയത്. ആദ്യ കാലഘട്ടങ്ങളിൽ ഉപവി-ക്ഷേമ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വർക്ക് എന്ന പേരിൽ തുടക്കത്തിൽ അറിയപ്പെട്ടിരുന്നു. 1990 കളുടെ ആരംഭത്തിൽ പ്രവർത്തനങ്ങളിൽ, ശൈലിയിൽ, സമീപനങ്ങളിൽ കാതലായ മാറ്റം അനുഭവപ്പെട്ടു. ജനസംഘടന പ്രവർത്തനങ്ങൾക്ക് സൊസൈറ്റി തുടക്കം കുറിച്ചു. കേരളത്തിലെ 90 ഗ്രാമങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, ഇടുക്കി എന്നിങ്ങനെ 7 ജില്ലകളിൽ ജനകീയ അടിത്തറ ശക്തിപ്പെടുത്തി സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

രൂപത വിഭജനങ്ങൾക്കുശേഷം ഇന്ന് കേരളത്തിലെ 4 റവന്യൂജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. വ്യക്തമായ മൂല്യങ്ങളുടെ ശക്തമായ അടിത്തറയിൽ നിന്നുകൊണ്ട് സാധാരണക്കാരുടെ ജീവിത യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. പരിമിതമായ പ്രാദേശിക വിഭവങ്ങളിൽനിന്ന് അനിവാര്യമായ ആവശ്യങ്ങൾപോലും നിറവേറ്റാൻ പറ്റാത്ത ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് സമഗ്രവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങളിലൂടെ വിവിധ സ്രോതസ്സുകളിൽ നിന്ന് സഹായങ്ങൾ ലഭ്യമാക്കി വികസന മുന്നേറ്റത്തിന് വഴിയൊരുക്കി.

ജനകീയ സംഘടനകളുടെ രൂപീകരണവും ശാക്തീകരണവും നടപ്പിലാക്കി. സ്ത്രീകളുടെയും മറ്റ് പിന്നോക്കം നിൽക്കുന്നവരുടേയും പങ്കാളിത്തം വികസന പ്രക്രിയയിൽ ഉപയോഗപ്പെടുത്തി. ഹൈറേഞ്ചിന്റെ പലഭാഗത്തും വികസനമെത്തിച്ചു.

സമാന ദർശനങ്ങളോടും ലക്ഷ്യങ്ങളോടും കൂടി പ്രവർത്തിക്കുന്ന സംഘടനകളും, സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ച് വികസനമെത്താത്ത സ്ഥലങ്ങളിൽ വികസനത്തിന്റെ വിത്തു പാകുവാൻ കഴിഞ്ഞു.

വികസന രംഗത്തെ പുത്തൻ മാറ്റങ്ങളും സാധ്യതകളും ഉൾക്കൊണ്ടുകൊണ്ട് 2000-ാമാണ്ടിലെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. സ്ഥായിയായതും ദൂരവ്യാപകവുമായ മാറ്റങ്ങൾ സമൂഹത്തിൽ ചെലുത്താൻ കൂട്ടായ പരിശ്രമം നടത്തിവരുന്നു.

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നല്ലയിനം വിത്തുകൾ വിതരണം ചെയ്യുക. കാർഷിക ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് സാധാരണക്കാരിൽ എത്തിക്കുക, കൃഷിവകുപ്പുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പിലാക്കുക തുടങ്ങി കാർഷിക സംസ്കാരം വളർത്തുന്ന പ്രവർത്തന പരിപാടികൾക്ക് ഇന്ന് നേതൃത്വം നൽകി വരുന്നു.



പരിസ്ഥിതി സംരക്ഷണം ഇന്നിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ്, പരിസ്ഥിതി ദിനാചരണങ്ങൾ നടത്തുന്നു. മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

ബോധനാ ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പുഷ്പഗിരി മെഡിക്കൽ കോളജുമായി ചേർന്ന് ചികിത്സാ സൗകര്യങ്ങൾ





ഒരുക്കുന്നു. ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നു. സെന്റ് പീറ്റേഴ്സ് ഹാൻഡ് ചികിത്സാ സഹായ പദ്ധതി വഴി നിർദ്ധനരായ രോഗികൾക്ക് സഹാമെത്തിക്കുന്നു. ആശാകിരണം ക്യാൻസർ ബോധവൽക്കരണ പരിപാടി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.




പത്തനംതിട്ട ജില്ലയിലെ ചൈൽഡ് ലൈനിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കുട്ടികളെ ചൂഷണങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് സാക്ഷ്യം വഹിക്കുന്നു. ICDP പദ്ധതികൾ വഴി കുട്ടികൾക്ക് സഹായമെത്തിക്കുന്നു. അംഗവൈകല്യമുള്ള കുട്ടികളുടെ പരിചരണത്തിനായി 'സ്വാന്തന' പരിപാടികൾ നടപ്പിലാക്കുന്നു.

ജലനിധി പദ്ധതിയുടെ ഭാഗമായി കടപ്ലാമറ്റം, വാത്തുകുടി പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾക്ക് ബോധനയുടെ സ്റ്റാഫംഗങ്ങൾ പഞ്ചായത്തുമായി ചേർന്ന് ഒരു പ്രദേശത്തിന്റെ വികസനത്തിനായി പ്രവർത്തിക്കുന്നു.

കർഷകരെ സ്വയംപര്യാപ്തരാക്കുന്നതിന്റെ ഭാഗമായി തേനീച്ച വളർത്തൽ, കൂൺ കൃഷി എന്നിവയും, തയ്യൽപരിശീലനം, ബ്യൂട്ടീഷൻ കോഴ്സുകൾ തുടങ്ങിയവയും വിവിധ കേന്ദ്രങ്ങളിൽ ബോധനയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

സുനാമി ഭരണമേഖലകളിൽ നടത്തുന്ന ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ ഇന്നും തുടരുന്നു. ബോധനയുടെ വിഷം കലരാത്ത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും വിപണന മേളകളിലൂടെ കഴിയുന്നു.

മാറിവരുന്ന വികസന കാഴ്ചപ്പാടുകൾക്കനുസരിച്ച് വികസന പ്രവർത്തനങ്ങളുടെ നിർവ്വാഹകർ എന്നതിൽ നിന്നും പ്രചോദകർ എന്ന നിലയിലേക്ക് നാം മാറുന്നു. മാനവ വികസനത്തിനായി പുനർപ്പണം ചെയ്ത ഒരു വികസന സംസ്കൃതിക്കായി നമ്മുടെ പ്രദേശങ്ങളിൽ നമുക്ക് കൈകോർത്ത് പ്രവർത്തിക്കാം.



കാണാപ്പുറങ്ങൾ



# പൂമ്പാറ്റ മാറാനാവുമോ...?

സി. എലൈസ്മേരി
ചേറ്റാനി FCC



മഹാഭാരതത്തിലെ യയാതി എന്ന രാജാവിന്റെ കഥയ്ക്ക് എക്കാലത്തും പ്രസക്തിയുണ്ടെന്നു തോന്നുന്നു. കഥയിതാണ്. ശാപഗ്രസ്തനായി യൗവനം നഷ്ടപ്പെട്ട യയാതി യുവസഹജമായ ആഘോഷങ്ങളിൽ തൃപ്തിവരാതെ തന്റെ വാർധക്യം മകനായ പൂരുവിന് നൽകി അവന്റെ യൗവനം സ്വീകരിച്ചു. എന്നാൽ എത്ര ആഘോഷിച്ചിട്ടും മതിവരില്ലെന്ന് മനസ്സിലാക്കിയ ആ രാജാവ് ഒടുവിൽ മകനു യൗവനം തിരികെ കൊടുത്ത് വനവാസത്തിനു പോകയാണ്.

യയാതിയെ വായിക്കുമ്പോഴൊക്കെ തോന്നാറുണ്ട്, ഇന്നും വ്യത്യസ്തമല്ലല്ലോ കാര്യങ്ങളെന്ന്. ഇങ്ങനെ വിചാരിക്കുന്നതിനും ചില ന്യായങ്ങളുണ്ട്. പിതാവിന്റെ വാർധക്യം ഏറ്റെടുത്ത് തന്റെ യൗവനം കൈമാറിയ 'പൂരുവിന്' വംശനാശം സംഭവിച്ചു കഴിഞ്ഞു. സംശയമില്ല. കാരണം ഇന്നത്തെ കാലത്ത് ഒരു മകനും അങ്ങനെ ചെയ്യില്ല. പക്ഷേ, യയാതിയുടെ വംശം ഇന്നും നിലനിൽക്കുന്നുവെന്നത് നിഷേധിക്കാനാവില്ല. അൽപമൊന്നു ശ്രദ്ധിച്ചാൽ ചുറ്റും സംഭവിക്കുന്നത് അങ്ങനെയാണെന്നു കാണാം. ആരും തങ്ങളുടെ വാർധക്യം മക്കൾക്കു വെച്ചുമാറുന്നില്ല എന്നേയുള്ളൂ. എങ്ങനെയൊക്കെയോ അത് ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. നൂതനവഴികൾകൊണ്ട് വാർധക്യത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്നവരൊക്കയും യയാതിയുടെ ചെറുപതിപ്പല്ലെന്ന് പറയാനാവില്ല.

ഉവ്വ്. നിത്യയുവത്വം വേണം എന്ന അതിമോഹമുണ്ട് എക്കാലവും മനുഷ്യന്. അതുകൊണ്ടാണല്ലോ ചെറുപ്രായക്കാരെ അനുകരിച്ച് പ്രായം കുറയ്ക്കാൻ മോഹിക്കുന്നതും അതിനുള്ള ശ്രമങ്ങൾ നടത്തു

ന്നതുമൊക്കെ. പെട്ടെന്നൊരു ദിവസം തലയിൽ ഒരു വെള്ളിനൂൽ പ്രത്യക്ഷപ്പെടുമ്പോൾ വേവലാതിപ്പെടാത്ത ആരാണുള്ളത്. അതിൽ വലിയ അർഥമില്ലെന്നറിയാഞ്ഞിട്ടൊന്നുമല്ല. എങ്കിൽപോലും ജീവിതമേ അവസാനിച്ചു എന്ന മട്ടിലുള്ള വെപ്രാളമാണ് പലർക്കും. അവരെ ആശ്വസിപ്പിച്ചുകൊണ്ട് നരച്ച തല കറുപ്പിക്കാനുപകരിക്കുന്ന ഒരുപാടു വസ്തുക്കൾ വിപണിയിൽ ലഭിക്കുന്നുമുണ്ട്. വെറുതെ ഒരു കൗതുകത്തിന് ചുറ്റും നോക്കിയാലറിയാം മുടിയിൽ ഡൈ പൂശി ചെറുപ്പം സൂക്ഷിക്കാനാഗ്രഹിക്കുന്നവരാണ് ഭൂരിഭാഗം ആളുകളുമെന്ന്. വാസ്തവത്തിൽ സാധാരണ ജീവിതത്തിന് നിലാവെളിച്ചത്തിന്റെ ശോഭ പകരുന്ന മാറ്റമെന്നു കരുതി സ്വീകരിക്കാവുന്നതേയുള്ളൂ വാർധക്യലക്ഷണങ്ങളെ.

എന്നാൽ നര പാറിയ മുടിയും ചുളിവുള്ള മുഖവുമൊക്കെ എന്തോ കുറവാണെന്ന് തോന്നത്തക്ക

ഒന്നാലോചിച്ചാൽ വാർധക്യത്തെ ചെറുത്തു തോൽപിക്കാനുള്ള ശ്രമങ്ങൾ പണ്ടെന്നതിനെക്കാൾ ഇന്ന് വളരെയുണ്ടെന്നതാണ് വാസ്തവം. ഉപഭോഗ സംസ്കാരവും ആധുനിക ചിന്താഗതിയും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വളർച്ചയുമൊക്കെ അങ്ങനെ ചിന്തിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കയും പ്രോത്സാഹിപ്പിക്കയുമാണെന്നു പറയുന്നതാകും കൂടുതൽ ശരി. ദൃശ്യമാധ്യമങ്ങളിൽ വരുന്ന പരസ്യങ്ങൾ നിരീക്ഷിച്ചാൽ ഇക്കാര്യം മനസ്സിലാക്കാവുന്നതേയുള്ളൂ. ഏതു പരസ്യവും ചെറുപ്പക്കാരെ ചുറ്റിപ്പറ്റിയുള്ളതാണ്. വാണിജ്യതാത്പര്യത്തിനനുസരിച്ച് നമ്മുടെ സൗന്ദര്യസങ്കൽപ്പങ്ങളിൽ മാറ്റം വരുന്നത് നമ്മളൊട്ടറിയുന്നുമില്ല. മനുഷ്യരുടെ വൈകാരിക ദുർബലതയെ ചൂഷണം ചെയ്യുന്ന ഓരോരോ ചൂണ്ടക്കൊളുത്തുകൾ! ഋതുഭേദങ്ങളെ ജീവിതത്തിലേക്കു സ്വീകരിക്കാൻ ധൈര്യമില്ലാത്തവരെ ഇങ്ങനെ



രീതിയിലുള്ള പരസ്യത്തിൽ വീണുപോകുന്നവരെ പരിഹസിക്കേണ്ടതില്ല. പുതിയ കാലത്തിന്റെ അളവുകോലുകൾക്കിണങ്ങിയ വിധം തങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്താൻ ശ്രമിക്കയാണവർ. ബൗദ്ധികമായി വളരെയേറെ വളർന്നുവെന്ന് അഭിമാനിക്കുമ്പോഴും ജരാനരാദികളെ അകറ്റി നിർത്തേണ്ടതാണെന്നൊരു വിചാരമാണ് നമ്മുടെ ആളുകളുടെ അബോധത്തിൽ എങ്ങനെയോ കയറിക്കൂടിയിരിക്കുന്നതെന്ന് തോന്നുന്നു. നാടോടുമ്പോൾ നടുവേ ഓടണമല്ലോ! യൗവനത്തെക്കുറിച്ചു മാത്രമാണ് ലോകം ചിന്തിക്കുന്നതെന്നു പറഞ്ഞാലും തെറ്റില്ല. എന്തായാലും വാർധക്യത്തിന്റെ ഐശ്വര്യലക്ഷണങ്ങളൊക്കെ ഇന്ന് വല്ലാതെ വികലമാക്കപ്പെടുന്നുണ്ട്.

പലതും കീഴ്പെടുത്തുമെന്നത് വേറെ കാര്യം. ചില കാര്യങ്ങൾ ജീവിതത്തിന്റെ ഭാഗമാകുന്നതിൽ വളരെ സൂക്ഷ്മമായ ചില പ്രക്രിയകൾ ഒളിഞ്ഞിരിപ്പുണ്ടെന്നത് അധികമാരും ശ്രദ്ധിക്കുന്നില്ലെന്നത് ഇക്കാര്യത്തിലും ശരിതന്നെ.

മറ്റൊരു തരത്തിൽ പറഞ്ഞാൽ വ്യക്തിയുടെ അരക്ഷിതബോധത്തെയും അപകർഷതയെയും മുതലെടുക്കുകയാണ് പരസ്യങ്ങളൊക്കെയും. പ്രത്യേകിച്ച് രോഗങ്ങളും മരണഭീതിയും വേട്ടയാടുന്ന വാർധക്യത്തെ. അത്ര വ്യക്തമായിട്ടാണ് വാർധക്യത്തെ വെല്ലുവിളിച്ചും അപഹസിച്ചും സൗന്ദര്യവർധക വസ്തുക്കൾ വിപണി കീഴടക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഒന്നുണ്ട്. ഉല്പന്നം എന്തായാലും അത്

ഒഴിച്ചുകൂടാനാവാത്തതാണെന്ന് തോന്നുന്നിടത്ത് ഒരു പരിധിവരെ പരസ്യങ്ങൾ വിജയിക്കുകയും മനുഷ്യൻ പരാജയപ്പെടുകയുമാണ്. യാഥാർത്ഥ്യങ്ങളിൽനിന്ന് മനുഷ്യനെ അകറ്റുന്ന എണ്ണമറ്റ പരസ്യങ്ങളുടെ പ്രളയത്തിൽ തനിതങ്കവും കാക്കപ്പൊന്നുമൊന്നും തിരിച്ചറിയാനാകാതെ കുഴങ്ങുന്ന പാവം മനുഷ്യർ! ജീവിതവുമായി ബന്ധമുള്ള ഏറ്റവും പ്രസക്തമായ കാര്യം ബാഹ്യമായ യൗവനം നിലനിർത്തുകയാണെന്നു ലോകം വിചാരിച്ചാൽ പിന്നെ അവരെന്തു ചെയ്യും? അല്ലേ.

അതങ്ങനെതന്നെയാണ് സംഭവിക്കുന്നത്. ബാഹ്യരൂപത്തെക്കുറിച്ച് മനുഷ്യന്റെ ഉത്കണ്ഠകൾക്കും ആശങ്കകൾക്കും അറുതിയില്ല. അതുകൊണ്ടുതന്നെ നല്ലൊരളവിൽ നമ്മൾ വാർധക്യത്തെ ഭയപ്പെടുന്നുമുണ്ട്. കൊഴിഞ്ഞുപോയ പല്ലുകൾക്കു പകരം അതിമനോഹരമായവ വെച്ചുപിടിപ്പിച്ച് ചെറുപ്പമാകാനുള്ള ശ്രമം സൂചിപ്പിക്കുന്നതും ഈ ഭയമല്ലാതെ മറ്റൊന്നുമല്ല. സിക്സ് പായ്ക്കും സ്ലിംബ്യൂട്ടിയും മുതൽ എന്തെല്ലാമെന്തെല്ലാം കാര്യങ്ങൾ! എന്നാൽ അതിസങ്കീർണമായ ഫേസ് ലിഫ്റ്റിംഗ് സർജറിവരെ പരീക്ഷിച്ചു നോക്കുമ്പോഴോർക്കണം ഈ രീതിയിൽ ജരാനരകളെ ചെറുത്തു നിൽക്കാനും പൊരുതി ജയിക്കാനുമൊന്നും ഭ്രമപ്പെടുന്നതിലർഥമില്ല എന്ന്. തന്നെയുമല്ല, നമ്മുടെ ശരീരത്തിലും മനസ്സിലും സംഭവിക്കുന്ന ജൈവവ്യതിയാനങ്ങളെ എത്ര കാലം പ്രതിരോധിക്കാനാവുമെന്നാണ് കരുതുന്നത്. ഓർമിച്ചോളൂ, എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചാലും വാർധക്യത്തിന്റെ ഗാഢാലിംഗനത്തിൽനിന്ന് ആർക്കും മുക്തരാകാൻ കഴിയില്ല. അതാണു ജീവിതം. മറ്റുള്ളവർ തനിക്കായി അര മുറുക്കുകയും ഇഷ്ടമില്ലാത്തിടത്തേക്ക് കൊണ്ടുപോവുകയും ചെയ്യുന്ന കാലം വരുമെന്ന് ക്രിസ്തു പത്രോസിനോടു പറയുന്നത് ഇങ്ങനെയുമൊന്നു ധ്യാനിച്ചു നോക്കൂ.

ഏതൊക്കെയോ മൂഢസങ്കൽപ്പങ്ങളിൽ കുടുങ്ങി വാർധക്യത്തെ വെറുക്കുന്നതിലോ ഒഴിവാക്കാൻ ശ്രമിക്കുന്നതിലോ വലിയ കഴമ്പൊന്നുമില്ല. യൗവനമുണ്ടെങ്കിൽ വാർധക്യവുമുണ്ടാകും. ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്ന താളക്രമത്തെ ഒഴിവാക്കാൻ ആർക്കും കഴിയില്ല. മനുഷ്യന്റെ ജനിതകവിധിയാണത്. ഓരോന്നിനും ഓരോ കാലമുണ്ടെന്ന് പറയുന്നതുപോലെ ജീവിതത്തിനും അതിന്റേതായ കാലങ്ങളുണ്ടെന്നർഥം. പ്രകൃതിയിലേക്കു നോക്കിയാൽ ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. ചരാചരങ്ങളൊക്കെയും നിയോഗം നിറവേറ്റി എത്ര തൃപ്തിയോടെയാണ് മടങ്ങിപ്പോകുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ. വിരിയുന്ന പൂവ് കൊഴിയാതിരിക്കുന്നില്ല. ഉദിച്ച സൂര്യൻ അസ്തമിക്കുന്നു. വൃക്ഷലതാദികളുടെ കാര്യവും അങ്ങനെതന്നെ. ശരീരത്തിന്റെ വൃദ്ധിക്ഷയങ്ങൾ ജീവജാതിക്കെല്ലാമുണ്ട്. പ്രകൃതിയിൽ ഋതുക്കളെന്നപോലെ മനുഷ്യനിലും ചില മാറ്റങ്ങൾ സംഭവിക്കുന്നു. അത്രമാത്രം.

വാസ്തവത്തിൽ മനുഷ്യന്റെ വിലയും മഹത്വവും ജീവിതത്തിന്റെ സൗന്ദര്യവും നിശ്ചയിക്കുന്നത് ഈ വക കാര്യങ്ങളല്ലെങ്കിലും അതംഗീകരിക്കാൻ കഴിയാത്തവിധം ജീവിതവീക്ഷണങ്ങളിൽ സംഭവിച്ച മാറ്റം തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഊഹിക്കാവുന്നതിലുമപ്പുറത്തേക്ക് ലോകവും ജീവിതവും മാറിക്കൊണ്ടിരിക്കുന്ന കാലത്ത് പ്രത്യേകിച്ചും. കാരണം ജീവിതം നമ്മൾ കരുതുന്നതിനെക്കാളും അറിയുന്നതിനെക്കാളും വിലപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ജീവിതത്തിന്റെ പരിമിതികൾക്കിടയിലും മനുഷ്യന്റെ അതിഭൗമിക അന്തസ്സ് സംരക്ഷിക്കുക എന്നത് സുപ്രധാനമായ കാര്യമാണെന്നു തോന്നുന്നു.

ഏതു ലെൻസിലൂടെ കാര്യങ്ങൾ കാണുന്നുവെന്നത് മനോഭാവങ്ങളെയും ജീവിതത്തെതന്നെയും മാറ്റിമറിയ്ക്കാം എന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യമാണ്. ചിലർ ശരീരത്തിന്റെ പ്രായത്തെ ഒളിക്കാൻ ശ്രമിക്കുമ്പോൾ മറ്റു ചിലർക്ക് അതൊരാഘോഷമാണ്. ജീവിതത്തിന്റെ ശരത്കാലം എന്നാണ് സിസെറോ വാർധക്യത്തെ വിശേഷിപ്പിക്കുന്നത്. നിശ്ചയമായും അത് ശരീരത്തിന്റെ അഴകിനെയും കരുത്തിനെയും മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു കണ്ടെത്തലാണെന്ന് പറയാനാവില്ല. വാസ്തവത്തിൽ സ്നേഹത്തിന്റെ ഉൾത്തളിരുകളാണ് ഒരാൾക്ക് യൗവനം നൽകുന്നതെന്നു പറയാം. സാധാരണവ്യവഹാരങ്ങളെ വേറിട്ടൊരു കണ്ണുകൊണ്ട് കാണുന്നെങ്കിൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വം വർധിപ്പിക്കുന്നുമുണ്ട്. എന്തായാലും ചിന്തകളുടെ ചലനാത്മകതകൊണ്ട് തങ്ങളുടെ ജീവിതത്തിൽ എപ്പോഴും യുവത്വം സൂക്ഷിക്കാനാഗ്രഹിക്കുന്നവർക്ക് പ്രായമാകുന്നതേയില്ല. ഭൂമിയുടെ അറ്റത്തേക്കുള്ള യാത്രയിൽ പ്രസാദസുന്ദരമായ സാന്നിധ്യംകൊണ്ട് സ്നേഹമുദ്രകൾ തീർക്കുന്നവർക്ക് എന്തു വാർധക്യം! ഒരിക്കലും മരണമില്ലാത്ത ആത്മാവിന്റെ അനശ്വരതയിലേക്കു പ്രവേശിക്കേണ്ടതിങ്ങനെയാകണം.

വാർദ്ധക്യവും മരണവുമൊക്കെ പ്രപഞ്ചസത്യങ്ങളായിരിക്കെ മർത്യജീവിതത്തിന്റെ നശ്വരതയെ അംഗീകരിക്കുകയാണ് വിവേകം. അതാകട്ടെ തികച്ചും വ്യക്തിപരവും ആത്മീയവുമായൊരു അനുഭവം കൂടിയാണ്. അതുകൊണ്ടുതന്നെ ജീവിതാവസ്ഥകളെ ഉൾക്കൊള്ളാൻ തക്കവിധം മനോഭാവങ്ങളുടെ അലകും പിടിയും മാറേണ്ടത് വളരെ അത്യാവശ്യമാണെന്ന് തോന്നുന്നു. എന്നുവെച്ചാൽ ശരിയായ മനുഷ്യനിലേക്കെത്താൻ ഇപ്പോഴത്തെ പരിതോവസ്ഥയിൽ ഓരോരുത്തരും മനസ്സുകൊണ്ട് ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നർഥം. സ്വന്തം ജീവിതത്തെ പുനഃപരിശോധിക്കുമ്പോൾ ശാരീരിക സൗന്ദര്യത്തിനും കഴിവിനുമപ്പുറം മറ്റു ചിലതൊക്കെയാണ് വിലപ്പെട്ടതെന്നു കണ്ടെത്തുകയാണു പ്രധാനം. ശരീരകാന്തിയും കരുത്തും കാലത്തിനൊപ്പം ക്ഷയിച്ചുപോകുന്നു. എന്നാൽ സത്കർമഫലങ്ങൾ സമയകാലങ്ങളെപ്പോലും അതിജീവിക്കുന്നുവെന്ന് പറയുന്നതൊക്കെ എത്ര ശരിയാണ്!

പറഞ്ഞുവന്നത് ഇത്രയേയുള്ളൂ. നമ്മുടെ ജീവി

തത്തിലെ ഏതൊക്കെയോ ചില വർണത്തൊങ്ങലുകളല്ല ശരിയായ ജീവിതമെന്ന് തിരിച്ചറിയുന്നതാണ് യഥാർത്ഥ യുവത്വവും മഹത്വവും. അതുകൊണ്ടു തന്നെ യാഥാർഥ്യത്തെ മിഥ്യയായി കരുതുന്നതിലർത്ഥവുമില്ല. എന്നുവെച്ചാൽ അപമാനഭീതിയാൽ മറച്ചുവെക്കപ്പെടേണ്ടതല്ല വാർധക്യം. 'കടുംവെട്ടുകൾ' എന്ന് പുച്ഛവീക്ഷണത്തിന്റെ കോട്ടിയ ചുണ്ടിൻകോണിലൂടെ അപഹസിക്കപ്പെടേണ്ടതുമല്ല. കാരണം സൗന്ദര്യസങ്കൽപ്പങ്ങളുടെ ആയിരമിഴ കോർത്ത പട്ടുറുമാൽ മാത്രമൊന്നുമല്ലല്ലൊ ജീവിതം. 'നിൻ തനു വസന്തത്തിൽ പൂത്ത കാനനംപോലെ' (വൈലോപ്പിള്ളി) എന്ന് ഓർമിപ്പിക്കുന്ന കാലമൊക്കെ ഏതൊരു ജീവിതത്തിലുമുള്ളതാണെങ്കിലും എക്കാലവും അതങ്ങനെയായിരിക്കയില്ലെന്ന് അംഗീകരിക്കുന്നതാണ് യഥാർത്ഥത്തിൽ ഒരു ജീവിതത്തെ സൗന്ദര്യമുള്ളതാക്കുന്നത്.

ജീവിതത്തിന്റെ സാന്ദ്രസൗന്ദര്യങ്ങളെ പൂർണമായും തിരസ്കരിക്കണമെന്നല്ല ഇപ്പറഞ്ഞതിനർഥം. പുറംമോടികളിൽ അഭിരമിക്കുന്നതിനു പകരം മനുഷ്യനെന്ന നിലയിലുള്ള ശ്രേഷ്ഠത നിലനിർത്തുന്ന സമീപനമാകണം ഉണ്ടാകേണ്ടതെന്നാണ്. 'മറ്റെന്തായാലും മർത്യനാവതേ കാര്യം' (ഒ.എൻ.വി.) എന്ന കവിമൊഴികളിലുണ്ട് കാതൽ. അത് ശരീരത്തിന്റെ മാത്രം കാര്യമാണെന്നു കരുതുന്നതാണ് തെറ്റ്. മാനസിക വ്യാപാരമെന്ന കാണാക്കടലിൽ ജീവിതത്തെ ജീവിതമായി കാണാനാകുന്നതാണ് ഒരാളുടെ വിജയം. അപ്പോൾ മുടി വെള്ളനിറമാകുന്നതും കണ്ണുകളിൽ ദർശന ഗൗരവം നിറയുന്നതും കവിളുകൾ ചുളിയുന്നതുമൊന്നും വാർദ്ധക്യലക്ഷണമെന്നു വേവലാതിപ്പെടുകയില്ല. ജീവിതയാത്ര വിജയകരമായി മുന്നേറുന്നു എന്നു കരുതി അഭിമാനിക്കയേയുള്ളൂ. ഒരു ഗുളികയ്ക്ക് ഡയബെറ്റിസും ഒരു ഗുളികയ്ക്ക് പ്രഷറുമുണ്ടെങ്കിലും സർഗശക്തിക്ക് ഒരു മങ്ങലുമേറ്റിട്ടില്ലെന്ന് പറയുന്ന തൊണ്ണൂറുകാരനെ നമിക്കണ്ടേ. ചെമ്മനം ചാക്കോയാണത്. ശരീരത്തിൽ ചുളിവുകൾ വീഴുമ്പോഴും മനസ്സ് അങ്ങനെയല്ലെന്ന് കരുതുന്നവർക്കേ ഇങ്ങനെയൊക്കെ ചിന്തിക്കാനാവൂ. വാർദ്ധക്യത്തെ ശരിയായി സ്വീകരിക്കാൻ മനസ്സാണ് ഒരുങ്ങേണ്ടതെന്നർഥം.

മനുഷ്യരെ സംബന്ധിച്ച് ഒരിക്കലും ശരീരത്തിന്റെ പ്രായമല്ല ശരിക്കുള്ള പ്രായം. ബാഹ്യമായ രൂപഭാവങ്ങളിൽ വരുന്ന മാറ്റത്തിനപ്പുറം സ്നേഹവും നന്മയും കാത്തുസൂക്ഷിക്കാനുള്ള ഹൃദയത്തിന്റെ ആരോഗ്യമാണ് യൗവനത്തിന്റെ മാനദണ്ഡം. ശരീരത്തിൽ തോന്നുന്ന ക്ഷീണവും തളർച്ചയുമൊന്നുമല്ല. അങ്ങനെയെങ്കിൽ നമ്മളൊക്കെ ഇപ്പോൾതന്നെ പടുവൃദ്ധരായിട്ടുണ്ട്. മറ്റുള്ളവരെ സ്നേഹിക്കാനോ അൽപമൊരു വിട്ടുവീഴ്ച ചെയ്യാനോപോലും മാനസികാരോഗ്യമില്ലാത്തവരെക്കുറിച്ച് മറ്റെന്താണ് പറയുക. വാർദ്ധക്യത്തിലെത്തിയ ഏതൊരാളും നിശ്ചയമായും മോശയുടെ പ്രാർത്ഥനയൊന്ന് ധ്യാനിക്കണം. 'ദൈവമേ, ജ്ഞാനമുള്ള ഹൃദയം പ്രാപിക്കുവാൻ തക്കവണ്ണം ഞങ്ങളുടെ ആയുസ്സിന്റെ നാളുകളെ എണ്ണുവാൻ ഉപദേശിക്കണമേ.' മനസ്സ് ആഗ്രഹിക്കുന്നിടത്ത് ശരീരം എത്തുന്നില്ല എന്നു തോന്നുമ്പോൾ ജീവിതം കുറേക്കൂടി അർത്ഥപൂർണമാകാൻ ഇങ്ങനെ ചില വിചാരങ്ങൾകൂടി ആവശ്യമുണ്ട്.

ജരാനരകൾ, കാഴ്ചക്കുറവ്, കേൾവിക്കുറവ് ഒക്കെയും ചില ഒരുക്കങ്ങൾക്കുള്ള മുന്നറിയിപ്പായി കരുതുന്നതാണ് ബുദ്ധി. അഗാധമായ സ്നേഹത്തിലേക്ക് ജീവിതത്തെ പരിവർത്തനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തുക എന്നല്ലാതെ മറ്റൊന്നുമല്ലത്.



'നിന്റെ വീട്ടുകാര്യങ്ങൾ ക്രമീകരിക്കുക' എന്ന് പ്രവാചകനോട് ദൈവം പറഞ്ഞതു തന്നെ കാര്യം. വാർദ്ധക്യം ഒരടയാളമാണെന്ന് പറയുന്നത് അതുകൊണ്ടാണ്. അഭൗമികമായ അടയാളം. 'കാലമെൻ മുടിക്കെട്ടിലണിയിക്കയായ് മുല്ലമാല/ ഫാലത്തിൽ ചേർത്തു കഴിഞ്ഞൂ വരക്കുറി' (ജി. ശങ്കരക്കുറുപ്പ്) എന്ന തിരിച്ചറിവൊക്കെ ദൈവികമെന്നുതന്നെ വിശേഷിപ്പിക്കണം. വാർദ്ധക്യത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ സംഗതി വാർദ്ധക്യത്തെക്കുറിച്ചുള്ള അവബോധം തന്നെയാണെന്ന് തോന്നുന്നു. ജീവിതത്തിന് ശുദ്ധിയും തെളിമയും നൽകുന്ന തിരിച്ചറിവാണത്. എന്നാൽ തലയിൽ കഷണ്ടിയും നരയുമൊക്കെ തെളിയുമ്പോൾ ഇങ്ങനെ ചിലതൊക്കെ ശ്രദ്ധിക്കപ്പെടാതെ പോകുന്നുണ്ട്.

എന്നുവെച്ചാൽ വൈകാരികതയല്ല, ജീവിതജ്ഞാനമാണ് വാർദ്ധക്യത്തിൽ ഒരാൾക്കുണ്ടാകേണ്ടതെന്നർഥം. മനുഷ്യാവസ്ഥയുടെ പ്രതിസന്ധി


എന്നതിലുപരി ജീവന്റെ ആഘോഷമായി വാർദ്ധക്യത്തെ കാണണമെന്നു പറയുന്നത് അതുകൊണ്ടാണ്. 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം' എന്ന് ആചാര്യൻ പറഞ്ഞതു തന്നെയാണ് ശരി. കാരണം എത്രയൊക്കെ പരിശ്രമിച്ചാലും കാലചക്രം തിരിയുന്നതനുസരിച്ച് ശരീരത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രായത്തിന്റെ വാർഷികരേഖകളെ പൂർണമായി ഒഴിവാക്കാനൊന്നും കഴിയില്ല. മനസ്സിന്റെയും ആത്മാവിന്റെയും സഞ്ചാരപഥങ്ങളിൽ നന്മയുടെ നീരൊഴുക്കുണ്ടാകാൻ ഇതാണ് ശരിയായ മാർഗം.

അതുകൊണ്ടുതന്നെ മനസ്സുകൊണ്ട് കണ്ണാടി പിടിച്ച് ജീവിതത്തെ നോക്കിക്കാണാനാകണം. എങ്കിലേ സാവകാശം വരുന്ന വാർദ്ധക്യത്തെയും രോഗത്തെയുമൊക്കെ തിരിച്ചറിയാനും സ്വീകരിക്കാനും പറ്റൂ. എന്തായാലും ജീവിതത്തിന്റെ സ്വാഭാവിക പരിണാമങ്ങളോട് മുഖം തിരിച്ചു നിൽക്കുന്ന തിലർത്ഥമില്ല. വാർദ്ധക്യത്തെ ചിന്തയിൽനിന്നും സംഭാഷണത്തിൽ നിന്നുമൊക്കെ ഒഴിച്ചു നിർത്തേണ്ട ഒന്നായി കരുതുന്നത് വിഡ്ഢിത്തമാണ്. നമുക്കറിയാം സിദ്ധാർത്ഥനെ ബുദ്ധനാക്കിയത് വാർദ്ധക്യത്തെക്കുറിച്ചും രോഗത്തെക്കുറിച്ചുമുള്ള അറിവായിരുന്നു.

രോഗവും വാർദ്ധക്യവുമൊന്നും പരിചയപ്പെടുത്താതെ മക്കളെപ്പോലും വളർത്തുന്നവർ ചെയ്യുന്നത് മഹാപരാധമെന്നു പറയണം. തന്നെയുമല്ല കാലം കടന്നു പോകുന്നതിനെ തങ്ങൾക്കു നിയന്ത്രിക്കാൻ സാധിക്കും എന്നു വിചാരിക്കുന്നവർക്ക് പ്രായമാവുക എന്ന പ്രക്രിയ കൂടുതൽ മനഃക്ലേശം ഉണ്ടാക്കുകയും ചെയ്യും. വൈമുഖ്യത്തോടെ അഭിമുഖീകരിച്ചാൽ ക്ലേശം ഏറിയിരിക്കുമെന്ന മനഃശാസ്ത്രവശം വാർദ്ധക്യത്തിന്റെ കാര്യത്തിലും ശരിയാണ്.

നിങ്ങൾക്കു വാർദ്ധക്യം പിടിപെടുമ്പോഴും നര ബാധിക്കുമ്പോഴും ഞാൻ നിങ്ങളെ വഹിക്കും. തോളിലേറ്റി രക്ഷിക്കുകയും ചെയ്യും (ഏശ 46,1). നോക്കണം, ദൈവത്തിനുപോലും പ്രായമായവരോട് എന്തു പരിഗണനയാണ്! എന്നിട്ടാണ് ചായംതേച്ചും അറ്റകുറ്റപ്പണികൾ നടത്തിയും സ്വയം വഞ്ചിക്കുന്നത്. ദൈവം പൊറുക്കില്ല.

സ്മൈൽ പ്ലീസ്! നിങ്ങൾക്കു ചെറുപ്പമാണ്. ■



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ നെറ്റിത്തൊഴു**



# അമ്മ

**നീതു എൽസാ മാത്യു**

**പുഷ്പഗിരി മെഡിക്കൽ കോളജ്**

അമ്മ എനിക്ക് കാച്ചിയ പാൽ തരും
അതു കുടിക്കാഞ്ഞാൽ അമ്മ കരയും
ഞാൻ അച്ഛനോളം വലുതാവണം...
ഞാൻ അച്ഛനേക്കാൾ വലുതായി
അച്ഛനേക്കാൾ വലിയ ജോലിയിലായി
കല്യാണം കഴിച്ചു കുടുംബമായ്
കുടുംബസമേതം വിദേശത്തുപോയി
അച്ഛൻ മരിച്ചു, അമ്മ തനിച്ചായി
അമ്മയെ ഞാൻ വൃദ്ധസദനത്തിലാക്കി
കാച്ചിയ പാൽ കൊടുക്കാൻ ഏർപ്പാടാക്കി
അതു കുടിക്കാതെ അമ്മ കരഞ്ഞു
എന്തിനാണ് അമ്മ കരയുന്നത്?
ഞാൻ അച്ഛനോളം ചെറുതാകണം.



**പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലും ഏശയ്യായെ പ്പോലെ ദൈവനിയോഗം പേറി വന്ന ഒരു മനുഷ്യനെ ചരിത്രത്തിന്റെ താളുക ളിൽനിന്നും വായിച്ചെടുക്കാം. ആ പുണ്യപുരുഷന്റെ പേരാണ് 'മാർ ഈവാനിയോസ്"**

# സൂര്യതേജസ്

"ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ, എന്നെ അയച്ചാലും." ഇസ്രായേൽ ചരിത്രത്തിൽ ദൈവത്തിൽനിന്നും അകന്നുപോയ ദൈവജനത്തെ തിരികെ കൊണ്ടുവരുവാൻ വേദനയോടെ കാത്തിരിക്കുന്ന ദൈവത്തിനു മുമ്പിൽ ഒരു പ്രതിവിധിയുമായി ഏശയ്യാ കടന്നു വന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലും ഏശയ്യായെപ്പോലെ ദൈവനിയോഗം പേറി വന്ന ഒരു മനുഷ്യനെ ചരിത്രത്തിന്റെ താളുകളിൽനിന്നും വായിച്ചെടുക്കാം. ആ പുണ്യപുരുഷന്റെ പേരാണ് 'മാർ ഈവാനിയോസ്'. പെറ്റുവളർത്തിയ അമ്മയിൽനിന്നും പുനരൈക്യത്തിന്റെ ആശയബീജം കുഞ്ഞുനാളിലെ ഉൾക്കൊണ്ട കൊച്ചുകീവറീച്ചനെ തന്റെ 'വിളി'യുടെ പാത കാണിച്ചുകൊടുക്കുവാൻ ഓരോഘട്ടത്തിലും ദൈവം ഓരോരുത്തരെ നിയോഗിച്ചു. ആദ്യം പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ രൂപത്തിലും പിന്നീട് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ രൂപത്തിലും; അത് കഥാപുരുഷന് ബോദ്ധ്യമാവുകയും ചെയ്തു.

അക്ഷരങ്ങൾ കൂട്ടിയെഴുതി വായിച്ചു പഠിച്ചു തുടങ്ങിയ നാളിൽ കഥാപുരുഷൻ തന്റെ ഉള്ളിൽ നട്ട പുനരൈക്യമെന്ന ചെടി പുഷ്പിക്കുന്നതിന് ഏതാണ്ട് നാൽപത് ദശകം കാത്തിരിക്കേണ്ടിവന്നു. അഞ്ചപ്പം കരങ്ങളിലെടുത്ത് പിതാവിന്റെ സന്നിധിയിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിച്ച് ആയിരങ്ങളെ തൃപ്തിപ്പെടുത്തിയവനിൽ ശരണമർപ്പിച്ച് മുണ്ടൻമലയിറങ്ങി. വിശന്നുവലഞ്ഞ ജനത്തിൽ അനുകമ്പ തോന്നിയ ഗുരുസമക്ഷം അഭിപ്രായമുണർത്തിച്ച പത്രോസിനെ



**ഫാ. ജോൺ പടിപ്പുരയ്ക്കൽ**

പ്പോലെയോ, കുട്ടിയുടെ കരങ്ങളിലെ അഞ്ചപ്പത്തിന്റെ കഥ അവതരിപ്പിച്ച അന്ത്രയോസിനെപ്പോലെയോ, ജനക്കൂട്ടത്തെ പന്തിക്കിരുത്തുവാൻ സഹായിച്ച മറ്റു ശിഷ്യരെപ്പോലെയോ, അധികം പേർ തന്റെ കൂടെയില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞപ്പോഴും ഒരു പിൻയാത്രയെക്കുറിച്ച് ചിന്തിച്ചില്ല. ദുഃഖത്തിന്റെ ആഴക്കയത്തിൽ മുങ്ങിപ്പോയതുമില്ല. മറിച്ച് കൂടെയുണ്ടായിരുന്ന അംഗുലീപരിമിതമായിരുന്നവരിൽ പ്രത്യാശയുടെ മഴവില്ലു വിരിയിച്ച്, മുണ്ടൻമലയെന്ന തന്റെ വിയർപ്പിന്റെ ഭൂമിയുപേക്ഷിച്ച് യാത്ര തുടർന്നു.

നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്വമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമായിരിക്കും (ഉല്പത്തി 12:2). വിശ്വാസികളുടെ പിതാവായ അബ്രഹാം ദൈവത്തിൽനിന്നും കേട്ട ആ 'സ്വരം', സർവ്വതും ഉപേക്ഷിച്ച് മുണ്ടൻമലയോട് 'പുശ്ബശ്ലേമ്മോ' പറയുവാൻ മുണ്ടൻമലയിലെ താപസന് പ്രചോദനമായി. ലാഭനഷ്ടങ്ങളെക്കുറിച്ചാലോചിക്കുവാനോ, കാലം കെട്ടുന്ന വേഷങ്ങൾക്കൊപ്പം ഒത്തുപോകുവാനോ ആ താപസന് കഴിയുമായിരുന്നില്ല. ഭൗതിക സ്വത്തിനുവേണ്ടിയുള്ള കോലാഹലങ്ങൾ അരങ്ങത്ത് തിമിർത്താടുമ്പോൾ ആ ബഹളങ്ങളിൽനിന്നെല്ലാം മാറി സഞ്ചരിക്കുകയായിരുന്നു ബഥനിയുടെ മെത്രാപ്പോലീത്താ.

വട്ടിപ്പണക്കേസിന്റെ വിധി തങ്ങൾക്കനുകൂലമായി വന്നപ്പോൾ കത്തോലിക്കാ സഭയിലേക്കുള്ള പുനഃപ്രവേശത്തിന്റെ ചരടുവലിക്കുവാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയവർ ഒന്നൊന്നായി പിന്തിരിഞ്ഞു. പക്ഷെ നാടോടുമ്പോൾ, നടുവെ ഓടണം. ചേരയെതിന്നുന്നവരുടെ നാട്ടിൽ ചെന്നാൽ നടുമുറി തന്നെ തിന്നണം എന്ന പഴമൊഴികൾ അന്വർത്ഥമാക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻപോലും മാർ ഈവാനിയോസിന് കഴിയുമായിരുന്നില്ല. ഫലമോ, കാലം തെറ്റിയവൻ, ഗുരുനിന്ദയുടെ പ്രതീകം തുടങ്ങിയ കുത്തുവാക്കുകളുടെ ശരവർഷം നാനാഭാഗത്തുനിന്നും ഏൽക്കേണ്ടി വന്നു. എന്നാൽ പശ്ചാത്താപത്തിന്റെ മുള്ളുകൾ ഒരിക്കലും പിതാവിനെ കുത്തിനോവിച്ചില്ല. പഴയകാല ഓർമ്മകൾ വേട്ടനായ്ക്കളെപ്പോലെ പിന്തുടർന്നതുമില്ല. ദൈവനിയോഗം തുലാസിൽവെച്ച് തൂക്കിനോക്കിയപ്പോൾ യാതൊരനക്കവും കൂടാതെ ദൈവനിയോഗത്തിന്റെ തട്ട് താഴ്ന്നുതന്നെ നിന്നു. പിന്നെങ്ങനെ, ഒരു മടക്കയാത്രയെക്കുറിച്ച് ചിന്തിക്കാനാകും. ശൂന്യമായ കരങ്ങൾ പിതൃസന്നിധിയിലേക്ക് ഉയർത്തി, അവകാശവാദങ്ങളൊന്നുമുന്നയിക്കാതെ, എല്ലാം ദൈവം തരുമെന്ന അബ്രഹാമിന്റെ വാക്കുകളിൽ വിശ്വാസമർപ്പിച്ച് വിറകുകെട്ടുമായി നടന്നുനീങ്ങിയ ഇസഹാക്കിനെപ്പോലെ നടന്നുനീങ്ങി; കത്തോലിക്കാ സഭയിലേക്ക്.

ഒരു പകൽക്കിനാവിന്റെ പുറകെയിറങ്ങിത്തിരിച്ച യാത്രയായിരുന്നില്ല അത്: ഒരു പലായനമായിരുന്നു. ഇസ്രായേൽ ജനത്തെയും നയിച്ചുകൊണ്ട് മോശ നടത്തിയതുപോലുള്ള ഒരു യാത്ര. വിക്കനായ മോശയെ ശക്തിപ്പെടുത്തിയ ദൈവം കൊടുങ്കാറ്റിന്റെ വേഗതയും തിരമാലയുടെ ശക്തിയും സോളമന്റേതുപോലുള്ള ജ്ഞാനവും നൽകി പിതാവിനെ അനുഗ്രഹിച്ചു. സങ്കടങ്ങളുടെ കടലിനെ ഉള്ളിൽ ചുമക്കുമ്പോഴും കടലിനെ ശാന്തമാക്കിയവനിൽ അഭയം പ്രാപിച്ചു. പല ഭാഗത്തുനിന്നുമുള്ള എതിർപ്പുകളെയും മറുപക്ഷത്തുനിന്നുള്ള മുറുമുറുപ്പുകളെയും വിമർശനങ്ങളെയും മുഖവിലയ്ക്കെടുക്കാതിരുന്ന അദ്ദേഹം നല്ല ഒരു ആത്മീയ നേതാവും അനുകമ്പയുള്ള മനുഷ്യസ്നേഹിയും ഒരു തികഞ്ഞ ഈശ്വരാന്വേഷിയുമായിരുന്നു എന്നതിന് കാലം സാക്ഷി. വിധവയുടെ ചെമ്പുതുട്ടുകൾക്ക് അധികനിക്ഷേപത്തിന്റെ മൂല്യം കണ്ട തമ്പുരാൻ. ഭൗതികമായതെല്ലാം ഉപേക്ഷിച്ച് ദൈവകരങ്ങളിൽ മുറുകെപ്പിടിച്ച് മുണ്ടൻമലയുടെ പടവുകൾ ഓരോന്നായി ഇറങ്ങിയ മലങ്കരയുടെ ആ സൂര്യനെ കരുതിയതിൽ അസൂയപ്പെടാനോ അത്ഭുതപ്പെടാനോ ഒന്നുമില്ല.

**മലങ്കര ആത്മീയതയിൽ ഒരുമയുടെയും നന്മയുടെയും നിറക്കാഴ്ചകൾ കണ്ട സൂത്രധാരന്റെ കത്തോലിക്കാ സഭയിലേക്കുള്ള പുനഃപ്രവേശനത്തിന്റെ ക്ഷണപത്രം ലഭിച്ചപ്പോൾ ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ എഴുതപ്പെട്ട ഒരു സുന്ദരനിമിഷത്തിന് ലോകം സാക്ഷ്യം വഹിച്ചു.**

മലങ്കര ആത്മീയതയിൽ ഒരുമയുടെയും നന്മയുടെയും നിറക്കാഴ്ചകൾ കണ്ട സൂത്രധാരന് കത്തോലിക്കാ സഭയിലേക്കുള്ള പുനഃപ്രവേശനത്തിന്റെ ക്ഷണപത്രം പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പയിൽനിന്നും ലഭിച്ചപ്പോൾ ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ എഴുതപ്പെട്ട ഒരു സുന്ദരനിമിഷത്തിന് ലോകം സാക്ഷ്യം വഹിച്ചു.

മരണം കരൾരോഗത്തിന്റെ രൂപത്തിൽ ജീവിതവാതിലിൽ മുട്ടിവിളിച്ചപ്പോൾ ഒരു ചെറുപുഞ്ചിരിയോടുകൂടി സ്വീകരിച്ച് സ്വീകരണ മുറിയിലിരുത്തി. ദൈവനിയോഗംകൊണ്ട് താൻ നട്ടുവളർത്തിയ സഭയെ ഒരു കീടത്തിനും കൃമിക്കും നശിപ്പിക്കുവാൻ കഴിയുകയില്ലെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. മരണത്തോട് മുഖാമുഖം നിൽക്കുമ്പോഴും മലങ്കര കത്തോലിക്കാസഭയെ സുരക്ഷിതമായ കരങ്ങളിൽ ഏല്പിക്കുന്നതിനെക്കുറിച്ച് മാത്രമായിരുന്നു ചിന്ത. കടുക്കനിട്ടവൻ പോയപ്പോൾ കുണുക്കിട്ടവൻ വന്നു എന്ന പഴമൊഴിപോലെ, തനിക്കു പറ്റിയ പിൻഗാമിയായി

ഗ്രീഗോറിയോസ് പിതാവിനെ കണ്ടെത്തി. ഇന്നും കണ്ടെത്തിക്കൊണ്ടിരിക്കുന്നു, സ്വർഗ്ഗപിതാവിന്റെ വലതുഭാഗത്തിരുന്നുകൊണ്ട്. അതുകൊണ്ടുതന്നെ ആ വന്ദ്യതാതന്റെ മരണം മലങ്കര കത്തോലിക്കാ മക്കൾക്ക് ഇന്ന് ഒരു തീരാനഷ്ടമല്ല. മലങ്കര കത്തോലിക്കാ സഭയെന്ന കുഞ്ഞിന് ജന്മം നൽകി ബാലാരിഷ്ടതകളിൽ സംരക്ഷിച്ച് പിച്ചവയ്ക്കുവാൻ പ്രാപ്തനാക്കിയവൻ സ്വർഗ്ഗത്തിലുണ്ട്. വഴിയായ തമ്പുരാനോട് തന്റെ സഭയ്ക്ക് നല്ല വഴി കാണിച്ചുകൊടുക്കേണമെ, നല്ല വഴിയെ നടത്തേണമെ എന്ന് പ്രാർത്ഥിക്കുവാൻ.

വന്ദ്യപിതാവിന്റെ ഭൗതികദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് 63 വർഷം തികയുന്നു. എന്നാൽ പിതാവ് പകർന്നു നൽകിയ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കരുണയുടെയും കരുതലിന്റെയുമൊക്കെ ജീവിതമാതൃക ഇന്നും പച്ചപിടിച്ചുനിൽക്കുന്നു; ദൈവദാസനെ നേരിൽക്കണ്ടവരുടെയും വാമൊഴിയായും വരമൊഴിയായും അറിഞ്ഞവരുടെയും മനതാരിൽ. പിതാവിന്റെ ജീവിതം പുതുതലമുറയ്ക്ക് പറഞ്ഞറിവും വായിച്ചറിവും മാത്രമാകുമ്പോൾ നയന നേത്രങ്ങൾക്കൊണ്ട് കാണുവാൻ കഴിഞ്ഞില്ലല്ലോ, ജീവസ്സുറ്റ വാക്കുകൾ അധരങ്ങളിൽനിന്നും ഉതിർന്നു വീഴുന്നത് ജീവിത പാഥേയമായി സ്വീകരിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്നത് ഒരു വേദനയായി നിലകൊള്ളുന്നു. പക്ഷെ, പട്ടത്തെ വിശുദ്ധി നിറഞ്ഞുനിൽക്കുന്ന കബറിടത്തിനരികെയെത്തുമ്പോൾ മനസ്സിൽ ഒരു കുളിർമ്മ. മലങ്കര കത്തോലിക്കാ സഭയെന്ന നൗകയെ തുഴയുന്ന തുഴക്കാരനിൽ ഒരുവനായിത്തീരുവാൻ ഒരുപാട് ഇന്ധനം നിറഞ്ഞു കിട്ടുന്ന അനുഭവം തീർച്ച. സ്വർഗ്ഗത്തിൽ വസിക്കുന്ന പിതാവ് തരുന്ന അനുഗ്രഹമാണിത്.

●

## ഇടയശബ്ദം 4-ാം പേജ് തുടർച്ച

പ്രവൃത്തികൾ ദൈവത്തിന്റെ പേരിൽ ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥ ദൈവത്തിൽനിന്ന് അകലുന്നു. മനുഷ്യനിർമ്മിതമായ ദൈവത്തെ പിന്തുടരുന്ന അവസ്ഥയാകും അത്. 'മാനവസേവ മാധവസേവ' എന്ന മഹത്തായ ഭാരതീയ സങ്കല്പം ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറണം.

സഭയുടെ സാമൂഹിക പ്രതിബദ്ധത ഏതാനും ചില കാരുണ്യപ്രവൃത്തികളിൽ മാത്രം ഒതുങ്ങുന്നതല്ല. മനുഷ്യന്റെ സമഗ്രമായ വളർച്ചയ്ക്കും ലോകത്തിന്റെ സമാധാനത്തിനും ഊന്നൽ നൽകുന്നതാണ് അത്. ആയതുകൊണ്ട് ഇതിന് പൊതുവിൽ നൽകപ്പെട്ടിരിക്കുന്ന പേര് 'നീതി, സമാധാനം, വികസനം' - Justice Peace and Development എന്നാണ്. നൂറ്റാണ്ടുകളായി (1833) സഭയിൽ നിലനിന്നുവരുന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി - ഉപവിയുടെ കൂട്ടായ്മ എന്നപേരിൽ ഫ്രാൻസിൽ പാവങ്ങൾക്കുവേണ്ടി ആരംഭിച്ച ഈ മഹത്തായ പ്രസ്ഥാനം - അൽമായ സഹോദരങ്ങളിലൂടെ ഈ കാലമത്രയും ശ്രേഷ്ഠമായി പുരോഗമിച്ചു. ദശാംശം ദൈവത്തിനും അവിടുത്തെ പാവപ്പെട്ടവർക്കും ഉള്ളതാണെന്ന ബോദ്ധ്യം നമ്മെ ഭരിക്കണം. കൊടുക്കേണ്ടതിൽ കൂടുതൽ കൊടുത്തിട്ട് ഒരുവന് ഒന്നിനും കുറവുണ്ടായില്ല. അപരന് കൊടുക്കേണ്ടതുപോലും കൊടുക്കാതിരുന്നിട്ടുകൂടി ഒന്നും മിച്ചമുണ്ടായില്ല എന്ന വചനം നാം ഓർക്കുക. ദരിദ്രനെ സഹായിക്കുന്നവൻ ദൈവത്തിനു കടം കൊടുക്കുന്നതുപോലെയാണ്. യഥാസമയത്ത് അത് ദൈവം വീട്ടിക്കൊള്ളും എന്ന തിരുവചനവും ഓർക്കുക. സർവ്വ നന്മസ്വരൂപിയായവനിൽനിന്നും ലഭിച്ചതല്ലാതെ നമുക്കെന്തെങ്കിലും ഉണ്ടോ? അവനു ഔദാര്യപൂർവ്വം നാം കൊടുക്കുമ്പോൾ, നിറച്ച് അളന്ന് അമർത്തി കുലുക്കി നമ്മുടെ മടിയിൽ അവൻ ഇട്ടുതരും.


## വിവാഹ ഒരുക്ക സെമിനാർ 2016

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**


**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി:** ജൂലൈ 5, 6, 7 - 19, 20, 21

ആഗസ്റ്റ് 2, 3, 4 - 16, 17, 18

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ ജോർജ് ചരിവുപുരയിടം, കുമളി**





## മുഖമൊഴി

നാട്ടുകാർ 'ശാസ്ത്രി അച്ചൻ' എന്നും പള്ളിക്കാർ അയന്തിയിൽ അച്ചൻ എന്നും സഭയുടെ ഔദ്യോഗിക വേദികളിൽ ഫാ. ജേക്കബ് അയന്തിയിൽ എന്നും വിളിച്ചിരുന്ന ബഹുമാനപ്പെട്ട ജേക്കബ് അയന്തിയിൽ അച്ചന്റെ ജനനത്തിന്റെ നവതിയുടെ തുടക്കവും (15-03-1927) സ്വർഗപ്രാപ്തിയുടെ മുപ്പതാം വർഷവും (08-07-1986) ഒത്തുവന്നിരിക്കുന്ന വർഷമാണ് 2016. ഈ സന്ദർഭത്തിൽ ബഹു. അച്ചനെ അനുസ്മരിക്കുവാൻ ഒരു ശ്രമമാണ് തുടർന്നുള്ള താളുകളിൽ. അനുഗ്രഹീതനായ വചനപ്രഘോഷകൻ, തീക്ഷ്ണനായ പുനരൈക്യ പ്രേഷിതൻ, സ്നേഹനിധിയായ ഇടയൻ, ആടുകളോടൊപ്പം നടന്ന അജപാലകൻ, കുടുംബസ്നേഹി തുടങ്ങി അനേക വിശേഷണങ്ങൾക്ക് ഉടമ. ആദ്യ സംസാരത്തിൽതന്നെ ആരെയും ആകർഷിക്കുന്ന ഭാഷാശുദ്ധിയും അക്ഷരസ്ഫുടതയും വെളുത്തകുപ്പായവും കറുത്ത ഇടക്കെട്ടും നീണ്ട താടിയും ആരെയും ആകർഷിക്കുന്ന ആൾരൂപം. ജീവിതത്തിൽ കൃത്യമായ ചിട്ടയും നിഷ്ഠയും, കൈയിലൂടെ കടന്നുപോയ ഓരോ പൈസയുടെയും കൃത്യമായ കണക്കും രേഖകളും പ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങളും വിവരണങ്ങളും എല്ലാം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്ന പ്രകൃതം, അനുകരണീയമായ അനേക വ്യക്തിസവിശേഷതകളുടെ ആൾരൂപമായ ആചാര്യൻ-ബഹു. അയന്തിയിൽ അച്ചൻ.

# ബഹു. ജേക്കബ് അയന്തിയിലച്ചൻ അനുസ്മരണം



ഫാ. ചെറിയാൻ താഴമൺ
(സി.ഇ.ഒ. ദീപിക)

## കുടുംബപശ്ചാത്തലവും ജനനവും

മധ്യതിരുവിതാംകൂറിൽ പടർന്നു പന്തലിച്ചിരിക്കുന്ന **'മണ്ണേക്കാട്ടിൽ'** കുടുംബത്തിന്റെ **'എലിമുള്ളുംമാങ്കൽ'** ശാഖയിൽ ചാക്കോ (കൊച്ചുകുഞ്ഞ്)യുടെ മകൻ എബ്രഹാമിന്റെയും **കണികുന്നത്ത് പ്ലാത്താനത്ത് മണിയംപാറ** ഗീവർഗീസിന്റെയും (കീവറിച്ചൻ) മകൾ ശോശാമ്മയുടെയും പ്രഥമ ജാതൻ.ജനനം: 1927 മാർച്ച് മാസം 15-ന് (കൊല്ലവർഷം 1102 മേടമാസം 18). കുടുംബപാരമ്പര്യ

മനുസരിച്ച് വല്യപ്പച്ചന്റെ പേരായ 'ചാക്കോ' എന്ന പേരിട്ട് ജ്ഞാനസ്നാനം മാർത്തോമ്മാ സഭയിൽ. തങ്കച്ചൻ എന്ന് ഓമനപേര്. രണ്ട് സഹോദരിമാരും (സാറാമ്മ, റാഹേൽ) രണ്ട് സഹോദരന്മാരും (വർഗീസ്-ജോയി, ശമുവേൽ- പൊടിക്കുഞ്ഞ്).

## പഠനം

സ്വന്തം കുടുംബത്തിൽപെട്ട എലിമുള്ളുംമാങ്കൽ കുഞ്ഞോമ്മാ ആശാന്റെ കീഴിൽ അക്ഷരാഭ്യാസം നേടി. കാഞ്ഞിരത്താമല എം.എസ്.സി.എൽ.പി സ്കൂളിൽ പ്രൈമറി പഠനവും കഴിഞ്ഞ് പെരുനാട്ടിലെ സംസ്കൃത സ്കൂളിൽനിന്ന് പഞ്ചമം പാസായി. തിരുവല്ലാ രൂപതയിൽ വൈദികനായിരുന്ന റാന്നി സ്വദേശി ബഹു. എബ്രഹാം ഇടശേരിൽ അച്ചൻ പെരുനാട് സ്കൂളിൽ സഹപാഠിയായിരുന്നു. റാന്നി തോട്ടമൺ പ്രബോധചന്ദ്രോദയ സംസ്കൃത സ്കൂളിൽ ശാസ്ത്രിപഠനം പൂർത്തിയാക്കി, റാന്നി എം.എസ് ഹൈസ്കൂളിൽ ഫോർത്ത് ഫോമിൽ ചേർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തി, 1948ൽ ഇ.എസ്.എൽ.സി പാസായി.

## പുനരൈക്യം

അമ്മയോടും സഹോദരങ്ങളോടുമൊപ്പം 1944ൽ പുനരൈക്യപ്പെട്ട് കരിമ്പനാംകുഴി (ചെറുകുളഞ്ഞി) സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ചേർന്നു. അന്നു പുനരൈക്യപ്പെടാതിരുന്ന സ്വന്തം പിതാവ് രണ്ടു വർഷത്തിനുശേഷമാണ് പുനരൈക്യസരണിയിൽ എത്തിയത്. അയന്തിയിൽ കുടുംബത്തിന്റെ പുനരൈക്യ പശ്ചാത്തലം ഇപ്രകാരമാണ്. മലങ്കര മാർത്തോമ്മാ സഭയുടെ തുടക്കത്തിനു കാരണക്കാരായവരുടെ നാടായ മാരാമണ്ണിനടുത്തുള്ള നെടുമ്പ്രയാർ പ്രദേശത്തെ വാസം കുടുംബത്തെ നവീകരണ ചിന്തയിലേക്കും മാർത്തോമ്മാ സഭയിലേക്കും എത്തിച്ചിരുന്നു. റാന്നിയിലേക്ക് കുടിയേറിയപ്പോഴും മാർത്തോമ്മാ സഭയിൽ തുടരുവാൻ അവർ സന്നദ്ധരായത് അതുകൊണ്ടായിരുന്നു.

ബഹു. അയന്തിയിൽ അച്ചന്റെ അമ്മയുടെ പിതാവ് കണികുന്നത്ത് പ്ലാത്താനത്ത് മണിയംപാറ ഗീവർഗീസ് (കീവറിച്ചൻ) റാന്നി വൈക്കത്ത് താമസിച്ചിരുന്നപ്പോൾ പെരുനാട് ബഥനി പള്ളിയിലാണ് കൂടിനടന്നിരുന്നത്. അതുവഴി ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുമായി വലിയ അടുപ്പവും ബന്ധവും പുലർത്തിയിരുന്നു. ചുരുക്കത്തിൽ, മാർ ഈവാനിയോസ് തിരുമേനിയും ബഥാന്യരും പുനരൈക്യപ്പെടുവാൻ നിശ്ചയിച്ച് മുണ്ടൻമല വിട്ടിറങ്ങിയപ്പോൾ കീവറിച്ചനും ഓർത്തഡോക്സ് സഭ വിട്ട് ഹൃദയംകൊണ്ട് കത്തോലിക്കാ സഭാംഗമായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. എന്നാൽ 1936ൽ കരിമ്പനാംകുഴി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ തുടക്കത്തോടുകൂടി മാത്രമേ ഔദ്യോഗികമായി രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ട അംഗമായുള്ളൂ.

## വൈദിക ജീവിത വിളിയിലേക്ക്

ബാലനായിരുന്ന ചാക്കോയുടെ ആത്മീക കാര്യങ്ങളിലുള്ള ആഭിമുഖ്യവും പഠനത്തിലുള്ള സാമർഥ്യവും തിരിച്ചറിഞ്ഞ തിരുവല്ലാ രൂപതയുടെ അധ്യക്ഷനായിരുന്ന വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ചാക്കോയെ വൈദിക പഠനത്തിന് തെരഞ്ഞെടുക്കുകയും 1948ൽ തിരുവല്ലാ ചെറുപുഷ്പഗിരി അരമനയോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന മൈനർ സെമിനാരിയിൽ ചേർക്കുകയും ചെയ്തു. ആദ്യവർഷം ബഹു. ജോസഫ് നിലപ്പന അച്ചനും പിന്നെ ബഹു. തോമസ് നേര്യംപറമ്പിൽ അച്ചനുമായിരുന്നു റെക്ടർമാർ. സുറിയാനി അധ്യാപകൻ മൂലമണ്ണിൽ വന്ദ്യ തോമസ് മല്പാനും ശാസ്ത്രിപഠനത്തിലൂടെ സംസ്കൃതഭാഷയിലും മലയാള ഭാഷയിലും നല്ല പരിജ്ഞാനം ഉണ്ടായിരുന്ന ബ്രദർ ചാക്കോ മൈനർ സെമിനാരി പഠനത്തിലൂടെ സുറിയാനിയിലും ലത്തീനിലും ഇംഗ്ലീഷിലും കൂടി നല്ല അറിവ് കരസ്ഥമാക്കി. സേവേറിയോസ് പിതാവ് വാത്സല്യപൂർവം 'ശാസ്ത്രിയാർ' എന്നു വിളിച്ചിരുന്ന ബ്രദർ ചാക്കോയെ രണ്ടു വർഷത്തെ മൈനർ സെമിനാരി പഠനത്തിനും ആധ്യാത്മിക ശിക്ഷണത്തിനും ശേഷം 1950ൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾക്കായി ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് അപ്പസ്തോലിക് വൈദിക സെമിനാരിയിലേക്ക് അയച്ചു.

## മേജർ സെമിനാരിയിൽ

മാതൃപിതാവിൽനിന്നു ലഭിച്ച പുനരൈക്യതീക്ഷ്ണതയും മാതാവിൽനിന്നു ലഭിച്ച ദൈവവചനാഭിമുഖ്യവും മാർ സേവേറിയോസ് പിതാവിൽനിന്നു പകർന്നുകിട്ടിയ പ്രേഷിതചൈതന്യവും മംഗലപ്പുഴ വൈദിക സെമിനാരിയിലെ പരിശുദ്ധരും പണ്ഡിതരുമായിരുന്ന കർമ്മലീത്താ മിഷനറിമാരുടെ പരിശീലനത്തിൽ പതിന്മടങ്ങായി വളർന്നു. സെമിനാരിയിലെ ആത്മീകവും വൈജ്ഞാനികവുമായ അന്തരീക്ഷം അദ്ദേഹം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി. ദൈവശാസ്ത്ര വിഷയങ്ങളിൽ ആഴവും ജീവിതത്തിൽ ആത്മീക പക്വതയും നേടി. പ്രേഷിത കേരളം മാസികയും എസ്.എച്ച് ലീഗ് പ്രസിദ്ധീകരണ ശാലയും അദ്ദേഹത്തിലെ എഴുത്തുകാരനെയും സാഹിത്യകാരനെയും പരിപോഷിപ്പി



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**അമ്മിണി പറപ്പള്ളിൽ**

ക്കുവാൻ സഹായിച്ചു. സെമിനാരി പരിശീലന കാലത്തുതന്നെ അദ്ദേഹം നല്ല വചനപ്രഘോഷകനും ധ്യാനപ്രസംഗകനും എഴുത്തുകാരനും കവിയും കഥാകൃത്തുമൊക്കെയായി ഖ്യാതി നേടിയിരുന്നു.

## വൈദികാഭിഷേകം

1957 മാർച്ച് 25-ന് നമ്മുടെ കർത്താവിന്റെ വചനിപ്പ് തിരുനാൾ ദിവസം തന്റെ മുപ്പതാം ജന്മദിനം കഴിഞ്ഞ് പത്താം നാൾ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെ കൈവയ്പാൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് സഹപാഠികളായിരുന്ന ബഹു. എബ്രഹാം അഴകത്ത് (മാരാമൺ), ബഹു. തോമസ് വരിക്കനാക്കുഴിയിൽ (അയിരൂർ), ബഹു. മാത്യു വരിക്കപ്ലാമൂട്ടിൽ (തച്ചമം), യാക്കോബായ സഭയിൽ നിന്നു ചേർന്ന ബഹു. സക്കറിയാസ് കരിവേലി (മാന്നാർ) എന്നീ ശെമ്മാശന്മാരോടൊപ്പം വൈദികനായി അഭിഷിക്തനായി ഫാ. ജേക്കബ് അയന്തിയിൽ ആയി. മാതൃ ഇടവകയായ ചെത്തോങ്കര ക്രിസ്തുരാജാ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ പ്രഥമദിവ്യബലിയും അർപ്പിച്ചു. ചെത്തോങ്കര ഇടവകയ്ക്കും മണ്ണേക്കാട്ടിൽ കുടുംബത്തിനും ആദ്യ പട്ടക്കാരൻ.

## അജപാലന വേദിയിലേക്ക്

പുനരൈക്യതീക്ഷ്ണതയിൽ ജ്വലിച്ചിരുന്ന യുവവൈദികൻ അജപാലന ശുശ്രൂഷയിലേക്ക് കടന്നുവന്നത് വെണ്ണിക്കുളം ഇടവകയിൽ വികാരിയായിരുന്ന ബഹു. ആൻഡ്രൂസ് പുത്തൻപറമ്പിൽ അച്ചന്റെ സഹായപട്ടക്കാരനായിട്ടായിരുന്നു. 1953ൽ സ്ഥാപിതമായ തെള്ളിയൂർ പള്ളിയിലും അദ്ദേഹത്തിന്റെ സഹായഹസ്തം എത്തിയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ 1957ൽ കുരിശുമുട്ടത്ത് സ്വതന്ത്രമായ ഒരു ഇടവകയുടെ രൂപീകരണത്തിന് മുഖാന്തിരമായി. പെരുമ്പക്കാട് എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് അദ്ദേഹം നടത്തിയ പ്രേഷിതശുശ്രൂഷകളാണ് ശക്തമായ ഒരു ഇടവക അവിടെ രൂപപ്പെടുവാൻ ഇടയാക്കിയത്. പ്രസ്തുത കൂട്ടായ്മയാണ് 1963ൽ ഇടവകയായി വളർന്ന് വാളക്കുഴിയിൽ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടത്.

## മലബാറിന്റെ മണ്ണിലേക്ക്

അദ്ദേഹത്തിന്റെ അടുത്ത ഊഴം മലബാർ പ്രദേശത്തെ പുതിയ പ്രേഷിതവയലിലേക്കായിരുന്നു. മലബാർ പ്രദേശങ്ങളിലെ മിഷൻ പ്രവർത്തനങ്ങളുടെ പൊതുചുമതല ബഹു. തോമസ് നേര്യംപറമ്പിൽ അച്ചനെയാണ് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ഭരമേല്പിച്ചിരുന്നത്. പ്രസ്തുത പ്രദേശങ്ങളെ മൂന്നു മേഖലകളായി തിരിച്ച് (ബത്തേരി, താമരശേരി, മാനന്തവാടി) പുനരൈക്യ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ബത്തേരി മേഖലയിൽ ഫാ. യോവാക്കിം നാഗഞ്ചേരിലും ഫാ. സൈമൺ പുളിയൻകീഴും താമരശേരി മേഖലയിൽ ഫാ. ജോൺ മേളാംപറമ്പിലും (ജോൺ മേളാംപറമ്പിൽ കോർ ബിഷപ്), ഫാ. മൈക്കിൾ മഞ്ഞനാംകുഴിയിൽ ഒ.ഐ.സിയും മാനന്തവാടി മേഖലയിൽ ഫാ. തോമസ് നേര്യംപറമ്പിലും ആയിരുന്നു പ്രധാന പ്രേഷിതർ. 1959ൽ ബഹു. ജേക്കബ് അയന്തിയിൽ അച്ചൻ മാനന്തവാടിയിൽ എത്തി. ഗുരുവിന്റെ സഹായിയായി ശിഷ്യൻ. അവിടെ ഗുരുവിനോടൊപ്പം കാർട്ടിക്കുളം (1959), പുൽപ്പള്ളി (1960), കോറോം (1961), കമ്മന (1962) ഇടവകകളുടെ തുടക്കക്കാരനായി. 1960 മേയ് 17-ാം തീയതി ബഹു. അയന്തിയിൽ അച്ചൻ കണ്ണൂർ ജില്ലയിൽ കേളകം, നടുവിൽ ഇടവകകളുടെ വികാരിയായി. 1964 വരെ അവിടെ അധ്വാനം തുടർന്നു. ബത്തേരി രൂപതയ്ക്ക് അടിത്തറയാകത്തക്കവിധത്തിൽ മലബാർ പ്രദേശത്ത് പുനരൈക്യ ശുശ്രൂഷകൾ ബലപ്പെടുത്തുന്നതിൽ മറ്റു വൈദികരോടൊപ്പം ബഹു. അയന്തിയിൽ അച്ചൻ വഹിച്ച പങ്ക് ഇവിടെ ദർശിക്കുവാൻ സാധിക്കും.

1965-1966 വർഷത്തിൽ വീണ്ടും അദ്ദേഹം മുണ്ടക്കയം, ചിറ്റടി പള്ളികളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. മുണ്ടക്കയത്തുനിന്ന് ഇന്നത്തെ മൂവാറ്റുപുഴ രൂപതയിൽപെടുന്ന പൂതൃക്ക, പുതുപ്പനം, പോത്താനിക്കാട്, ചാത്തമറ്റം ഇടവകകളിലും 1970 മുതൽ 1974 വരെ ചുവന്നമണ്ണ്, കൊമ്പഴ ഇടവകകളിലും സേവനം ചെയ്തു. 1976 മുതൽ 1979 വരെ ഇരവിപേരൂർ, പുറമറ്റം, പുല്ലാട് ഇടവകകളിലും 1979-1980 ഒരു വർഷക്കാലം അയിരൂർ, കാഞ്ഞീറ്റുകര ഇടവകകളിലും 1980 മുതൽ 1984 വരെ എരുമേലി, മുക്കട, മുക്കൂട്ടുതറ ഇടവകകളിലും തുടർന്ന് 1984- 1985ൽ വാളക്കുഴി, കുരിശുമുട്ടം ഇടവകകളിലും അവസാനം കുമ്പനാട് ഇടവകയിലും ഇടയശുശ്രൂഷ നടത്തി.

## അദ്ധ്വാനിയുടെ അന്ത്യനാളുകൾ

അരോഗദൃഢഗാത്രനായിരുന്ന ബഹു. അയന്തിയിൽ അച്ചൻ സഭാ സംബന്ധിയായ ശുശ്രൂഷകൾക്കായി എന്തുമാത്രം അധ്വാനിക്കുന്നതിനും അലയുന്നതിനും തയാറായിരുന്നു. ഔദ്യോഗിക സഭാസംവിധാനത്തിന്റെയും സഭാമക്കളുടെയും ഏത് ആവശ്യത്തിലും അദ്ദേഹം ഓടിയെത്തുമായിരുന്നു. 1985 മേയ് മാസം 11-ാം തീയതി അദ്ദേഹത്തിന് ശക്തമായ നെഞ്ചുവേദന അനുഭവപ്പെട്ടു. വേഗത്തിൽ പുഷ്പഗിരി ആശുപത്രിയിൽ എത്തിച്ച് വിദഗ്ധചികിത്സ ലഭ്യമാക്കി. ചികിത്സയ്ക്കും വിശ്രമത്തിനുംശേഷം അജപാലനശുശ്രൂഷ തുടരാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് കുമ്പനാട് ഇടവകയുടെ ചുമതല നൽകി. രോഗം താൽക്കാലികമായി സുഖപ്പെട്ടിരുന്നെങ്കിലും ഹൃദയകോശങ്ങൾക്ക് സംഭവിച്ചിരുന്ന ക്ഷതം അപരിഹാര്യമായിരുന്നു. വീണ്ടുമുണ്ടായ ശക്തമായ ഹൃദയസ്തംഭനം മൂലം 1986 ജൂലൈ എട്ടാം തീയതി പ്രഭാതത്തിൽ 59-ാം വയസിൽ അദ്ദേഹം തന്റെ നിത്യ അവകാശത്തിലേക്ക് യാത്രയായി.

ഭൗതിക ശരീരം പിറ്റേദിവസം (09-07-1986) കരികുളം സെന്റ് ജോസഫ് പള്ളിയങ്കണത്തിൽ തയാറാക്കിയ പ്രത്യേക കല്ലറയിൽ കബറടക്കി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോ

റിയോസ് മെത്രാപ്പോലീത്ത, ഐസക് മാർ യൂഹാനോൻ, സിറിൽ മാർ ബസേലിയോസ്, പൗലോസ് മാർ പീലക്സീനോസ് എന്നീ മെത്രാപ്പോലീത്താമാരും അനവധി ബഹു. വൈദികരും സന്യസ്തരും വിശ്വാസികളുടെ വലിയ ഗണവും നാനാജാതി മതസ്ഥരായ നാട്ടുകാരുടെ വലിയ കൂട്ടവും ശുശ്രൂഷയിൽ പങ്കെടുത്ത് അന്ത്യോപചാരം അർപ്പിച്ചു.

## ഭാഷാസ്നേഹി, വചനപ്രഘോഷകൻ

സംസ്കൃതഭാഷാ പഠനം കുട്ടിക്കാലം മുതൽ അദ്ദേഹത്തിൽ ഭാഷയോടും സാഹിത്യത്തോടും താല്പര്യം ജനിപ്പിച്ചിരുന്നു. സ്കൂൾ പഠനകാലം മുതൽ കഥകളും കവിതകളും ശ്ലോകങ്ങളും രചിച്ച് അധ്യാപകരുടെ പ്രശംസ നേടിയിട്ടുണ്ട്. ഭാഷാശുദ്ധിയും അക്ഷരസ്ഫുടതയും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അത്യാകർഷകങ്ങളാക്കിയിരുന്നു. ബൈബിളിലും കത്തോലിക്കാ ആധ്യാത്മിക ശാസ്ത്രത്തിലും ആഴമായ അവഗാഹവും സംസ്കൃത പുരാണങ്ങളിൽ അറിവുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ബൈബിൾ പ്രഭാഷണങ്ങളും കൺവൻഷൻ പ്രസംഗങ്ങളും ധ്യാന പ്രസംഗങ്ങളും അത്യാകർഷകങ്ങളായിരുന്നു. കൃത്യമായി ഡയറി എഴുതുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രസ്തുത ഡയറിക്കുറിപ്പുകളിൽനിന്ന് ഗ്രഹിക്കുവാൻ സാധിച്ചത് അദ്ദേഹം 190 പള്ളികളിലായി 218 ധ്യാനങ്ങൾ നയിച്ചിട്ടുണ്ട്.

ആധ്യാത്മിക വിഷയങ്ങളിൽ ധാരാളം ലേഖനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. സത്യദീപം, സത്യസഭാകാഹളം (ക്രൈസ്തവ കാഹളം), സത്യപ്രകാശം, വേദപ്രചാരമധ്യസ്ഥൻ, പ്രേഷിത കേരളം, ഐക്യദീപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1379നും 1471നും മധ്യേ ജീവിച്ചിരുന്ന വിശിഷ്ട ആധ്യാത്മിക ഗ്രന്ഥകാരനായിരുന്ന തോമസ് അകെംമ്പിസിന്റെ 'Spiritual Garden' എന്ന കൃതി 'വിജ്ഞാന വാടിക' എന്ന അഭിധാനത്തിൽ ഭാഷാന്തരം നടത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ ശാഖകളിൽപെടുന്ന ഗ്രന്ഥങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും ഒരു ബൃഹത്ശേഖരം അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ വരുമാനത്തിന്റെ സിംഹഭാഗവും അദ്ദേഹം ചെലവഴിച്ചത് ഗ്രന്ഥങ്ങൾ സംഘടിപ്പിക്കുന്നതിനായിരുന്നു. ഗ്രന്ഥങ്ങളും മാസികകളും സംബന്ധിച്ച രജിസ്റ്ററുകളും അദ്ദേഹം സൂക്ഷിച്ചിരുന്നു.

## ദൈവവിളി പ്രോത്സാഹകൻ

വൈദികജീവിതത്തിലേക്കും സന്യാസജീവിതത്തിലേക്കുമുള്ള ദൈവവിളി തിരിച്ചറിയുവാൻ അനേകരെ അദ്ദേഹം സഹായിച്ചിട്ടുണ്ട്. മാർ സേവേറിയോസ് പിതാവിന്റെ നേരിട്ടുള്ള ഇടപെടലാണ് തന്റെ ദൈവവിളി തിരിച്ചറിയുവാൻ സഹായിച്ചതെന്ന് നന്നായി അറിഞ്ഞിരുന്ന അദ്ദേഹം അനേക യുവതി യുവാക്കന്മാർക്ക് അവരുടെ ദൈവവിളി തിരിച്ചറിയുവാൻ വ്യക്തിപരമായി സഹായിച്ചിരുന്നു. സ്വന്തം സഹോദരീപുത്രിയെ സന്യാസത്തിന്റെ സമർപ്പണത്തിലേക്ക് നയിച്ച് ബഥനി സന്യാസിനിയാക്കിയതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതാണ്. സിസ്റ്റർ സേവന എസ്.ഐ.സി ദീർഘകാലം പുഷ്പഗിരി ആശുപത്രിയിൽ സേവനം ചെയ്യുകയും പിന്നീട് പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ നഴ്സിംഗ് സൂപ്രണ്ടായി സേവനം ചെയ്യുകയുമുണ്ടായി. ഇപ്പോഴും അവിടെ രോഗീശുശ്രൂഷയിൽ വ്യാപൃതയായിരിക്കുന്നു.


അദ്ദേഹം ചുവന്നമണ്ണ്, കൊമ്പാഴ പള്ളികളിൽ വികാരി ആയിരിക്കുമ്പോൾ ഭവനസന്ദർശനത്തിനു കടന്നുചെന്ന ഒരു അകത്തോലിക്കാ കുടുംബത്തിലെ ഓമന എന്ന പെൺകുട്ടിയാണ് ഇപ്പോഴത്തെ ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ സിസ്റ്റർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി.

ബഹു. അയന്തിയിൽ അച്ചനിലൂടെ തിരിച്ചറിഞ്ഞ് സഫലമായ വേറൊരു ദൈവവിളിയാണ് ബഥനി സന്യാസ ആശ്രമത്തിന്റെ മുൻ സുപ്പീരിയർ ജനറാൾ പെരിയ ബഹു. ജോസ് മരിയദാസ് ഒ.ഐ.സി അച്ചന്റേത്. ബഹു. അയന്തിയിൽ അച്ചനിലൂടെ തങ്ങളുടെ ദൈവവിളി കണ്ടെത്തിയവരുടെ ലിസ്റ്റ് വളരെ നീണ്ടതാണ്.

## പിൻമൊഴി

അനുകരണീയങ്ങളായ അനേകം വ്യക്തിഗുണങ്ങളുടെ ഉടമയായിരുന്നു ബഹു. അയന്തിയിൽ അച്ചൻ. കണ്ണൂർ ജില്ല മുതൽ ഇടുക്കി ജില്ലയുടെ അതിരുകൾ വരെ വിസ്തൃതമായ സ്ഥലങ്ങളിലൂടെയെല്ലാം ഓടി നടന്ന് അത്യധ്വാനം ചെയ്ത ഇടയന്റെ 'അകാല' നിര്യാണം മലങ്കര സഭയ്ക്ക് ഭൂമിയിൽ ഒരു നഷ്ടമായെങ്കിൽ സ്വർഗത്തിൽ വലിയ നേട്ടമായി എന്ന് അദ്ദേഹത്തെ അറിയുന്നവർ തലകുലുക്കി സമ്മതിക്കും. ആടുകൾക്കുവേണ്ടിയുള്ള അധ്വാനവും അലച്ചിലും അകാലത്തിൽ അദ്ദേഹത്തെ പ്രമേഹരോഗിയാക്കി, അത് ഹൃദ്രോഗത്തിലെത്തിച്ചു. അങ്ങനെ ആ ജീവൻ നാടിന് നഷ്ടവും സഭയ്ക്ക് സുകൃതവുമായി.

●



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി പുറമറ്റം**

## തിരുവല്ലാ അതിരൂപതാ സണ്ടേസ്കൂൾ പരീക്ഷയിൽ 10, 12, ക്ലാസ്സുകളിൽ റാങ്ക് നേടിയവർ


### 12–ാം ക്ലാസ്സ്

1–ാം റാങ്ക്



**സ്റ്റെഫി ഏബ്രഹാം**
**(വെച്ചൂച്ചിറ)**

2–ാം റാങ്ക്



**അരുൺ ജോസ്**
**(ചക്കുപള്ളം)**

3–ാം റാങ്ക്



**റിറ്റി സൂസൻ ഷിബു**
**(തോട്ടഭാഗം)**


### 10–ാം ക്ലാസ്സ്

1–ാം റാങ്ക്



**റോസ് മേരി ജോർജ്ജ്**
**(തിരുമൂലപുരം)**

2–ാം റാങ്ക്



**ആഗ്നേയ് അലക്സ് റോബിൻ**
**(പൂഴിക്കുന്ന്)**

3–ാം റാങ്ക്



**അനറ്റ് എഡിസൻ**
**(മുക്കൂട്ടുത്തറ)**

# ജാഗരണ പ്രാർത്ഥന



തിരുവല്ലാ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയും പുനരൈക്യ സഹശിൽപ്പിയും പുണ്യശ്ലോകനുമായ അഭി. യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 60–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് അതിരൂപതാ M.C.Y.M.സംഘടനയുടെ ആഭിമുഖ്യത്തിൽ ജൂൺ 15–ാം തീയതി മുതൽ അഭി. പിതാവിന്റെ കബറിങ്കൽ നടത്തപ്പെട്ട ജാഗരണ പ്രാർത്ഥന.



# ചരിത്രം സൃഷ്ടിക്കലാകണം ജീവിത ലക്ഷ്യം

SHAPE YOUR GOALS

ഒരു വിത്ത് നല്ല ഫലം നൽകണമെങ്കിൽ എങ്ങനെയുള്ള മണ്ണിൽ കുഴിച്ചിടണം. സംശയമില്ല, എല്ലാവരും പറയും ഫലപുഷ്ടമായ മണ്ണിൽ, എങ്കിൽ നമ്മുടെ പുരയിടത്തിലെ ഏറ്റവും ഫലപുഷ്ടമായ മണ്ണിൽ ഒരു ഈന്തപ്പനയുടെ വിത്ത് കുഴിച്ചിട്ടാൽ അത് ഫലം തരുമോ? ഇല്ല. ഒരിക്കലുമില്ല. ഈന്തപ്പന ഫലം നൽകണമെങ്കിൽ അതിനെ അറേബ്യൻ രാജ്യങ്ങളിൽ കൊണ്ടു നടണം. എന്നാൽ ഈ അറേബ്യൻ രാജ്യത്ത്  ഒരു ജാതി നട്ടാൽ അത് ഫലം തരുമോ? ഇല്ല. അതു ഫലം തരണമെങ്കിൽ കേരളത്തിൽ നടണം. അപ്പോൾ ഫലപുഷ്ടമായ മണ്ണില്ല കാര്യം അനുയോജ്യമായ മണ്ണാണ് വേണ്ടത്.

ഇന്ന് പലപ്പോഴും നമുക്കിടയിലും സംഭവിക്കുന്നത് ഇതാണ്. കുട്ടികളുടെ അഭിരുചി നോക്കാതെ ഏതു മേഖലയിൽ പോയാലാണ് കൂടുതൽ വരുമാനം ലഭിക്കുകയെന്നതു നോക്കി പോകുന്നു. എങ്ങനെയും വിദേശത്തേയ്ക്ക് കടക്കുകയെന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പോക്ക് ഭാവിയിൽ സഭയ്ക്കും, സമൂഹത്തിനും വളരെയേറെ ദോഷങ്ങൾ സൃഷ്ടിക്കുമെന്നു സംശയമില്ല. ന്യൂജനറേഷൻ വിശ്വാസത്തിൽനിന്നും ദിനംപ്രതി  അകന്നുകൊണ്ടിരിക്കുന്നു.

ഏതാനും ദിവസം മുമ്പ് ദൂരദർശൻ ചാനലിൽ ഞാനുമായി ഉണ്ടായിരുന്ന ഇന്റർവ്യൂവിൽ എന്നെ ഇന്റർവ്യൂ നടത്തിയ ആൾ ചോദിച്ച ചോദ്യമാണ് കേരളത്തിലെ വിദ്യാഭ്യാസമന്ത്രിയാകാൻ അവസരം ലഭിച്ചാൽ വിദ്യാഭ്യാസമേഖലയിൽ എന്തു പരിഷ്കാരം വരുത്തും എന്ന്. എന്റെ മറുപടി ഇതായിരുന്നു: ഒരു മിനിറ്റെങ്കിലും ആ കസേരയിൽ ഇരിക്കാൻ എനിക്കവസരം ലഭിച്ചാൽ ഞാനാദ്യമിടുന്ന ഓർഡർ ഇന്ന് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന എൻട്രൻസ് പരീക്ഷകൾ നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവായിരിക്കും. എന്തുമാത്രം വർക്ക് ലോഡാണ് ഇത് കുട്ടികൾക്കു കൊടുക്കുന്നത്. ഞായറാഴ്ച ഒന്നു പള്ളിയിൽ പോകാൻ പോലും ഈ കുട്ടികൾക്ക് സാധിക്കുന്നില്ല. സ്കൂളിൽ



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ

നാലും മൂന്നും ഏഴ് എന്നു പഠിപ്പിക്കുമ്പോൾ എൻട്രൻസ് സെന്ററുകൾ മൂന്നും നാലും ഏഴ് എന്ന് പഠിപ്പിക്കുന്നു. എൻട്രൻസ് കോച്ചിങ്ങ് സെന്ററുകൾ സാമ്പത്തികമായി തഴച്ചുവളരുന്നു. പല കുടുംബത്തിന്റെയും നടുവൊടിയുന്നു. ഇന്ന് കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇരുപത്തിയയ്യായിരത്തിലധികം സീറ്റ് ആളില്ലാതെ ഒഴിഞ്ഞുകിടക്കുന്നു. എന്നിട്ടും നല്ലൊരു ശതമാനം കുട്ടികളും എൻട്രൻസ് പരീക്ഷയുടെ പുറകേ പായുകയാണ്. എൻട്രൻസ് പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് സ്കോർ ചെയ്യണം. എന്നാൽ ഇവിടെ കുട്ടികളും, മാതാപിതാക്കളും കൂടാതെ അദ്ധ്യാപകരും മനസ്സിലാക്കേണ്ട ഒന്നാണ് എഞ്ചിനിയറിംഗ് പ്രവേശനത്തിന് എഴുപതു ശതമാനവും പ്രയോജനം ചെയ്യുക പ്ലസ്ടുവിന്റെ കണക്ക്, ഫിസിക്സ്, കെമിസ്ട്രിയുടെ മാർക്കാണ്. എൻട്രൻസ് മുപ്പതു ശതമാനത്തോളമേ പ്രയോജനപ്പെടുകയുള്ളൂ. എന്നാൽ സർക്കാർ പറയുന്നതും നാമെല്ലാം ധരിച്ചിരിക്കുന്നതും 50:50 എന്ന അനുപാതമാണ്. എന്നാൽ ഈ കണക്കിൽ ഒരു വില്ലൻ ഒളിഞ്ഞിരിപ്പുണ്ട്. അതു മനസ്സിലാക്കാൻ സാധിക്കണം.

ചാനൽ ചർച്ചയിൽ ഞാൻ പറഞ്ഞത് എൻട്രൻസ് പരീക്ഷ നിർത്തലാക്കി അതിനുപകരമായി ആപ്റ്റിറ്റ്യൂട് (അഭിരുചി) പരീക്ഷയിട്ട് ഓരോ കുട്ടിക്കും അവരുടെ അഭിരുചിക്കനുസൃതമായ മേഖലയിൽ അഡ്മിഷൻ കൊടുക്കും എന്ന്. ഇന്ന് ചോര കണ്ടാൽ വിറയ്ക്കുന്ന കുട്ടിയേയും അപ്പനും അമ്മയ്ക്കും പണമുണ്ടെങ്കിൽ ഡോക്ടറാകാൻ വിടുന്ന അവസ്ഥയുമാണ് നമ്മുടേത്. "Mind is a garden fill with beautiful flowers". മനസ്സിനെ എപ്പോഴും സന്തോഷത്തിന്റെ പൂക്കളാൽ നിറച്ച ഒരു പൂന്തോട്ടമാക്കണം. എങ്കിൽ മാത്രമേ ജീവിത വിജയം നേടാൻ സാധിക്കൂ. അതിന് ഏറ്റവും ആവശ്യം നമ്മുടെ തൊഴിൽ മേഖലയിൽ സംതൃപ്തി ലഭിക്കുകയെന്നതാണ്. അഭിരുചിക്കു വ്യത്യസ്തമായ മേഖലയിലാണ് തൊഴിൽ എങ്കിൽ അത് മാനസികമായും ശാരീരികമായും നമ്മേ തളർത്തും. അതിന്റെ പ്രത്യാഘാതം എല്ലാ മേഖലയിലുമുണ്ടാകും.

ഇവിടെയാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. താങ്കളുടെ സഫലീകരിക്കാതെപോയ സ്വപ്നങ്ങൾ മക്കളിലൂടെ നേടിയെടുക്കണമെന്ന വാശിയോടെ ഓരോ കുട്ടിയും ജനിക്കുമ്പോൾ അവൻ അവൾ ആരാകണമെന്ന് മുൻകൂട്ടി മാതാപിതാക്കൾ തീരുമാനിക്കുന്നു. ഫലമോ സ്പടികം സിനിമയിലെ ആടുതോമായുടെ അവസ്ഥ.


ഈയിടെ ഞാൻ ഒരു ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകർക്കു വേണ്ടി ഒരു ക്ലാസിനു പോയപ്പോൾ ആ സ്കൂളിലെ ഒരു ടീച്ചർ എന്നോടു പറയുകയുണ്ടായി. കുറച്ചു നാൾ മുമ്പ് ആ സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾക്കു വേണ്ടി ഒരു കരിയർ ഗൈഡൻസ് സെമിനാർ മാനേജ്മെന്റ് സംഘടിപ്പിച്ചു. ക്ലാസെടുക്കാൻ വന്നയാൾ നാലഞ്ചു കോഴ്സുകളെപ്പറ്റി (പലതും പ്രൈവറ്റ് സെക്ടറിലുള്ളത്) അതിന്റെ നേട്ടങ്ങളെപ്പറ്റി വാനോളമുയർത്തി അവതരിപ്പിച്ചപ്പോൾ ഇതിന്റെ ഉദ്ദേശ്യശുദ്ധിയെ സംശയിച്ചുപോയി എന്ന്.

ഇത് പല വിദ്യാഭ്യാസ സ്ഥാപനാധികൃതർക്കും പറ്റുന്ന ഒരു അബദ്ധമാണ്. വലിയ ഫീസൊന്നും തരേണ്ട, അല്ലെങ്കിൽ സൗജന്യം എന്നു കേൾക്കുമ്പോൾ പല സ്ഥാപനങ്ങളും ആ ചൂണ്ടയിൽ കയറിക്കൊത്തും. കുട്ടികൾക്ക് പ്രയോജനം കിട്ടിക്കോട്ടെ എന്ന സദുദ്ദേശ്യത്തോടെ ഇവരുടെ മുമ്പിൽ പാവം കുട്ടികളെ കൊണ്ടിരുത്തിക്കൊടുക്കും. പ്ലസ്ടുവിനു പഠിക്കുന്ന ഏതൊരു കുട്ടിയുടെയും മാനസികാവസ്ഥ അടുത്തത് എന്ത്, ഏതു കോഴ്സിനു പോകണം എന്ന ആകുലതയാണ്. ഈ സമയത്താണ് ഒരാൾ വന്നു ചില കോഴ്സുകളുടെ മേന്മയെപ്പറ്റി വാനോളം പുകഴ്ത്തുമ്പോൾ പാവം കുട്ടികൾ തീരുമാനിക്കും ഞാൻ ഈ കോഴ്സിനേ പോകുന്നുള്ളൂ. ഈ കോഴ്സുകൾക്ക് ഓരോ കുട്ടിയും ചേരുമ്പോൾ ഒരു വിഹിതം ഇവർക്ക് കിട്ടുന്ന കാര്യം സ്കൂൾ അധികൃതർ മനസ്സിലാക്കണം.



പലരും എന്നോടു ചോദിക്കാറുണ്ട് ഏതു കോഴ്സാണ് നല്ലത് എന്ന്. എന്റെ അഭിപ്രായത്തിൽ ലോകത്തിലുള്ള എല്ലാ കോഴ്സുകളും നല്ലതാണ്. ഏതു കോഴ്സെടുത്താലും അതിൽ വിജയിച്ചവരെയും പരാജിതരേയും നമുക്കു കാണാൻ സാധിക്കും. നൂറു കുട്ടികളുടെ മുമ്പിൽ പോയി ഒരു കോഴ്സിനെപ്പറ്റി പറയുമ്പോൾ ആ കോഴ്സിന് അനുയോജ്യരായ നാലോ അഞ്ചോ കുട്ടികളേ അതിൽ കാണൂ. അവർക്ക് ആ കോഴ്സ് പ്രയോജനം ചെയ്യും. മറ്റു കുട്ടികൾ ആ കോഴ്സ് പഠിച്ചാൽ ഫലം പരാജയമായിരിക്കും.

വക്കീൽ ജോലി നല്ല ജോലിയാണ്. ചില വക്കീലന്മാർക്കൊക്കെ എന്തു മാത്രം ഫീസാണ് ലഭിക്കുന്നത്. എന്നാൽ എത്ര വക്കീലുമാരുണ്ട് ദിവസം നൂറു രൂപ പോലും തടയാത്തത്. ഈയിടെ ഞാൻ തിരുവനന്തപുരം ലോകോളേജിലെ വിദ്യാർത്ഥികൾക്കു വേണ്ടി "How to succeed in your life" എന്ന രണ്ടു ദിവസത്തെ ഒരു ട്രയിനിങ്ങ് പ്രോഗ്രാമിനു ചെന്നപ്പോൾ ഞാനവരോടു പറഞ്ഞു. നിങ്ങളെ വക്കീല




ന്മാരാക്കാൻ ഈ കോളേജിൽ പഠിപ്പിക്കുന്നില്ല. പിന്നെയോ വക്കീലാകാനുള്ള യോഗ്യത മാത്രമേ ഈ കലാലയം നിങ്ങൾക്കു തരൂ.

ഒരു വക്കീലാകാൻ ആദ്യമായി വേണ്ടത് നല്ല വാക്ക് ചാതുര്യമാണ്. വാക്കുകളിട്ട് അമ്മാനമാടാൻ സാധിക്കണം. തെങ്ങേൽ കിടക്കുന്നതു മാങ്ങായാണെന്നും, മാവിൽ കിടക്കുന്നത് തേങ്ങയാണെന്നും സത്യത്തേ അസത്യമായും, അസത്യത്തെ സത്യമായും വളച്ചൊടിക്കുവാനുള്ള വാക്ചാതുര്യമുള്ളവർക്കു മാത്രമേ വക്കീൽകുപ്പായം ചേരൂ. ചിന്തിക്കുക എത്ര പേർക്കതു ചേരും.

എം.ബി.എ. നല്ല പ്രൊഫഷനാണ്. മിടുക്കരായ എം.ബി.എ.ക്കാർക്കൊക്കെ ഭീമമായ തുക മാസം ലഭിക്കുന്നു. പക്ഷേ നല്ല നേതൃത്വവാസനയുള്ളവർക്കാണ് ഈ മേഖലയിൽ വിജയിക്കാൻ സാധിക്കുന്നത്. ചിലപ്പോൾ ഒരു പ്രസ്ഥാനമായിരിക്കും ഇവരെ ഏൽപ്പിക്കുക. അതു മാനേജു ചെയ്യാനുള്ള കരുത്തും, നേതൃത്വവാസനയും വേണം. അതില്ലാതെ ഫസ്റ്റ് റാങ്ക് വാങ്ങി പാസായിട്ടു കാര്യമില്ല.

എഞ്ചിനിയറിംഗ് നല്ല മേഖലയാണ്. എന്നാൽ ഒരു എഞ്ചിനിയറാകാൻപോകുന്ന കുട്ടിക്കു വേണ്ടത് ഗണിതവാസനയും വിഷ്വലൈസേഷൻ സ്കിൽസുമാണ്. ചില കുട്ടികൾ മറ്റു വിഷയങ്ങൾക്കൊക്കെ പുറകിലാണെങ്കിലും കണക്കിന് നല്ല മാർക്കായിരിക്കും. ഇത് അവരുടെ ജന്മസിദ്ധമായ കഴിവാണ്. ഇങ്ങനെയുള്ളവർ എഞ്ചിനിയറിംഗ് മേഖലയിൽ വിജയിക്കും.

രാജ്യത്തെ ഏറ്റവും മഹനീയവും മഹത്തരവുമായ സിവിൾ സർവ്വീസിന് ഓരോ വർഷവും ഏറ്റവും കൂടുതൽ പേർ പാസാകുന്നത് സാക്ഷരതയിൽ രാജ്യത്തെ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനമായ ബീഹാറിൽ നിന്നാണ്. സാക്ഷരതയിൽ ഏറ്റവും മുമ്പിലുള്ള കേരളത്തിൽനിന്ന് വിരലേൽ എണ്ണാനുള്ളവർ മാത്രം പാസാകുന്നു. പലരുടെയും വിചാരം ഉന്നത ഐക്യു ഉള്ളവർക്കു മാത്രം പറഞ്ഞിട്ടുള്ളതാണ് ഈ മേഖല എന്നത്. ഇത് ഒരു തെറ്റിദ്ധാരണയാണ്. ജീവിത വിജയത്തിന് ഐക്യുസ്ഥാനം ഇരുപതു ശതമാനം മാത്രമേയുള്ളു. ഉന്നത ഐക്യു ഉള്ളവരിൽ പലരും അവരുടെ വ്യക്തിപരവും തൊഴിൽപരവുമായ ജീവിതത്തിൽ പരാജയപ്പെടുന്നതായിട്ടാണ് കാണുന്നത്. ഈ കൂട്ടരുടെ മുമ്പിൽ ഒരു വിഷയം കിട്ടിയാൽ അതിന്റെ സകല നൂലാമാലകളെയും പറ്റി ചിന്തിച്ച് പഠിച്ചുകൊണ്ടിരിക്കും. വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളില്ല. ബുദ്ധിശക്തിയാണ് സിവിൽ സർവ്വീസിനാധാരമെങ്കിൽ എസ്.എസ്.എൽ.സി.ക്ക് വെറും 242 മാർക്കു വാങ്ങിയ എന്റെ സഹോദരൻ ആറാം റാങ്കോടെ ഐ.എ.എസ്.കാരനാകുമായിരുന്നില്ല. അച്ചായൻ കോട്ടയം കളക്ടറായി നിയമനം കിട്ടിയ കാര്യമറിഞ്ഞ് അച്ചായന്റെ ക്ലാസ്ടീച്ചറായിരുന്ന വി.സി. ചാക്കോസാർ പറഞ്ഞ വാക്കുകൾ ഞാനിപ്പോഴും ഓർക്കുകയാണ്. ബിനു നിന്റെ ജ്യേഷ്ഠൻ ഒരു ബിൽ കളക്ടർ (പഞ്ചായത്തിലെ പ്യൂൺ) പോലുമാകുമെന്ന് ഞാൻ പ്രതീക്ഷിച്ചതല്ല എന്ന്.

നമ്മുടെ വിദ്യാഭ്യാസ സംവിധാനവും പൊളിച്ചെഴുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ രീതി dead learnings ആണ്. യൂണിവേഴ്സിറ്റിയെ ബോധ്യപ്പെടുത്തി എങ്ങനെ കുറേ മാർക്കു നേടാം എന്ന ഒറ്റ ലക്ഷ്യം. നാലു നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച രാജാവ് എന്നു ജനിച്ചു എന്നു മരിച്ചു എത്ര പേരേ കൊന്നു. അയാളുടെ പൊണ്ടാട്ടിമാരുടെ എണ്ണവും



## C.D പ്രകാശനം

സേക്രട്ട് ഹാർട്ട് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ ആഭിമുഖ്യത്തിൽ റവ. ഫാ. മാത്യു ചിറയിലിന്റെ നേതൃത്വത്തിൽ ലിജിൻ കുന്നിലേത്ത് പുറത്തിറക്കിയ **C.D** പ്രകാശനം തിരുവല്ല അതിരൂപതയുടെ അഭി. തോമസ് മാർ കൂറിലോസ് പിതാവ് അതിരൂപതാ വികാരി ജനറാൾ ബഹു. മോൺ. ആന്റണി ചെത്തിപ്പുഴ അച്ചന് നല്കി പ്രകാശനം ചെയ്യുന്നു.

പേരും നാളുമെല്ലാം കാണാതെ പഠിക്കണം. എന്തിനു വേണ്ടി? രണ്ടു മാർക്കിനു വേണ്ടി മാത്രം. അല്ലാതെ ഇത് ആരുടെ ജീവിതത്തിൽ എന്തു തരുന്നു. ഈയിടെ ഒരഭിമുഖത്തിൽ ക്യാൻസർരോഗവിദഗ്ധനായ ഡോ. ഗംഗാധരൻ പറയുന്നതു കേട്ടു. ക്യാൻസർ രോഗം ഒരു മഹാവിപത്തായി പടരുകയാണ്. ഇതിനു പ്രധാന കാരണം നമ്മുടെ ജീവിത ശൈലിയാണ്. നമ്മുടെ കുട്ടികളെ രണ്ടാം ലോകമഹായുദ്ധത്തെപറ്റി പഠിപ്പിക്കുന്നതിലും അത്യാവശ്യം സ്വന്തം ശരീരം എങ്ങനെ ആരോഗ്യത്തോടെ സംരക്ഷിക്കണം എന്നതാണെന്ന്. ചരിത്രം പഠിക്കേണ്ടയെന്നല്ല ഇതുകൊണ്ട് ഞാനർത്ഥമാക്കുന്നത്. മണി മാനേജ്മെന്റിനെപ്പറ്റി പഠിപ്പിക്കുമ്പോൾ ഞാൻ ഒരു കാര്യം പറയാറുണ്ട്. ഓരോ രൂപ ചില വാക്കുമ്പോഴും മൂന്നു കാര്യം ചിന്തിക്കണം. ആവശ്യമാണോ, അത്യാവശ്യമാണോ, അനാവശ്യമാണോ എന്ന്. ചരിത്ര പഠനം ആവശ്യമാണ്. എന്നാൽ സ്വന്തം ശരീരത്തെ ശരിയായ രീതിയിൽ സംരക്ഷിക്കുവാൻ പഠിപ്പിക്കുക എന്നത് അത്യാവശ്യമാണ്.

മലയാളികൾക്ക് ഏറ്റവും കൂടുതൽ അറിയത്തില്ലാത്ത രണ്ടു കാര്യങ്ങളാണ് മണി മാനേജുമെന്റും മറ്റൊന്ന് വീടുപണിയാനും. മലയാളികൾ വീട് പണിയുന്നത് നാട്ടുകാരെ കാണിക്കാനാണ്. നല്ലൊരു ശതമാനം പണവും വീടിനു പുറം മോടി പിടിപ്പിച്ച് മറ്റുള്ളവരെ പ്രൗഢി കാണിക്കാൻ വിനയോഗിക്കും. ഇടുങ്ങിയ മുറികളും പണിയും. ഇവിടെ ഒരിക്കലും പോസിറ്റീവ് എനർജിയല്ല. ആ ഇടുങ്ങിയ മുറികൾ പോലെ അവിടെ താമസിക്കുന്നവരുടെ മനസും ഇടുങ്ങിയതായി തീരുന്നു. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളും സന്ദർശിച്ചിട്ടുള്ള എനിക്ക് കാണുവാൻ സാധിച്ചിട്ടുള്ളത് അവരെല്ലാം വീടുപണിയുന്നത് അവരുടെ കുടുംബത്തിനാവശ്യാനുസരണമാണ്. അല്ലാണ്ട് മറ്റുള്ളവരെ കാണിക്കാനല്ല. നമ്മൾ പുറം മോഡി പിടിപ്പിക്കാൻ പണം ചിലവാക്കുമ്പോൾ അവർ അകം മോഡിപിടിപ്പിക്കാൻ പണം ചിലവഴിക്കുന്നു.

ജീവിതവിജയം എല്ലാവരും ആഗ്രഹിക്കുന്നു എന്നാൽ ഒരു ചെറിയ ശതമാനം ആൾക്കാർക്കുമാത്രമേ ഇതു നേടാൻ സാധിക്കുന്നുള്ളൂ. എന്താണ് ജീവിത വിജയിയും പരാജിതനും തമ്മിലുള്ള വ്യത്യാസം? പ്രതിസന്ധികളിൽ സാധ്യത കണ്ടെത്തുന്നവൻ വിജയി, സാധ്യതകളിൽ പ്രതിസന്ധി കണ്ടെത്തുന്നവൻ പരാജിതൻ.

ജീവിതവിജയം എന്നു പറയുന്നത് ആകാശത്തേയ്ക്ക് റോക്കറ്റ് കുതിച്ചുയരുന്നതുപോലെയാണ്. റോക്കറ്റങ്ങനെ മുകളിലേയ്ക്ക് കുതിക്കുമ്പോൾ ഭൂമിക്കൊരു സുഖക്കേടുണ്ട്. ഭൂമിയുടെ ഗുരുത്വാകർഷണം റോക്കറ്റിനെ താഴേയ്ക്കു പിടിച്ചു വലിക്കും. ഇതിനെ അതിജീവിക്കാൻ സാധിക്കാതെ പല റോക്കറ്റുകളും മുകളിലേയ്ക്ക് കുതിച്ചതിനേക്കാൾ സ്പീഡിൽ താഴേയ്ക്കു മൂക്കുകുത്തും. ഇങ്ങനെയുള്ള റോക്കറ്റുകൾ ഒരിക്കലും ചരിത്രത്തിൽ സ്ഥാനം പിടിക്കില്ല. എന്നാൽ ചില റോക്കറ്റുകൾ ഇതിനെ അതിജീവിച്ച് ഭ്രമണപഥത്തിൽ എത്തിച്ചേരും. ഇവർ ചരിത്രത്തിന്റെ ഭാഗമായി മാറും.

നമ്മളും ജീവിതത്തിൽ ഉയരുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ മനസ്സിൽ നിറച്ചുവച്ചിരിക്കുന്ന നെഗറ്റീവ് ചിന്താഗതികൾ, നമ്മുടെ സുഹൃത്തുക്കൾ, സമൂഹം നമ്മെ പലപ്പോഴും താഴോട്ടു പിടിച്ചു വലിക്കും. ഇതിനേയെല്ലാം അതിജീവിച്ചു പോകുവാൻ നമുക്കു വേണ്ടത് നമ്മുടെ മനസ്സാകുന്ന ഇന്ധന ടാങ്കിൽ ഇപ്പോൾ നിറച്ചു വച്ചിരിക്കുന്ന നെഗറ്റീവ് ചിന്താഗതികൾ പുറത്തുകളഞ്ഞിട്ട് അവിടെ പോസിറ്റീവ് ചിന്താഗതികൾ നിറയ്ക്കൂ. വിജയം നിങ്ങളെ തേടി വന്നിരിക്കും.

ചരിത്രം സൃഷ്ടിക്കലാകണം നമ്മുടെ ജീവിത ലക്ഷ്യം അല്ലാതെ മറ്റുള്ളവർ സൃഷ്ടിച്ച ചരിത്രം ഏറ്റു പറഞ്ഞുകൊണ്ടു നടക്കൽ മാത്രമാകരുത്.

■



# പ്രബോധനം
## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

### ജൂലൈ 3 – ദുക്റാന തിരുനാൾ

**യോഹ.20:19–29**

ജൂലൈ 3 ഭാരതത്തിന്റെ അപ്പസ്തോലനായ, നമ്മുടെ പിതാവായ വി. തോമ്മാശ്ലീഹയുടെ ദുക്റാന തിരുനാൾ – ശ്രദ്ധ തിരുനാൾ ആണ്. തൊട്ടുവിശ്വാസിയെന്നും, സംശയിക്കുന്ന തോമ്മായെന്നും ചിലരെങ്കിലും ശ്ലീഹയെ ആക്ഷേപിക്കാറുണ്ട്. എന്നാൽ വി. യോഹന്നാന്റെ സുവിശേഷം പഠിക്കുമ്പോൾ തോമ്മാശ്ലീഹയെ വിശ്വാസികൾക്ക് ഉത്തമ മാതൃകയായി ആണ് വി. യോഹന്നാൻ ശ്ലീഹ സുവിശേഷിക്കുന്നത്.

ഇന്നത്തെ സുവിശേഷം നമ്മെ ആഹ്വാനം ചെയ്യുന്നത് കണ്ടു വിശ്വസിക്കുന്നതും, കാണാതെ വിശ്വസിക്കുന്നതും ഒരുപോലെ ശ്രേഷ്ഠം എന്ന് വെളിപ്പെടുത്തുന്നു.

കണ്ടു വിശ്വസിച്ചവരേ ശ്ലീഹന്മാരായിട്ടുള്ളൂ. കണ്ട് വിശ്വസിക്കുന്നത് ഒരു കുറവല്ല. വാസ്തവത്തിൽ ശ്ലീഹയാകാനുള്ള യോഗ്യതകളിൽ ഒന്നായിരുന്നു ഉത്ഥിതനെ കണ്ടിരിക്കണം എന്നത് (അപ്പ.പ്ര.1:21). 'കാണുക' എന്നാൽ ആഴമായ അനുഭവത്തിന് ഉടമകളാകുക എന്നാണ്.

പരസ്പരം വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ആണ് നാം ഇന്ന് ജീവിക്കുന്നത്. കൂടെ വസിക്കുന്ന ഭാര്യയെ വിശ്വാസമില്ല. കാലപ്പഴക്കം ചെന്ന സുഹൃദ്ബന്ധം ആയിട്ടും സുഹൃത്തിന്റെ വാക്കിനെ വിശ്വാസം ഇല്ല. സ്കൂളിലേക്ക് എന്ന് പറഞ്ഞ് പടിയിറങ്ങുന്ന മക്കളെ അത്ര വിശ്വാസം പോരാ. എന്തിന് അധികം പറയുന്നു, ഇപ്പോൾ ബാങ്ക് അക്കൗണ്ട് തുറക്കാൻ, ബാങ്കിൽനിന്ന് ലോൺ എടുക്കാൻ പണ്ട് ഉള്ളതിനേക്കാൾ എന്തെല്ലാം നൂലാമാലകൾ കൂടിയിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ പരസ്പരം വിശ്വാസമില്ലായ്മ കൂടിവരുന്നത് പരസ്പരം അറിവില്ലാത്തതുകൊണ്ടാണ്. അറിയുന്നതിനെ മാത്രമെ ഹൃദയം നിറഞ്ഞ് സ്നേഹിക്കാനും വിശ്വസിക്കാനും സാധിക്കുകയുള്ളൂ. അറിവ് ആണ് ആഴമായ ബന്ധത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്നത്.

'കണ്ടു' എന്ന വാക്കിന്റെ അർത്ഥം ആഴമായി അനുഭവിച്ചറിയുക, ഗാഢബന്ധം പുലർത്തുക എന്നൊക്കെയാണ് അർത്ഥതലങ്ങൾ. യേശു തമ്പുരാൻ തന്റെ ആദ്യ ശിഷ്യന്മാരെ തെരഞ്ഞെടുക്കുമ്പോൾ തന്റെ പിന്നാലെ വരുന്നവരോട് മിശിഹാ പറയുന്നത് 'വന്ന് കാണുക' (യോഹ. 1:38–39). ഈ ശിഷ്യന്മാർ മിശിഹായോടൊപ്പം താമസിച്ച് തിരിച്ചെത്തിയപ്പോൾ സഹോദരനോട് പറയുന്നത് "ഞങ്ങൾ മിശിഹായെ – ക്രിസ്തുവിനെ – കണ്ടു" (യോഹ. 41) എന്നാണ്. ഫിലിപ്പോസ് നഥാനിയേലിനോടും പറയുന്നത് (യോഹ.1:46) ഇതുതന്നെയാണ്; 'വന്ന് കാണുക'. യോഹന്നാന്റെ 1–ാം ലേഖനം 1–ാം അദ്ധ്യായം ആരംഭം മുതൽ നാം വായിക്കുന്നതും 'ആദിയിൽ ഉണ്ടായിരുന്നതും, ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൾകൊണ്ട് കണ്ടതും, സൂക്ഷിച്ച് വീക്ഷിച്ചതും, കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെ ഞങ്ങൾ അറിയിക്കുന്നു.

കാണാതെ ഞാൻ വിശ്വസിക്കുകയില്ല എന്ന് തോമ്മാശ്ലീഹ പറഞ്ഞത് ഒരു കുറവല്ല. അവിശ്വാസി എന്ന് പറഞ്ഞ് പലരും തോമ്മാശ്ലീഹയെ തരംതാഴ്ത്താറുണ്ട്. ഇത് സ്നേഹത്തിൽനിന്നുള്ളൊരു ശാഠ്യം ആയിരുന്നു. കണ്ടുകൊണ്ട് വിശ്വസിച്ചതുകൊണ്ട് കർത്താവിനുവേണ്ടി ജീവൻ ബലിയർപ്പിക്കത്തക്കവിധം വിശ്വാസം പാറപോലെ ഉറപ്പുള്ളതായിത്തീർന്നു.

തോമ്മാശ്ലീഹയുടെ ജീവിതം നൽകുന്ന സന്ദേശം മിശിഹാ തമ്പുരാനെ അനുഭവിച്ചറിയുക എന്നതാണ്. സുവിശേഷജീവിതം നയിക്കുവാൻ ദൈവത്തിന്റെ സ്പർശനം ലഭിക്കാതെ സാദ്ധ്യമാകില്ല. ദൈവത്തെ കണ്ടറിഞ്ഞ് വിശ്വസിക്കുന്നവർക്കാണ് ആഴത്തിൽ സുവിശേഷമാകുവാൻ സാഹചര്യം അനുകൂലമാണെങ്കിലും പ്രതികൂലമാണെങ്കിലും സാദ്ധ്യമാകുകയുള്ളൂ. ദൈവത്തെ ആഴമായി സ്പർശിച്ചറിഞ്ഞവരെപ്പറ്റിയാണ് വി. മത്തായി ശ്ലീഹ ഇപ്രകാരം എഴുതിപ്പഠിപ്പിച്ചത്. മഴപെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അത് ഭവനത്തിന്മേൽ ആഞ്ഞടിച്ചു. അത് വീണില്ല. എന്തുകൊണ്ടെന്നാൽ അത് പാറമേൽ സ്ഥാപിതമായിരുന്നു. പാറമേൽ സ്ഥാപിതമായ ഭവനം പ്രതിനിധീകരിക്കുന്നത് ദൈവത്തെ കണ്ടറിഞ്ഞ് സ്പർശിച്ച ശിഷ്യനെയാണ്. മണൽപ്പുറത്ത് പണിത ഭവനം മിശിഹയെ സ്പർശിച്ചറിഞ്ഞിട്ടില്ലാത്ത ശിഷ്യന്റെ പ്രതീകമായി കരുതാം. പ്രതികൂല സാഹചര്യങ്ങളിൽ വീണുപോകുന്ന ശിഷ്യൻ, തള്ളിപ്പറയുന്നവൻ, അറിയില്ലയെന്നു പറയുന്നവൻ, ഭയന്നുമാറി പോകുന്നവൻ, അകലെനിന്ന് അനുഗമിക്കുന്നവൻ എല്ലാം ദൈവാത്മ സ്പർശനം ലഭിക്കാത്തവർ ആണ്.

കാണാതെ വിശ്വസിക്കുന്നതും സൗഭാഗ്യകരമാ

ണ്. യേശുവിനെ നേരിൽ കാണാനോ കേൾക്കാനോ സ്പർശിക്കാനോ സാധിക്കാത്തവരുടെ വിശ്വാസ സ്ഥിരീകരണത്തിന് വി. തോമ്മാശ്ലീഹയെ ദൈവം കാരണമാക്കി എന്നതാണ് നാം തിരിച്ചറിയേണ്ടത്. യേശുമിശിഹയെ കണ്ടു വിശ്വസിക്കുന്നതിനു തുല്യം ആണ് കാണാതെ വിശ്വസിക്കുന്നതും എന്ന് യോഹന്നാൻ സുവിശേഷിക്കുന്നു. കണ്ട് മാത്രമേ വിശ്വസിക്കൂ എന്ന് ശഠിച്ച തോമ്മാശ്ലീഹയെ വിശ്വാസ ബലമില്ലാത്ത ഒരു ശിഷ്യനായി യോഹന്നാൻ കരുതുന്നില്ല. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നാൽ മിശിഹായെ കണ്ട്, തൊട്ട് അറിഞ്ഞവരുടെ സാക്ഷ്യം വിശ്വസിക്കുകയും, യേശുവിനെ കർത്താവും രക്ഷകനുമായി ഏറ്റുപറഞ്ഞ് മരണത്തെ അവഗണിച്ച് യേശു ആകുന്ന മാർഗ്ഗത്തിൽ ചരിച്ചാൽ അവർക്കും നിത്യജീവൻ ദൈവം വാഗ്ദാനം ചെയ്യുന്നു എന്ന് സുവിശേഷിക്കുന്നു യോഹന്നാൻ.

തോമ്മാശ്ലീഹ നേരിട്ട് കണ്ടറിഞ്ഞതുപോലെ ഇന്ന് നമുക്ക് സാദ്ധ്യമാകുകയില്ലെന്നറിയാം. ഇത് എങ്ങനെയാണ് ഇന്ന് സാദ്ധ്യമാകുന്നത്? ദൈവത്തെ കണ്ടറിയുവാൻ ഇന്ന് സാദ്ധ്യമാകുന്നത് വി. ബൈബിളിലൂടെയും വി. കൂദാശകളിലൂടെയും പ്രാർത്ഥനാ ധ്യാനത്തിലൂടെയും ആണ്. വചനം വിശ്വസിക്കുക. കൂദാശാ സ്വീകരണം അനുഭവം ആക്കുക. മനുഷ്യന്റെ സാക്ഷ്യം വിശ്വസിക്കുന്നതിനെക്കാൾ വിശ്വാസ്യതയോടെ മിശിഹായുടെ സാക്ഷ്യം ആയ വി. ഗ്രന്ഥം വിശ്വസിക്കുവാൻ സാധിക്കണം. ഒരു ശിശു തന്റെ പിതാവിൽ അർപ്പിക്കുന്ന വിശ്വാസത്തോടെ വി. ബൈബിളിലും കൂദാശകളിലും വിശ്വാസമർപ്പിക്കുക. വചനത്തിൽ ആഴപ്പെടുംതോറും ദൈവാനുഭവത്തിൽ നാം വളരും. പരി. കൂദാശകൾ വചനത്തിന്റെ ആഘോഷം ആണ്. മിശിഹാ തന്റെ മക്കളുടെ ഇടയിൽ ലോകാവസാനം വരെ ആയിരിക്കുന്നത് ഈ പരി. കൂദാശകളിലൂടെയാണ്. പരി. കുർബാനയിൽ ഭക്തിയോടെ വിശ്വാസത്തോടെ പങ്കുചേരുന്നവർക്ക് മിശിഹായെ ദർശിക്കാനാകും എന്ന് അനേക അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വി. കുർബാനയേക്കാൾ വലിയ പ്രാർത്ഥനയില്ല. വി. കുർബാനയിൽനിന്ന് ദൈവസ്പർശനം നാം പ്രാപിക്കുന്നത് നമ്മുടെ വിശ്വാസത്തിന്റെ ആഴം അനുസരിച്ചാണ്. ദൈവം അനുഗ്രഹത്തിന്റെ ഒപ്പിട്ട ചെക്ക് കടലാസ് നമ്മുടെ കൈയിൽ തന്നിരിക്കുന്നു. വിശ്വാസത്തിന്റെ ബലം അനുസരിച്ച് തുകയാകുന്ന അനുഗ്രങ്ങളും ദൈവ അനുഭവവും എഴുതിയെടുക്കാം. വി. ബൈബിളിലും വി. കൂദാശകളിലും വിശ്വാസമർപ്പിച്ച് ദൈവത്തെ കണ്ട് വിശ്വസിച്ച് നമ്മുടെ വിശ്വാസജീവിതം ഒരു സുവിശേഷം ആക്കിത്തീർക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ചാക്കോ മേലേടത്ത്**

## പെന്തിക്കൊസ്തിക്കുശേഷം എട്ടാം ഞായർ
## വി. മത്തായി 19:1 – 12

പെന്തിക്കൊസ്തിക്കുശേഷം കടന്നുവരുന്ന എട്ടാം ഞായറാഴ്ചയായ ഇന്നിന്റെ വിചിന്തനം വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 19–ാം അദ്ധ്യായം 1 മുതൽ 12 വരെയുള്ള തിരുവചനങ്ങളാണ്. വിവാഹത്തിന്റെ പവിത്രതയും അതിനെ കളങ്കപ്പെടുത്തുന്ന വിവാഹമോചനത്തെയും കുറിച്ച് പറഞ്ഞ് വിവിധ തരം ജീവിതരീതകളെക്കുറിച്ച് കർത്താവ് പഠിപ്പിക്കുന്നു. പതിനെട്ടാം അദ്ധ്യായം ഉടനീളം ക്ഷമയാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം എന്ന് പഠിപ്പിക്കുന്ന കർത്താവിന്റെ മുമ്പിലേക്കാണ് ഫരിസേയർ വിവാഹമോചനത്തെക്കുറിച്ചുള്ള ചോദ്യം എറിയുന്നത്. ഈ ചോദ്യവും അതിന്റെ ഉത്തരവും മനസ്സിലാകണമെങ്കിൽ യഹൂദ വിവാഹത്തെക്കുറിച്ച് ചെറുതായെങ്കിലും മനസ്സിലാക്കേണ്ടതുണ്ട്.

വവാഹം വളരെ പവിത്രമായി കണ്ടിരുന്ന ഒരു ജനവിഭാഗമാണ് യഹൂദർ. യഹൂദ നിയമം പഠിക്കാനല്ലാതെ മറ്റൊരു കാരണത്താൽ വിവാഹിതനാകാതിരുന്നാൽ അത് ഉല്പത്തി 1:23 “സന്താനപുഷ്ടിയുള്ളവനായി പെരുകുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ” എന്ന യഹോവയുടെ നിയമത്തിന് എതിരായി കരുതിപ്പോന്നു. ഇപ്രകാരം വിവാഹത്തെ പവിത്രമായി കാണുകയും തത്വത്തിൽ വിവാഹമോചനത്തെ യഹൂദർ വെറുക്കുകയും ചെയ്തിരുന്നു. (മത്തായി 1:16) “വിവാഹമോചനത്തെ ഞാൻ വെറുക്കുന്നു”. പക്ഷേ തത്വവും പ്രവൃത്തിയും ഒന്നിച്ചു പോയിരുന്നില്ല. ഇപ്രകാരം വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കുറിച്ചുമുള്ള തർക്കങ്ങൾ യഹൂദർക്കിടയിലുണ്ടായിരുന്നു. ഇതിനോടു ചേർത്ത് മോശയുടെ നിയമവും നാം വായിക്കുന്നു.

പ്രധാനമായും രണ്ട് ‘Schools of thoughts’ ആണ് ഉണ്ടായിരുന്നത്.

1. Schools of Shemmai - പരസംഗം മൂലമല്ലാതെ വിവാഹമോചനം പാടില്ല.
2. Schools of Hillal - ഭർത്താവിന് ഇഷ്ടമില്ലാത്ത പ്രവൃത്തി ഭാര്യ ചെയ്താൽ അവളെ ഉപേക്ഷിക്കാം. അതായത് ഭക്ഷണം വച്ചത് ഇഷ്ടപ്പെടില്ല, തലമുടി ഒതുക്കിവയ്ക്കാതെ ഇരിക്കുക, വഴിയോരത്തുവച്ച് അന്യപുരുഷനോട് സംസാരിക്കുക, എന്തിനേറെ, തന്റെ ഭാര്യയെക്കാൾ സുന്ദരിയായ മറ്റൊരു പെൺകുട്ടിയെ കണ്ടാൽ വിവാഹമോചനം നടത്താം എന്ന രീതിയിലേക്ക് വരെ ഈ പഠിപ്പിക്കൽ നീണ്ടു നിന്നു.

രണ്ടാമത് നാം കണ്ട പഠിപ്പിക്കൽ ആണ് കൂടുതൽ തീവ്രമായി അനുഷ്ഠിക്കപ്പെട്ടിരുന്നത്. ഈ പശ്ചാത്തലത്തിലാണ് യേശുവിനോടുള്ള ചോദ്യം. അതായത് നീ shammai group ആണോ Hillal ആണോ? ഈ ചോദ്യത്തിനുത്തരമായി യേശു വിവാഹത്തെക്കുറിച്ച് ഉല്പത്തി പുസ്കത്തിലടങ്ങിയിരിക്കുന്ന യഹോവയുടെ ചിന്തയിലേക്ക് നയിക്കുന്നു. “സൃഷ്ടാവ് ആദി മുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. അവർ ഇരുവരും ഏക ശരീരമായിത്തീരും.” അവരുടെ സംഗമം മുറിക്കാനാവാത്തതാണ്. ഓരോ സ്ത്രീയും പുരുഷനും ആദത്തെയും ഹവ്വായെയും പ്രതിനിധാനം ചെയ്യുന്നു എന്നും അവരുടെ ബന്ധം മുറിക്കപ്പെടുവാൻ പാടു

ള്ളതല്ല എന്നും യേശു പഠിപ്പിക്കുന്നു. ഇപ്രകാരം വിവാഹത്തിന്റെ പവിത്രത യേശു പഠിപ്പിക്കുമ്പോൾ വീണ്ടും വിവാദത്തിന് തിരികൊളുത്തി അടുത്ത ചോദ്യം, മോശയെക്കാൾ വലിയവനാണോ നീ? ഈ ചോദ്യത്തിന് യേശു നൽകുന്ന മറുപടി ശ്രദ്ധേയമാണ്. നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് മോശ നിങ്ങൾക്ക് അനുമതി നൽകിയത്.

യഹൂദർ വിവാഹത്തെക്കുറിക്കാൻ ഉപയോഗിക്കുന്ന വാക്ക് 'kiddushiba' എന്നതാണ്. ഇതിന്റെ അർത്ഥം വിശുദ്ധീകരിക്കപ്പെട്ടത്, ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കപ്പെടുന്നു. എന്തിനും ഈ വാക്കാണ് ഉപയോഗിക്കുന്നത്. അതായത് വിവാഹത്തിൽ ഭാര്യ ഭർത്താവിനും, ഭർത്താവ് ഭാര്യയ്ക്കും പൂർണ്ണമായും സമർപ്പിക്കുന്നു. വിവാഹം ജീവിതത്തിലെ ഒരു കർമ്മമല്ല. അത് ജീവിതമാണ് എന്ന് യേശു പഠിപ്പിക്കുന്നു. ഇതിനോട് യേശു ചേർത്തുവയ്ക്കുകയാണ്, ഈ സമർപ്പിക്കലിനെല്ലാം അടിസ്ഥാനം ‘ദൈവകൃപയാണ്’.

പ്രിയമുള്ളവരെ, ഇന്നിന്റെ വിവാഹജീവിതത്തെ ഒന്ന് വിചിന്തനം ചെയ്യാം. പലപ്പോഴും ഞാൻ നേരത്തെ സൂചിപ്പിച്ച രണ്ടാമത്തെ School of thoughts ആണ് അറിഞ്ഞോ അറിയാതെയോ നാമും അനുഷ്ഠിക്കുന്നത്. ചെറിയ കാര്യങ്ങൾക്കുപോലും പലപ്പോഴും വിവാഹമോചനം പരിഹാരമായി നാം കാണുന്നു. ഇവിടെയാണ് ദൈവകൃപയുടെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നത്. വിവാഹത്തെ അതിന്റെ പവിത്രതയിൽ പിടിച്ചുനിർത്തുന്നത് ദൈവകൃപയാണ്. സ്ത്രീ-പുരുഷ ബന്ധത്തെ വിവാഹമാക്കി മാറ്റുന്നത് കൃപയാണ്. കാന്തത്തിൽ കാന്തശക്തി എന്ന പോലെ വിവാഹത്തിൽ കൃപ പ്രവർത്തിക്കുന്നു. ഈ കൃപയാണ് രണ്ടിനെ ഒന്നാക്കുന്നത്.

ഇന്നത്തെ കുടുംബജീവിതങ്ങളെ ഒന്ന് പരിശോധിച്ചാൽ ഈ കൃപയുടെ അഭാവം നിറഞ്ഞ് നിൽക്കുന്നതായി കാണാം. അതുകൊണ്ടാണ് വിവാഹമോചനങ്ങൾ ഇന്ന് ധാരാളം വർദ്ധിച്ചുവരുന്നത്. വിവാഹജീവിതത്തിന്റെ മഹത്വം നാം മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വെറും ശാരീരികസുഖങ്ങൾക്ക് പ്രാധാന്യം നൽകാതെ അതിന്റെ ദൈവികമായ വശങ്ങളിലേക്ക് ചിന്തിക്കുവാൻ നമുക്ക് സാധിക്കണം. അപ്പോഴാണ് ഒരു ക്രിസ്തീയ കുടുംബം ജന്മമെടുക്കുന്നത്.

### പെന്തിക്കോസ്തിക്കുശേഷം 9 – ാം ഞായർ
### വി. ലൂക്കാ 4:8 – 15

ഭൂമിയിൽ ദൈവരാജ്യത്തിന്റെ ആരംഭവും വളർച്ചയും ജനങ്ങൾക്ക് ചിരപരിചിതമായ സന്ദർഭങ്ങൾ ഉപയോഗിച്ച് യേശു വിവരിക്കുകയാണ്. വചനം കേൾക്കുന്നവർ വചനം സ്വീകരിച്ച് വചനത്തിന്റെ സമൃദ്ധമായ ഫലങ്ങൾ ലോകത്തിൽ പുറപ്പെടുവിക്കണമെന്ന് യേശു വിതക്കാരന്റെ ഉപമയിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവവചനത്തെ വിത്തിനോട് ആണ് യേശു ഉപമിച്ചിരിക്കുന്നത്. ഈ വിത്ത് ദൈവരാജ്യമാണ്. ദൈവരാജ്യസുവിശേഷം ആണ്. യേശു തന്നെയാണ്. പ്രതിസന്ധികളും ക്ലേശങ്ങളും സഹനങ്ങളും ഉണ്ടായാലും ദൈവവചനത്തിന് ആത്യന്തിക വിജയം ലഭിക്കുമെന്ന് ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

ശിഷ്യന്മാർ ഉപമയുടെ വിശദീകരണം യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ, ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ, ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാനുള്ള കൃപ ദൈവം തന്റെ ശിഷ്യർക്ക് നൽകിയിട്ടുണ്ടെന്ന് യേശു അവരെ അറിയിച്ചു. കാരണം ദൈവരാജ്യത്തിനു വേണ്ടി വേർതിരിക്കപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ.

8–ാം അദ്ധ്യായം 11 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ യേശു ഉപമയുടെ വിശദീകരണം നൽകുകയാണ്. ദൈവമാകുന്ന വിതക്കാരൻ വചനം ആകുന്ന വിത്തു വിതയ്ക്കുന്നു. എന്നാൽ മനുഷ്യഹൃദയങ്ങളിൽ ദൈവവചനം കടന്നുവരുന്നതിന് അനേകം തടസ്സങ്ങളുണ്ട്. ഈ തടസ്സങ്ങളെയെല്ലാം അതിജീവിച്ച് വചനത്തിനു നൂറുമേനി ഫലം പുറപ്പെടുവിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു.

വിതക്കാരൻ വിത്ത് വിതച്ചപ്പോൾ കുറെ വിത്ത് വഴിയരികിൽ വീണു എന്നു പറഞ്ഞിരിക്കുന്നു. ആളുകൾ ചവിട്ടു ഉറച്ച മണ്ണാണ് വഴിയരികിലെ മണ്ണ്. ഒരിക്കലും വിത്തിന് മണ്ണിന്റെ ആഴങ്ങളിലേക്കിറങ്ങി ചെല്ലുവാൻ സാധിക്കുകയില്ല. ദൈവവചനം കേൾക്കുന്നെങ്കിലും ആഴത്തിലേക്കെത്താൻ സാധിക്കാത്തതിനാൽ ഫലം നൽകാൻ സാധിക്കാതെ വരുന്നു.

മണ്ണു മൂടിക്കിടന്ന പാറപ്പുറത്തു വീണ വിത്തിനെപറ്റിയാണ് അടുത്തതായി ഉപമയിൽ പറഞ്ഞിരിക്കുന്നത്. പാറപ്പുറത്തുള്ള മണ്ണിൽ വിത്ത് മുളച്ചുപൊങ്ങിയെങ്കിലും പ്രതിസന്ധികളുണ്ടായപ്പോൾ അതു നശിച്ചു പോയി. ചില വ്യക്തികൾ വചനം സ്വീകരിക്കുന്നത് പാറപ്പുറത്തു വീണ വിത്ത് പോലെയാണ്. വചനമോ, വചനപ്രസംഗങ്ങളോ കേൾക്കുമ്പോൾ ആവേശത്തോടെ വചനം സ്വീകരിക്കുകയും എന്നാൽ വചനത്തെ പ്രതിക്ലേശങ്ങളുണ്ടാവുമ്പോൾ വചനത്തെ തിരസ്ക്കരിക്കുകയും ചെയ്യുന്നു.

വിതക്കാരൻ വിതച്ചപ്പോൾ കുറച്ചു വിത്ത് മുള്ളുകൾക്കിടയിലാണ് വീണത്. അതു വളർന്നുപൊങ്ങിയെങ്കിലും, വളരുന്തോറും മുള്ളുകൾ അതിനെ ഞെരുക്കിക്കളഞ്ഞു. വചനം കേൾക്കുവാനും സ്വീകരിക്കുവാനും തയ്യാറാണെങ്കിലും ജീവിതപ്രാരാബ്ധങ്ങൾ, ജോലിഭാരം, രോഗങ്ങൾ, ലൗകികവ്യഗ്രത ഇവ മൂലം വചനത്തിൽ ജീവിക്കുന്നതിനു സാധിക്കാതെ വരുന്നു. ധനത്തിനും സുഖമോഹങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നവർക്ക് ഒരിക്കലും ദൈവരാജ്യത്തിന്റെ മക്കളായിരിക്കുവാൻ സാധിക്കുകയില്ല.

നമ്മുടെ ജീവിതത്തിൽ വചനം നാം സ്വീകരിക്കേണ്ടത് നല്ല നിലത്തു വീണ വിത്തുപോലെയാണ്. നിയമവർത്തനം 6:6 ൽ പറയുന്നു ഞാനിന്നു കൽപ്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിന്റെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപറ്റി സംസാരിക്കണം. വീട്ടിലായിരിക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെ പറ്റി

സംസാരിക്കണം. നല്ല നിലത്തു വീണ വിത്ത് ഇപ്ര കാരം ആണ്. ദൈവവചനം ഹൃദയത്തോട് ചേർത്ത് ജീവിക്കുക. ദൈവവചനത്തിന് സമൃദ്ധമായ ഫല ങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്ന് ചൊരിയപ്പെടും. വചനകേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കാം.

## പെന്തിക്കോസ്തിക്കുശേഷം 10-ാം ഞായർ മത്താ. 21:28-32

'ശിശുക്കൾ എന്റെ അടുത്ത് വ(ള)രുവാൻ അനു വദിക്കുവിൻ, അവരെ തടയേണ്ട" യേശുതമ്പുരാന്റെ വാക്കുകളുടെ അർത്ഥധ്വനി വളരെ വിശാലമാണ്. അയലത്തെ കുട്ടിയെ കണ്ടോ, അപ്പുറത്തെ മനുവിന് നൂറിൽ നൂറാ മാർക്ക്, ഗോപിയുടെ മകൻ സുന്ദറിന് സ്കോളർഷിപ്പ് കിട്ടി. ഇവിടെ ഒരുത്തനുണ്ടല്ലോ, മണ്ടൻ അവരെ നോക്കി പഠിച്ചാലെന്താ? വീടിന്റെ അകത്തളങ്ങളിൽനിന്നും മുഴങ്ങുന്ന വാക്കുകൾ കേരളീയ സമൂഹത്തിന് പരിചിതങ്ങളാണ്. എൻട്രൻസ് കോച്ചിംഗുകളും ട്യൂഷൻ കോഴ്സുകളും നിരന്തരമായ പരിശീലന പരിപാടികളും കുരുന്നുമ നസ്സുകളെ ഭൗതികതയുടെ വിലങ്ങണിയിക്കുന്ന ഈ കാലഘട്ടത്തിൽ സൺഡേ സ്കൂൾദിനമായ ഇന്ന് നൽകപ്പെട്ട ദൈവവചനത്തിന്റെ അർത്ഥം ധ്യാനിക്കു ന്നത് ഉചിതമാണ്.

പ്രേമാനന്ദ് എന്ന ഭാരതീയ ക്രിസ്ത്യാനിയുടെ ജീവിതത്തിലെ ഒരനുഭവം ഇത്തരുണത്തിൽ എല്ലാ മാതാപിതാക്കൾക്കും അധികാരികൾക്കും മാതൃക യാകും. പ്രേമാനന്ദ് ഒരു ക്രിസ്ത്യാനി ആയപ്പോൾ കുലവും ഗോത്രവും കുടുംബക്കാരും ബന്ധുമിത്രാ ദികളും അദ്ദേഹത്തെ വെറുത്തുപേക്ഷിച്ചു. സ്നേഹ മയിയായ ആ അമ്മ പറഞ്ഞു, "പ്രേമാനന്ദ് അവ രുടെ ഉദരത്തിലായിരുന്ന അവസരത്തിൽ ഒരു മിഷ നറി നൽകിയ സുവിശേഷത്തിന്റെ പുസ്തകം വായി ക്കുവാനിടയായി. ഇപ്പോഴും അവൾ ആദരവോടെ സൂക്ഷിക്കുന്ന സുവിശേഷം വായിച്ചുകഴിഞ്ഞപ്പോൾ ഒരു ക്രിസ്ത്യാനിയാകണം എന്ന ആഗ്രഹമൊന്നും ഉണ്ടായില്ല. എങ്കിലും തന്റെ മകൻ യേശു വിനെപ്പോലെ ആയിരുന്നെങ്കിൽ എന്ന്.

യേശുവിന്റെ വ്യക്തിപ്രഭാവത്തിന്റെയും ദൈവി കപ്രസരണത്തിന്റെയും നിറവിൽ അവിടുത്തെ അനു ഗ്രഹം തങ്ങളുടെ കുട്ടികൾക്കുണ്ടാകണം എന്നാഗ്ര ഹിക്കുന്ന അമ്മമാർ ഇന്നത്തെ തലമുറയ്ക്ക് മാർഗ ദീപമാകണം. മായികമായ ഈ ലോകത്തിന്റെ വശീ കരണത്തെ അതിജീവിച്ച് അനുഗ്രഹത്തിന്റെ വക്താ ക്കളായി കുട്ടികൾ വളരണമെങ്കിൽ അവർക്ക് യേശു വിനെപ്പോലെയാകാൻ സാധിക്കണം. വേദപാഠപു സ്തകത്തിന്റെ പതിനൊന്നാം ക്ലാസിലെ പാഠം ആരംഭിക്കുന്നത് ക്രിസ്തുസാദൃശ്യത്തിലേക്ക് എന്ന ആഹ്വാനവുമായിട്ടാണ്.

കുട്ടികളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപ ദേശത്തിലും വളർത്തുക (എഫേ 6:7) എന്ന് വി. പൗലോസ് ശ്ലീഹാ മാതാപിതാക്കന്മാരെ പഠിപ്പിക്കു ന്നു. കുട്ടികളെ ശിക്ഷിക്കേണ്ടത് അപ്പനമ്മമാരുടെ ദേഷ്യം തീർക്കാൻ വേണ്ടിയാകരുത്. കുട്ടികളെ അവ രുടെ തെറ്റുകൾ ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ട ത്. ബഞ്ചമിൻ മെസ്റ്റ് എന്ന ചിത്രകാരൻ താൻ എങ്ങ നെയാണ് പ്രസിദ്ധനായ ഒരു കലാകാരൻ ആയ തെന്ന് പറയുന്നു. ബാല്യത്തിലൊരിക്കൽ അദ്ദേഹം അമ്മയുടെ ഉടുപ്പിൽ കരികൊണ്ട് ചിത്രം വരച്ചപ്പോൾ വഴക്കുപറഞ്ഞു ശകാരിക്കുന്നതിന് പകരം തിരുത്തു കയും പിറ്റേ ദിവസം തന്നെ കടലാസും പേനയും വാങ്ങിക്കൊടുത്ത് പ്രോത്സാഹിപ്പിച്ചതുമാണ് കാര ണം.

പ്രോത്സാഹിപ്പിക്കുന്നതും തലോടുന്നതും ഒക്കെ മക്കളെ ശരിയായ രീതിയിൽ വളർത്തുന്നതിനായി രിക്കണം. പഴയ നിയമത്തിൽ സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ഏലി എന്ന പുരോഹിത പ്രമുഖ നുണ്ടായ അപചയകാരണം ഇപ്രകാരം വ്യക്തമാ ക്കുന്നു. "മക്കൾ ദൈവദൂഷണം പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാത്തതുമൂലം കുടുംബ ത്തിന്മേൽ എന്നേക്കുമായി ശിക്ഷാവിധി നടത്തുവാൻ പോവുകയാണ് (1 സാമു 3:13). പരിശുദ്ധ കന്യകമ റിയവും യൗസേഫ് പിതാവും യേശുവിനെ ബാല നായിരുന്നപ്പോൾ തിരുനാളിനു കൊണ്ടുപോയിരുന്നു. 12 വയസ്സുള്ളപ്പോൾതന്നെ യേശുവിന് ദേവാലയ പണ്ഡിതന്മാരോട് സംസാരിക്കുവാൻ സാധിച്ചിരുന്നു.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങളെ യേശുവിന്റെ അടു ത്തേക്ക് വളരുന്നതിന് അനുവദിക്കുന്നതിനു പകരം ഈ കാലഘട്ടത്തിൽ മാതാപിതാക്കളും അധികാര സ്ഥാനത്തുള്ളവരും അവരെ തടയുന്ന ശിഷ്യന്മാ രുടെ വേഷം അണിയുകയാണ്. ഭൗതിക ഭദ്രതയും ജോലിസ്ഥിരതയും സ്ഥാനമാനങ്ങളും ഒക്കെ ചെറു പ്രായത്തിൽ തന്നെ കുട്ടികളുടെ ഉള്ളിൽ നിറച്ച് അവ രുടെ നിഷ്കളങ്കതയെ തച്ചുതകർക്കുകയാണ്. പുഞ്ചിരിക്കാൻ സാധിക്കാത്ത ഗൗരവപ്രകൃതരായ ബാലികാബാലന്മാർ ഈ പിരിമുറുക്കത്തിൽ ഞെളി പിരി കൊള്ളുന്നു.

കുഞ്ഞുങ്ങളുടെ കാര്യത്തിൽ മാത്രമല്ല, ഋജുമാ നസരുടെ ദൈവിക വഴിയിൽ തടസമാകുന്ന ഏതൊരു വ്യക്തിയും ദൈവസന്നിധിയിൽ കണക്കു കൊടുക്കേണ്ടി വരും. ശിശുഹൃദയർക്കാണ് സ്വർഗ്ഗ രാജ്യം എന്നും ശിശുക്കളാണ് ദൈവരാജ്യത്തിന്റെ അവകാശികളെന്നും യേശു പ്രഖ്യാപിക്കുമ്പോൾ അത് പ്രായപരിധിയിൽ വരുന്ന ശൈശവാവസ്ഥ മാത്രമല്ലല്ലോ ഉദ്ദേശിക്കുന്നത്. മറിച്ച് ആത്മാവിൽ ദരി ദ്രരായ നിഷ്കളങ്ക ഹൃദയരെയാണ് ഉദ്ദേശിക്കുന്ന ത്. ഇവിടെ ശിശു ഒരു പ്രതീകമാവുകയാണ്. ശിശു മാനസം ദൈവരാജ്യവളർച്ചയുടെ ഉത്തുംഗതയും പുറംതോടിന്റെ കടുപ്പമെല്ലാം ഉരിഞ്ഞുകളഞ്ഞ് നിഷ്കളങ്കതയും നിർമ്മലതയും നേടിയെടുക്കുക എന്നത് ഒരു വളർച്ചാ ഘട്ടമാണ്. യഥാർത്ഥത്തിൽ ഒരു ക്രൈസ്തവൻ ആർജിക്കേണ്ട നൈർമ്മല്യമാണ് ശിശുവെന്ന പ്രതീകം വഴിയായി യേശു പഠിപ്പിക്കു ന്നത്. ആ നിർമ്മലത നേടിയെടുക്കുവാൻ ജ്ഞാന ത്തിലും പ്രായത്തിലും വളർന്നുവന്ന യേശുവിനെ മാതൃകയാക്കാം. യേശുവിലേക്ക് വളരാം. യേശു വായി വളരാം. ദൈവരാജ്യം സ്വന്തമാക്കാം.

**ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്**

# ലോകപരിസ്ഥിതി ദിനം



എം.സി.വൈ.എം. തിരുവല്ല അതിരൂപതയുടെയും ബോധനയുടെയും ആഭിമുഖ്യത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി **വൃക്ഷ സമൃദ്ധി ജൂൺ മാസം 4–ാം തീയതി ശനിയാഴ്ച രാവിലെ 9.30** മുതൽ തിരുവല്ല മേഖലയിലെ പമ്പാ, മണിമല ആറുകളുടെ സംഗമസ്ഥാനമായ കല്ലുങ്കലിൽ പുഴയോരത്ത് എം.സി.വൈ.എം. ബോധന ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ വൃക്ഷങ്ങൾ നട്ട് ആചരിച്ചു.

## K.C.B.C. അവാർഡ്



മികച്ച സൺഡേസ്കൂൾ അധ്യാപികയ്ക്കുള്ള K.C.B.C യുടെ അവാർഡ് നേടിയ തിരുവല്ല അതിരൂപതയിൽ പുളിക്കീഴ് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ഇടവകയിലെ ശ്രീമതി. മേരിക്കുട്ടി കണ്ടത്തിലിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ.


## റവ. ഫാ. ഡോ. മാത്യു മഴുവഞ്ചേരിക്ക് അഭിനന്ദനങ്ങൾ



കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ റിസർച്ച് കൗൺസിലറായി നോമിനേറ്റ് ചെയ്യപ്പെട്ട പുഷ്പഗിരി അക്കാഡമിക് & റിസേഴ്ച്ച് ഡയറക്ടർ റവ. ഫാ. ഡോ. മാത്യു മഴുവഞ്ചേരിയ്ക്ക് അതിരൂപതയുടെ ആശംസകൾ



# Matrimonial



### M-203

മലങ്കര കത്തോലിക്കാ തിരുവല്ല അതിരൂപത കട്ടപ്പന മേഖല യുവതി ( 26/162) MSc B.Ed അധ്യാപികയായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9544362702, 9633255297.

### M-204

Proposals invited for Malankara Catholic girl B.Tech, from kottayam, 25 years, 165 cms - Assistant Manager public sector bank in Kerala. Similarly employed boys from Central Travancore, other than teachers, preferred. Mobile: 9447661037

### M-205

മലങ്കര കത്തോലിക്കാ തിരുവല്ല അതിരൂപത യുവാവ് ( 33/169) BSc Nurse.mumbai-ൽ Asian Cancer Institute- ൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8547395287, 04692695287

### M-206

മലങ്കര കത്തോലിക്കാ തിരുവല്ല അതിരൂപത യുവതി ( 23/158) BSc Nurse നാട്ടിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9495111163, 9526933264


## മെറിറ്റ് ഗ്യാതറിംഗ്

2015–2016 ആദ്ധ്യായനവർഷത്തെ വിശ്വാസപരിശീലന പരീക്ഷാവിജയികളെ അനുമോദിക്കുവാൻ 2016 ജൂൺ 11–ാം തീയതി ശാന്തിനിലയത്തിൽ വച്ച് ചേർന്ന മെറിറ്റ് ഗ്യാതറിംഗിൽ തിരുവല്ലാ അതിരൂപതാ വികാരി ജനറാൾ ബഹു. മോൺ. ആന്റണി ചെത്തിപ്പുഴ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

# ഒന്നാം ചരമവാർഷികം

07 – 08 – 2016

ഭാഗ്യാ
ദൈവസുതാ
നിന്നെ
ശുശ്രൂഷിച്ചോരു
വൈദികരെ
നിന്നാഗമന
മഹാനാളിൽ
ഓർത്തു
മുഖപ്രഭ
ഏകേണമേ



ഓർമ്മകുർബ്ബാന 7.30 എ.എം.
അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത
(മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്)
കബറിങ്കൽ ധൂപപ്രാർത്ഥന

പൂഴിക്കുന്ന് തിരുഹൃദയ മലങ്കര
സുറിയാനി കത്തോലിക്കാ
ദൈവാലയത്തിൽ

## Rt. Rev. Mathews Chamakalayil Remban

Ordination : 05-01-1972
Remban : 02-07-2014
Death : 07-08-2015

സ്നേഹസ്മരണകളോടെ
സഹോദരങ്ങൾ
കുടുംബാംഗങ്ങൾ
ബന്ധുക്കൾ



# IInd Anniversary in Heaven

26-06-2016

## ബേബി വറുഗീസ്

തൊട്ടിയിൽ, വാളക്കുഴി

പ്രാർത്ഥനാപുഷ്പങ്ങൾ
അർപ്പിച്ചുകൊണ്ട്
സ്നേഹസ്മരണകളോടെ

Loving Family,
Relatives & Friends



## സ്വർഗ്ഗകനാനിൽ 30 വർഷം

പാവനസ്മരണയ്ക്ക്

# ഫാ.ജേക്കബ് അയന്തിയിൽ
# (ശാസ്ത്രി അച്ചൻ)

| | | |
|---|---|---|
| ജാതനവതി | : | 15/03/1927 |
| തിരുപ്പട്ടം | : | 25/03/1957 |
| മരണം | : | 08/07/1986 |

by
ayanthiyil family






തിരുവല്ല പാലത്തിങ്കൽ രഞ്ജൻ അലക്സാണ്ടറിന്റെയും ജെസ്സി രഞ്ജന്റെയും മകൻ **റോണി അലക്സാണ്ടറും** ചെങ്ങന്നൂർ പ്രയാറ്റിയേത്ത് പുത്തൻവീട്ടിൽ പി.എസ്.മോഹനന്റെയും അന്നമ്മ തോമസിന്റെയും മകൾ **മിന്റു എലിസബേത്ത് മോഹനനും** തമ്മിലുള്ള വിവാഹം **2016 മെയ് 22-ാം തീയതി** സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് **റവ. ഫാ. കുര്യൻ തോണ്ടുകുഴി O.I.C** അച്ചന്റെ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.



Date of Publication: 28-05-2016
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**July 2016**




**നിരണം തിട്ടേൽ ചാക്കോ ചാക്കോയുടെയും ഏലിയാമ്മ ചാക്കോയുടെയും മകൻ ഡോ. ജോമ്സി ചാക്കോയും റാന്നി കുറ്റിയിൽ ജോയി മാത്യുവിന്റെയും ജോളി മാത്യുവിന്റെയും മകൾ ഡോ. മെർലിൻ മാത്യുവും തമ്മിലുള്ള വിവാഹം 2016 ജൂൺ 2 – ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.**




ചെത്തോങ്കര നിരവേൽ പരേതനായ N.A തോമസിന്റെയും റോസമ്മ തോമസിന്റെയും മകൻ **വിൽസൺ ഏബ്രഹാം തോമസും** ഉല്ലാസ് നഗർ, സെന്റ് തോമസ് ഇടവകയിൽ പരേതനായ ജോസഫിന്റെയും ബേബി ജോസഫിന്റെയും മകൾ **ഫെബി ജോസഫും** തമ്മിലുള്ള വിവാഹം **2016 ജൂൺ 11 – ാം തീയതി** ചെത്തോങ്കര ക്രിസ്തുരാജ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് **റവ. ഫാ. രഞ്ജിത്ത് ആലുങ്കലിന്റെ** മുഖ്യ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*